# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## രാമനാട്ടുകര മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി:
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
രാമനാട്ടുകര മുനിസിപ്പാലിറ്റി

സർ,

വിഷയം : രാമനാട്ടുകര മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമനാട്ടുകര മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്.
5. കാര്യാലയ പ്രതി.

നമ്പർ: തീയ്യതി:

## കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-12-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സിനി.എം വി | ജോയിന്റ് ഡയറക്ടർ | 17-03-2023 | 29-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-03-2023 | 29-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി.ഷൈന. എ കെ , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ദിശ. ആർ കെ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അനൂപ്. കെ വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.വിജേഷ്. കെ കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബുഷ്റ റഫീഖ് | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീമതി ജസിത പി.ജെ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ ബിജ്ന അശോകൻ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2021 | 01-06-2021 |
| ഡോ. സുമംഗല. ഇ ടി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-06-2021 | 09-03-2022 |
| ഡോ പ്രിൻസി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. രമ്യ | കൃഷി ഓഫീസർ | 01-04-2021 | 05-01-2022 |
| ശ്രീ. സായൂജ്. വി | കൃഷി ഓഫീസർ | 05-01-2022 | 31-03-2022 |
| ശ്രീമതി. ബിന്ദു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 27-11-2021 |
| ശ്രീമതി.ഷൈന കെ പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 27-11-2021 | 31-03-2022 |
| ശ്രീ ബാബു ഇ | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 01-04-2021 | 31-03-2022 |
| ശ്രീ ദിനേഷ് കുമാർ എം | അസി.എഞ്ചിനീയർ | 01-04-2021 | 26-07-2021 |
| ഹിരൺ ടി | അസി.എഞ്ചിനീയർ | 26-07-2021 | 31-03-2022 |
| ഡോ ഇന്ദിര | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 10-12-2021 |
| ഡോ. ഹീര എ പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 10-12-2021 | 31-03-2022 |
| ശ്രീ.അബ്ദുൾ ഖാദർ | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി സിനില ഉണ്ണികൃഷ്ണൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 01-10-2021 |
| ശ്രീ. സനിൽ കുമാർ പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-10-2021 | 31-03-2022 |
| ശ്രീമതി. ബിന്ദു | എസ്.സി ഡെവലപ്മെന്റ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.സുനീർ | ഫിഷറീസ് എക്സ്റ്റൻഷൻ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ.രാജേഷ് കുമാർ | പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | ക്ഷേമപദ്ധതികൾ | 1-5 |
| 6 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1- 6 |
| 7 | പദ്ധതി അവലോകനം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | വാർഷിക കണക്കിലെ അപാകതകൾ. | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമല്ല. | 1-10 |
| 11 | മുനിസിപ്പാലിറ്റി വസ്തു നികുതി പരിഷ്കരണം- കേസ് നടത്തിപ്പിൽ ഗുരുതര വീഴ്ച | 1-11 |
| 12 | യഥാർത്ഥ വസ്തുത മറച്ചു വച്ച് ഒക്യൂപ്പൻസി വാങ്ങിയ കെട്ടിടത്തിന് ഡീംഡ് ഒക്യൂപ്പൻസി നൽകാനുള്ള ട്രിബ്യൂണൽ വിധിയ്ക്കെതിരെ നഗരസഭ അപ്പീൽ പോവാതെ ഒക്യൂപ്പൻസി അനുവദിച്ചു. | 1-12 |
| 13 | വെറ്റ് ലാന്റിൽപ്പെട്ട റസിഡൻഷ്യൽ കെട്ടിടത്തിന്റെ ഒക്യൂപ്പൻസി വാണിജ്യകെട്ടിടമാക്കി മാറ്റി നൽകി | 1-13 |
| 14 | മത്സ്യ മാർക്കറ്റ് ഫീ പിരിക്കുന്നില്ല | 1-14 |
| 15 | മുനിസിപ്പാലിറ്റി ടൗൺ പ്ലാനിങ്ങിന്റെ സ്ഥല പരിശോധനയില്ലാതെ കെട്ടിട മുറി സ്പ്ളിറ്റ് ചെയ്ത് നമ്പറുകൾ നൽകി | 1-15 |
| 16 | ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം -ലേലനടപടികളിലെ വീഴ്ച കാരണം പ്രവർത്തനം നിർത്തി വച്ചു | 1-16 |
| 17 | തൊഴിൽ നികുതി- അപാകതകൾ | 1-17 |
| 18 | IFTE&OS ലൈസൻസ്- അപാകതകൾ | 1-18 |
| 19 | ഷോപ്പിങ്ങ് കോംപ്ലക്സ് കെട്ടിടം പൊളിച്ചുമാറ്റാനുള്ള തീരുമാനത്തിൽ തുടർനടപടികൾ സ്വീകരിക്കാത്തതിനാൽ വാടകയിനത്തിൽ വൻ നഷ്ടം | 1-19 |
| 20 | ഷോപ്പിങ്ങ് കോംപ്ലക്സ് വാടകയിനത്തിൽ വൻ കുടിശ്ശിക | 1-20 |
| 21 | പരുത്തിപ്പാറ വായന ശാല കെട്ടിടത്തിലെ വാടക നഷ്ടപ്പെടുത്തുന്നു | 1-21 |
| 22 | ഇ-ടെണ്ടർ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ, നഗരസഭ അക്കൗണ്ടിലേക്ക് ലഭ്യമാകുന്നില്ല. | 1-22 |
| 23 | ഓഡിറ്റ് നിർദ്ദേശം നൽകിയിട്ടും നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല | 1-23 |

| | | |
|---|---|---|
| 24 | പെൻഷൻ ഫണ്ട് വിഹിതം അടക്കുന്നതിൽ വീഴ്ച | 1-24 |
| 25 | ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയില്ല | 1-25 |
| 26 | സർക്കാർ അനുമതി നൽകിയ ലിസ്റ്റിലില്ലാത്ത ഫർണ്ണിച്ചറുകൾ പൊതുമേഖലാ സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങി | 1-26 |
| 27 | പ്രോജക്ടുകൾ ലക്ഷ്യം കൈവരിച്ചില്ല. | 1-27 |
| 28 | വരൾച്ചാ ദുരിതാശ്വാസ കുടിവെള്ള വിതരണം- നിർവ്വഹണത്തിലെ അപാകതകൾ | 1-28 |
| 29 | കേരള വാട്ടർ അതോറിറ്റിയുടെ കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ധനസഹായം അനുവദിച്ചു. | 1-29 |
| 30 | സമീപ പഞ്ചായത്തിലെ ഗുണഭോക്താവിന് മത്സ്യകൃഷിക്ക് ധനസഹായം നൽകി | 1-30 |
| 31 | ചുമതലയിൽപ്പെടാത്ത എയ്ഡഡ് സ്കൂളുകൾക്കും ധനസഹായം നൽകി | 1-31 |
| 32 | വിവിധ റോഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ - വിനിയോഗ വിവരം ലഭ്യമല്ല. | 1-32 |
| 33 | ഇന്റലിജന്റ് മുനിസിപ്പാലിറ്റി ജി.ഐ.എസ് മാപ്പിംഗ് സർവ്വേ - ഐ.കെ.എം സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിച്ചില്ല. | 1-33 |
| 34 | വനിതാ ഘടകപദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ | 1-34 |
| 35 | മരുന്നുകൾ മുഴുവൻ ലഭ്യമായില്ല | 1-35 |
| 36 | ചെലവ് തുക മുഴുവൻ കരാറുകാർക്ക് അനുവദിക്കുന്നു | 1-36 |
| 37 | പദ്ധതി നടത്തിപ്പിന് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന് പ്രവർത്തി അനുവദിക്കാത്തത് മൂലം നഷ്ടം | 1-37 |
| 38 | മുണ്ടങ്ങോട്ട് മഠത്തിൽ പടി റോഡ് റിഫോർമേഷൻ ആന്റ് പാച്ച് വർക്ക്- പദ്ധതി നടത്തിപ്പിൽ അധിക തുക ചെലവഴിച്ചു | 1-38 |
| 39 | കോടിയാട്ട് ഹരിജൻ കോളനി റോഡ് റിഫോർമേഷൻ ആന്റ് പാച്ച് വർക്ക്- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-39 |
| 40 | കരാർ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിന് കരാറുകാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല | 1-40 |
| 41 | മതിയായ വിശകലനമില്ലാതെ ആദ്യ സിംഗിൾ ടെണ്ടർ നിരസിക്കുന്നത് - പഞ്ചായത്തിന് അധിക ചെലവിനു കാരണമാകുന്നു | 1-41 |
| 42 | റിഫോർമേഷൻ ചാർജ് ലഭ്യമായതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് | 1-42 |
| 43 | ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക നൽകിയതിലെ അപാകതകൾ | 1-43 |
| 44 | നഗര സഞ്ചയ ഫണ്ട് വിനിയോഗിച്ചില്ല | 1-44 |
| 45 | എം.ബുക്ക് സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-45 |

| | | |
|---|---|---|
| 46 | സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി തസ്തികകൾ സൃഷ്ടിക്കുന്നു | 1-46 |
| 47 | സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട അപാകതകൾ | 1-47 |
| 48 | മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല | 1-48 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന് പ്രവർത്തി അനുവദിക്കാത്തത് മൂലം നഷ്ടം | 3-1 |
| 2 | മുണ്ടങ്ങോട്ട് മഠത്തിൽ പടി റോഡ് റിഫോർമേഷൻ ആന്റ് പാച്ച് വർക്ക്- പദ്ധതി നടത്തിപ്പിൽ അധിക തുക ചെലവഴിച്ചു | 3-2 |
| 3 | കോടിയാട്ട് ഹരിജൻ കോളനി റോഡ് റിഫോർമേഷൻ ആന്റ് പാച്ച് വർക്ക്- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-3 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ. | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4- 9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

രാമനാട്ടുകര നഗരസഭയുടെ 2021-22 വർഷത്തെ ബജറ്റ് 26.02.2021 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 26.03.2022 ലെ 1/1 നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കി. 2021-22 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 24430171 |
| വരവ് | 276133864 |
| ആകെ | 300564035 |
| ചെലവ് | 289163954 |
| നീക്കിയിരിപ്പ് | 11400081 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 31.7.2021 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 46537605 |
| വരവ് | 148621718 |
| ആകെ | 195159323 |
| ചെലവ് | 166144908 |
| നീക്കിയിരിപ്പ് | 29014415 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം (A) | മുന്നിരിപ്പ് (B) | വരവ് (C) | ആകെ (D) | ചെലവ് (E) | ചെലവഴിക്കാത്ത തുക (F= D-E) |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (എ. സി. ആർ പ്രകാരം) | 0 | 16245200 | 16245200 | 16245200 | 0 |
| വികസന ഫണ്ട് – എസ്.സി.പി (എ. സി. ആർ പ്രകാരം) | 0 | 13068000 | 13068000 | 13068000 | 0 |
| വികസന ഫണ്ട് – ടി.എസ്.പി (എ. സി. ആർ പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (എ. സി. ആർ പ്രകാരം) | 0 | 6437124 | 6437124 | 2478617 | 3958507 |
| മെയിന്റനൻസ്, നോൺ-റോഡ് (എ. സി. ആർ പ്രകാരം) | 0 | 5606977 | 5606977 | 3738651 | 1868326 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ട്രഷറി മുഖേന) | 0 | 3870500 | 3870500 | 3870500(transfered To PFMS Account) | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് ( PFMS മുഖേന) | 0 | 7741000 | 7741000 | 7407491 | 333509 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 2268628 | 2268628 | 1383625 | 885003 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (PFMS മുഖേന) | 0 | 11611000 | 11611000 | 11288073 | 322927 |

1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം. തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചപ്പോൾ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള ഫണ്ടുകളുടെ അലോക്കേഷനും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-5 ക്ഷേമപദ്ധതികൾ

മുനിസിപ്പാലിറ്റിയിൽ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2811600 | 176 |
| വിധവാ പെൻഷൻ | 19125200 | 1219 |
| വാർദ്ധക്യകാല പെൻഷൻ | 40954600 | 2924 |
| വികലാംഗ പെൻഷൻ | 5320000 | 349 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1509400 | 102 |
| വിവാഹ ധനസഹായം | 240000 | 8 |

1- 6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - അവലോകനം

2021-22 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 358 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 358 പദ്ധതികളിൽ 202 എണ്ണവും പൂർത്തീകരിച്ചു. തൻവർഷം 50471 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 735 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു.

തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ .

1. വെള്ളപ്പൊക്കെട്ടുള്ള റോഡുകൾ സഞ്ചാരയോഗ്യമാക്കൽ

2. തരിശ് ഭൂമികൾ കൃഷിക്ക് അനുയോജ്യമാക്കൽ

3. മാലിന്യ സംസ്കരണ പ്രവൃത്തികൾ,

4. പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം

5. നഗരസഭയിലെ ഇടവഴികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ

6. ക്ഷീര കർഷകർക്ക് 100 തൊഴിൽ ദിനം

2021-22 വർഷത്തെ ക്യാഷ്ബുക്ക് പ്രകാരമുള്ള വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുക

| മുന്നിരിപ്പ് | | |
|---|---|---|
| വരവ് | 2020-21 അലോട്ട്മെന്റ് | 1916356 |
| | ബാങ്ക് പലിശ | 108453 |
| | ആകെ വരവ് | 21367257 |
| ആകെ (മുന്നിരിപ്പും വരവും ഉൾപ്പെടെ) | | 23392066 |
| ചെലവ് | വേതനം | 14635930 |
| | സാധന ഘടകം | 3132850 |
| | ശമ്പളം(ഭരണച്ചെലവ്) | 667746 |
| | മറ്റു ചെലവ് | 3057174 |
| | ആകെ ചെലവ് | 21493700 |
| നീക്കിയിരിപ്പ് | | 1898366 |

## 1-7 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 248 | 120105998 | 187 | 80958232 | 146 | 61 | 58.87% |

ഡി.പി.സി. അഗീകാരം ലഭിച്ച 248 പ്രൊജക്ടുകളിൽ 187എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 120105998/-രൂപ വകയിരുത്തിയതിൽ 80958232/-രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 18554080/-രൂപ തനതു ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. വാർഷിക പദ്ധതി രൂപീകരിക്കുന്നതിന്റെ അടിസ്ഥാന രേഖയായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനോ പദ്ധതി മോണിട്ടറിംഗ് നടത്തുന്നതിനോ വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല.

ഡി.പി.സി.അംഗീകാരം ലഭിച്ച 132 മരാമത്തു പ്രൊജക്ടുകളിൽ 91 പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. പല ഫണ്ടുകളിൽ നിന്നായി പൊതുമരാമത്ത് പ്രോജക്ടുകൾക്ക് ആകെ 5106811 9/-രൂപ വകയിരുത്തിയതിൽ 35162033/- രൂപയാണ് 2021-22 വർഷത്തിൽ ചെലവഴിച്ചത്. അതായത് 68.85 ശതമാനം തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. പദ്ധതികളുടെ നടത്തിപ്പിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കുടുതൽ കാര്യക്ഷമമാക്കുവാനും ഫണ്ട് നഷ്ടപ്പെടുന്ന അവസ്ഥ ഒഴിവാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 27.03.2023 ന് 05.00 PM മണിക്ക് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 241104/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 വാർഷിക കണക്കിലെ അപാകതകൾ.

രാമനാട്ടുകര നഗരസഭയുടെ 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വിവിധ ഡി.സി.ബി രജിസ്റ്ററുകളിൽ (തൊഴിൽനികുതി, ലൈസൻസ് ഉടങ്ങിയവ) വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. സഞ്ചയയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. ആയതിനാൽ Income &Expenditure 1-1 ,1-3 ഷെഡ്യൂളുകളുമായി പൊരുത്തപ്പെടുത്താൻ സാധിച്ചിട്ടില്ല.

2. ട്രേഡേഴ്സ് തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ തൻവർഷം ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമല്ല.

4. വാർഷിക കണക്ക് ഷെഡ്യൂൾ ബി-7 പ്രകാരം 33,44,482/- രൂപ ഡെപ്പോസിറ്റ് ഇനത്തിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മേൽ തുകയുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

5. വാർഷിക കണക്ക് ഷെഡ്യൂൾ ബി-18 പ്രകാരം 31.03.2022 ന് 45,23,327/- രൂപ അഡ്വാൻസ് ഇനത്തിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മേൽ തുകയുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

6. ലോൺ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള തുകയുടെ കൃത്യത ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല.

7. തൻവർഷത്തെ ഇ – ടെണ്ടർ മുഖേന ലഭിച്ച ടെണ്ടർ ഫോമുകളുടെ വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല.

8. വാർഷികകണക്ക് B-14 ഷെഡ്യൂൾ പ്രകാരം സ്റ്റോർസ് നീക്കിയിരിപ്പ് 548925/- രൂപ ഉണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

9. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-16 ഷെഡ്യൂൾ പ്രകാരം പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

10. വാർഷിക കണക്ക് ഷെഡ്യൂൾ ബി-9ൽ Contribution To Central Pension Fund Payable എന്ന ശീർഷകത്തിൽ 405175/- രൂപ പെൻഷൻ ഫണ്ടിലേക്ക് അടയ്ക്കാൻ ബാധ്യതയുള്ളതായി കാണുന്നു. എന്നാൽ ഇത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല

11. വാർഷിക കണക്കിൽ, അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് പരിഹരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്

1-10 ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമല്ല.

നഗരസഭയുടെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ നഗരസഭയുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ അഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

9-3-22 ലെ 2/2022 ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് കൃത്യമായി ഉത്തരവാദിത്തങ്ങൾ വിഭജിച്ചു നൽകിയിട്ടുണ്ട്. സെക്രട്ടറിയുടെ ചുമതലാ നിർണ്ണയം/അധികാര വിഭജനം സംബന്ധിച്ച എ4/7116/18 H ഫയൽ പരിശോധിച്ചപ്പോൾ 12-10-2021 ലെ A4-7116 നം ഉത്തരവ് മുഖേന

സെക്രട്ടറി തന്റെ ചില ചുമതലകൾ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഏൽപ്പിച്ചു കൊടുത്തിട്ടുണ്ട് (ഡെലിഗേറ്റ് ചെയ്ത് നൽകിയിട്ടുണ്ട്) . 16-10-21 ലെ Ae/lsgd/rtkara/2021-22 കത്ത് മുഖേന എഞ്ചിനീയറിംഗ് വകുപ്പിന്റെ മേധാവി ചീഫ് എഞ്ചിനീയർ ആണെന്നും ആയതിനാൽ ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം ലഭ്യമാവുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്നും സെക്രട്ടറിയെ അറിയിക്കുകയാണ് ചെയ്തിരിക്കുന്നത്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 50(2) പ്രകാരം സർക്കാരോ മുനിസിപ്പാലിറ്റിയോ നൽകുന്ന ഏതെങ്കിലും നിർദ്ദേശങ്ങൾക്കോ ചുമത്തുന്ന നിയന്ത്രണങ്ങൾക്കോ വിധേയമായി, സെക്രട്ടറിക്ക് രേഖാമൂലമുള്ള ഉത്തരവു വഴി മുനിസിപ്പാലിറ്റിയുടെ ഏതെങ്കിലും ഉദ്യോഗസ്ഥനെയോ ജീവനക്കാരനെയോ ഏൽപ്പിച്ചു കൊടുക്കാവുന്നതും അയാൾ അങ്ങനെയുള്ള ചുമതല നിർവ്വഹിക്കുവാൻ ബാധ്യസ്ഥനായിരിക്കുന്നതുമാണ്. ആയതിനാൽ തന്നെ ആക്ടിന് വിധേയമായും സർക്കാർ ഉത്തരവുകൾ പ്രകാരവും മുനിസിപ്പാലിറ്റിയിൽ എഞ്ചിനീയർ കൃത്യമായും ചെയ്യേണ്ട ഉത്തരവാദിത്തങ്ങൾ ഉത്തരവു മുഖേന അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഏൽപ്പിച്ചു നൽകേണ്ടതാണ്. പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം നഗരസഭ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല. 2021-22 ൽ 14-7-21, 22-10-21 എന്നിങ്ങനെ 2 തവണ മാത്രമേ സ്റ്റാഫ് മീറ്റിംഗ് വിളിച്ചു കൂട്ടിയിട്ടുള്ളൂ. മേൽനോട്ട സംവിധാനത്തിലെ അഭാവം മൂലം നഗരസഭയിലെ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ചട്ടപ്രകാരമുള്ള നിരക്കിൽ ഒടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾക്കായി ഖ-1-24 കാണുക. മുനിസിപ്പാലിറ്റിയിൽ സൂക്ഷിക്കേണ്ട വിവരാവകാശ രജിസ്റ്ററിൽ ആവശ്യമായ വിവരം ചേർത്ത് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. 2021-22 ൽ പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസിൽ വരുന്ന പരാതികൾ അതത് സെക്ഷനുകൾക്ക് കൈമാറി സെക്ഷൻ ഫയലായി സൂക്ഷിക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. ആയതിനാൽ മുനിസിപ്പാലിറ്റിയിൽ ഒരു പ്രത്യേക കാലാവധിയിൽ വന്ന പരാതികൾ ഏതൊക്കെയാണെന്ന് കൃത്യമായി കണ്ടെത്താനാവില്ല. സൂചികയിലെ ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ പരിശോധിച്ചപ്പോൾ തപാലുകൾ പലപ്പോഴും ബന്ധപ്പെട്ട സെക്ഷനുകൾ കൈപ്പറ്റി ഒപ്പ്, തീയ്യതി എന്നിവ രേഖപ്പെടുത്തി കാണുന്നില്ല. ഡി.സി.ബി. രജിസ്റ്ററുകളിൽ വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിലും വീഴ്ച ഉണ്ടായിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം, ഇനം, ഏതൊക്കെ പോസ്റ്റുകളിൽ സ്ഥാപിച്ചു എന്നിവ കാണിക്കുന്ന സ്ട്രീറ്റ് ലൈറ്റ് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓരോ വർഷവും പദ്ധതി പ്രകാരം വാങ്ങിക്കുന്ന ഫർണ്ണിച്ചറുകൾ സ്ഥാപനത്തിന്റെ നിലവിലുള്ള ഫർണ്ണിച്ചർ സ്റ്റോക്കിലെടുത്ത് ഇഷ്യൂ കാണിക്കേണ്ടതിനു പകരം പദ്ധതി പ്രകാരം വാങ്ങിയ എല്ലാ സാധനങ്ങളും സ്റ്റോക്കിലെടുക്കുന്ന പൊതുവായ സ്റ്റോക്ക് രജിസ്റ്ററിലാണ് സ്റ്റോക്ക് രേഖപ്പെടുത്തിയിരിക്കുന്നത്. കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സോഫ്റ്റ്‌വെയറുകൾ എന്നിവ വാങ്ങുമ്പോഴും ഇപ്രകാരം തന്നെയാണ് സ്റ്റോക്ക് രേഖപ്പെടുത്തുന്നത്. 24-9-2010 ലെ 86/2010/ഫിൻ സർക്കുലർ പ്രകാരം ധനവകുപ്പ് നിർദ്ദേശിച്ച രീതിയിലുള്ള സോഫ്റ്റ് വെയർ, ഹാർഡ് വെയർ എന്നിവ പ്രത്യേകം രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. നഗരസഭ കക്ഷിയായ കേസുകളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്ന സ്യൂട്ട് രജിസ്റ്ററിൽ കൃത്യമായി വിവരങ്ങൾ ചേർക്കാത്തതിനാൽ കേസുകളുടെ സ്വഭാവം, നിലവിലെ അവസ്ഥ, കേസുകളുടെ എണ്ണം, അന്തിമ വിധി എന്നിവയെക്കുറിച്ചുള്ള വിവരങ്ങളൊന്നും ലഭ്യമല്ല എന്നത് കേസുകളുടെ തുടർനടപടികൾ കൃത്യമായി നിരീക്ഷിക്കുന്നതിന് തടസ്സമാകുന്നു. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ നഗരസഭയുടെ ഭാഗത്തു നിന്നും കാര്യമായ നടപടികൾ ഉണ്ടായിട്ടില്ല. 1999- 2000 മുതൽ 2020-21 വരെ വിവിധ റിപ്പോർട്ടുകളിലായി 508 പരാമർശങ്ങൾ നിലവിൽ പരിഹരിക്കാതെ അവശേഷിക്കുന്നു. ഏറ്റവും അവസാനമായി പുറപ്പെടുവിച്ച 19-20, 20-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് പോലും പ്രഥമ മറുപടി ലഭ്യമാക്കിയിട്ടില്ല.

നഗരസഭയുടെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള മുനിസിപ്പാലിറ്റി നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന

നടപടിക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തതമൂലം നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാകാൻ ഇടയാകുന്നു. മുനിസിപ്പാലിറ്റിയുടെ വസ്തുനികുതി പരിഷ്കരണം സ്റ്റേ ചെയ്ത ഹൈക്കോടതി വിധിക്കെതിരെ സ്റ്റേ നീട്ടികിട്ടുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതിലുള്ള വീഴ്ച വർഷം തോറും കോടിക്കണക്കിന് രൂപയുടെ വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. വിശദാംശങ്ങൾക്കായി ഖണ്ഡിക 1-11 കണ്ടാലും.

നഗരസഭയിൽ 5 ക്ലാർക്ക്, 5 സീനിയർ ക്ലാർക്ക് തസ്തികകളാണ് നിലവിലുള്ളത്. ക്ലാർക്കുമാരിൽ നിലവിൽ സസ്പെൻഷനിലായ ഒരാൾ ഉൾപ്പെടെ 2 തസ്തികകൾ വേക്കന്റ് ആണ്. ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ഡി & ഒ, ശുചിത്വം തുടങ്ങി നഗരസഭയെ ചുമതല എൽപിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ നഗരസഭയുടെ തുടർനടപടി ഇല്ലാതിരിക്കുകയും, ആയതു കൊണ്ടു തന്നെ നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. വിശദാംശങ്ങൾക്കായി ഖ 1-15, 1-19 എന്നിവ കാണുക .

22-23 വർഷം മുതൽ ഭരണസമിതി മിനുട്സ് സകർമ്മയിൽ തയ്യാറാക്കി തുടങ്ങിയിട്ടുണ്ട്. 21-22 വർഷത്തെ മിനുട്സ് ബുക്ക് പരിപാലനത്തിലും അപാകതകൾ സംഭവിച്ചിട്ടുണ്ട്. 5-7-21 ലെ ഭരണസമിതി മിനുട്സിൽ 6-ാം നമ്പർ തീരുമാനം എഴുതാതെ തീരുമാന നമ്പർ മാത്രമിട്ട് എഴുതാനുള്ള സ്ഥലം ഒഴിച്ചിട്ടിരിക്കുന്നു. പലപ്പോഴും മിനുട്സിൽ തീരുമാനങ്ങളെഴുതിയശേഷം മിനുട്സ് ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. 5-7-21, 23-6-21, 3-6-21, 19-5-21, 28-4-21, 20-4-21 എന്നീ തീയ്യതികളിലെ മിനുട്സ് ഇതിനുദാഹരണങ്ങളാണ്. വികസന സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സും ഇപ്രകാരം തീരുമാനങ്ങളെഴുതിയശേഷം ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. 17-4-21 മുതൽ 26-3-22 വരെയുള്ള 19 മീറ്റിംഗുകളിലെ തീരുമാനങ്ങൾ എഴുതി പൂർത്തിയാക്കുകയോ ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. മിനുട്സ് ബുക്ക് ഇപ്രകാരം നിസ്സാരമായി കൈകാര്യം ചെയ്യുന്നത് മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥകളുടെ ഗുരുഗതരമായ ലംഘനമാണ്.

മേൽ അപാകതകൾ പരിഹരിച്ച്, അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-11 മുനിസിപ്പാലിറ്റി വസ്തു നികുതി പരിഷ്കരണം- കേസ് നടത്തിപ്പിൽ ഗുരുതര വീഴ്ച

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം രാമനാട്ടുകര ഗ്രാമപഞ്ചായത്ത് (നിലവിൽ നഗരസഭ) പരിധിയിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി 2013 ഏപ്രിൽ 1 മുതൽ പുതുക്കിയ നിരക്കിൽ (പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ) പ്രാബല്യത്തിൽ വന്നു. 2013-14 സാമ്പത്തിക വർഷത്തിൽ പഴയ നികുതി നിരക്കിൽ വസ്തുനികുതി 100 ശതമാനം പിരിച്ചെടുത്തതിന് ശേഷമാണ് പുതുക്കിയ നിരക്കിൽ വസ്തുനികുതി ഗ്രാമ പഞ്ചായത്തിൽ നിലവിൽ വന്നത്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 233 പ്രകാരമാണ് നഗരസഭകളിൽ വസ്തുനികുതി ഈടാക്കി വരുന്നത്. 2011 ൽ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതി സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നു. 01-11-2015 മുതൽ രാമനാട്ടുകര ഗ്രാമപഞ്ചായത്ത് നഗരസഭയായി. നഗരസഭാ കൗൺസിലിന്റെ 18-02-2016 ലെ 01/1(16) നമ്പർ തീരുമാന പ്രകാരം നഗരസഭ പരിധിയിലുള്ള കെട്ടിടങ്ങളുടെ പുതുക്കിയ വസ്തുനികുതി നിരക്കുകൾ (2011 ൽ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതി സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടപ്രകാരമുള്ള) 01.04.2016 മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിന് തീരുമാനമെടുത്തു.

എന്നാൽ നഗരസഭാ കൗൺസിലിന്റെ 18-02-2016 ലെ 01/1(16) നമ്പർ നികുതി പരിഷ്കരണ തീരുമാനത്തിനെതിരെ മുനിസിപ്പാലിറ്റിയിലെ കെട്ടിട ഉടമസ്ഥരായ ഡോ.എം.പി.അബൂബക്കർ ഉൾപ്പെടെ 52 പേർ കേരള ഹൈക്കോടതിയിൽ സംസ്ഥാന സർക്കാരിനെ ഒന്നാം കക്ഷിയാക്കിയും രാമനാട്ടുകര

മുനിസിപ്പാലിറ്റിയെ രണ്ടാം കക്ഷിയാക്കിയും കേസ് (Wp(c) No. 14642/2016) ഫയൽ ചെയ്യുകയും 08-04-2016 ൽ വർദ്ധിപ്പിച്ച വസ്തുനികുതി ഈടാക്കുന്നത് രണ്ട് മാസത്തേയ്ക്ക് ഹൈക്കോടതി സ്റ്റേ ചെയ്യുകയും ചെയ്തു. രണ്ട് മാസത്തിന് ശേഷം വാദം കേട്ട കോടതി 08-07-2016 ൽ, മുനിസിപ്പാലിറ്റിയുടെ 18-02-2016 ലെ നികുതി പരിഷ്കരണ തീരുമാനപ്രകാരമുള്ള എല്ലാ നികുതി പരിഷ്കരണ നടപടികളും മറ്റ് ഉത്തരവുകൾ ഉണ്ടാകുന്നത് വരെ സ്റ്റേ ചെയ്തു.

മുനിസിപ്പാലിറ്റിയിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട കേസ് ഫയൽ, സ്യൂട്ട് രജിസ്റ്റർ എന്നിവയുടെയും കേസ് സംബന്ധിച്ച് കേരള ഹൈക്കോടതിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ കൊടുത്തിരിക്കുന്ന വിവരങ്ങളുടെയും അടിസ്ഥാനത്തിൽ കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്നും സ്റ്റാന്റിംഗ് കൗൺസലിന്റെ ഭാഗത്തുനിന്നും ഉണ്ടായതായി ഓഡിറ്റ് കണ്ടെത്തിയ ഗുരുതര അനാസ്ഥകൾ ചുവടെ കൊടുക്കുന്നു.

1) മുനിസിപ്പാലിറ്റിയുടെ നികുതി പരിഷ്കരണ നടപടികൾ സ്റ്റേ ചെയ്ത കേരള ഹൈക്കോടതിയുടെ Wp(c) 14642/2016 നമ്പർ കേസിലെ 08-07-2016 ലെ സ്റ്റേ എക്സ്റ്റന്റ് ചെയ്ത വിധി വന്ന് ആറ് വർഷം കഴിഞ്ഞിട്ടും സ്റ്റേ നീക്കിക്കിട്ടിയിട്ടില്ല. മുനിസിപ്പാലിറ്റിയുടെ വരുമാനത്തിൽ കോടികളുടെ നഷ്ടം ഇതിനാൽ ഓരോ വർഷവും സംഭവിച്ചുകൊണ്ടിരിക്കുന്നു.

2) കേസ് ഫയൽ പ്രകാരം പ്രസ്തുത കേസ് നടന്ന 2016 കാലയളവ് മുതൽ 01-08-2021 വരെ ഈ കേസിന്റെ ഹൈക്കോടതിയിലെ മുനിസിപ്പാലിറ്റിയുടെ സ്റ്റാന്റിംഗ് കൗൺസിലായിരുന്ന അഡ്വ.ശശിധരനോ അദ്ദേഹത്തിന്റെ ഓഫീസിൽ നിന്നോ 2016 ൽ സ്റ്റേ ആയ കേസിലെ സ്റ്റേ വെക്കേറ്റ് ചെയ്ത് കിട്ടുന്നതിനായി കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്യുകയോ സ്റ്റേ വെക്കേറ്റ് ചെയ്യാൻ കൗണ്ടർ പെറ്റീഷൻ ഫയൽ ചെയ്യുകയോ ചെയ്തിട്ടില്ല. സ്റ്റാന്റിംഗ് കൗൺസിലിൽ നിന്നും കേസ് സംബന്ധിച്ച് 'വസ്തുതാ വിവരണം' മുനിസിപ്പാലിറ്റിയോട് ആവശ്യപ്പെട്ടതായ ഒരു രേഖയും കേസ് ഫയലിൽ ലഭ്യമല്ല. കേസ് സ്റ്റേ ആയി അഞ്ച് വർഷത്തോളം മുനിസിപ്പാലിറ്റി സ്റ്റാന്റിംഗ് കൗൺസിലായിരുന്ന അഡ്വ.ശശിധരനോട് കേസിലെ സ്റ്റേ വെക്കേറ്റ് ചെയ്ത് കിട്ടുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിനായി മുനിസിപ്പാലിറ്റിയിൽ നിന്നും ആവശ്യപ്പെട്ടതിന്റെ ഒരു രേഖയും ലഭ്യമാക്കിയ കേസ് ഫയലിൽ ഇല്ല. 29-02-2020 ൽ കേസ് സംബന്ധിച്ച ഒരു 'വസ്തുതാ വിവരണം' സ്റ്റാന്റിംഗ് കൗൺസലിന് നൽകിയതായി കാണുന്നു. എന്നാൽ ഇതിന്റെ അടിസ്ഥാനത്തിൽ ഒരു പെറ്റീഷനോ കൗണ്ടർ അഫിഡവിറ്റോ സ്റ്റാന്റിംഗ് കൗൺസിൽ  കോടതിയിൽ ഫയൽ ചെയ്തിട്ടില്ല.

3) 02/08/2021 മുതൽ ഈ കേസിന്റെ ഹൈക്കോടതിയിലെ മുനിസിപ്പാലിറ്റിയുടെ സ്റ്റാന്റിംഗ് കൗൺസിൽ അഡ്വ.മുഹമ്മദ് ഷാ ആണ്. കേസിലെ സ്റ്റേ ഓർഡർ ഒഴിവാക്കി നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിനായി 12-08-2021, 16-10-2021, 14-06-2022, 06-07-2022, 20-12-2022 എന്നീ തീയതികളിൽ മുനിസിപ്പാലിറ്റി ഇദ്ദേഹത്തിന് കത്ത് അയച്ചതിന്റെ രേഖകൾ കേസ് ഫയലിലുണ്ട്. കൂടാതെ 07-05-2022 തീയതിയിൽ കേസ് സംബന്ധിച്ച 'വസ്തുതാ വിവരണവും' നൽകിയിട്ടുണ്ട്. എന്നാൽ 'വസ്തുതാ വിവരണം' നൽകി എട്ട് മാസം കഴിഞ്ഞ് 31-01-2023 തീയതിയിൽ മാത്രമാണ് ഈ കേസിലെ സ്റ്റേ നീക്കി കിട്ടുന്നതിനായി സ്റ്റാന്റിംഗ് കൗൺസിൽ കൗണ്ടർ അഫിഡവിറ്റ് തയ്യാറാക്കിയത്.

4) ഹൈക്കോടതിയുടെ ഔദ്യോഗിക വെബ്സൈറ്റിലെ കേസ് സ്റ്റാറ്റസ് പ്രകാരം 08-07-2016ലെ സ്റ്റേ എക്സ്റ്റന്റ് ചെയ്ത വിധിയ്ക്ക് ശേഷം 20-06-2022, 17-07-2022, 22-07-2022 എന്നീ തീയതികളിലാണ് കേസ് ലിസ്റ്റ് ചെയ്തതായി കാണിക്കുന്നത്. എന്നാൽ ഈ തീയതികളിൽ എന്തെങ്കിലും ഉത്തരവ് കോടതി പുറപ്പെടുവിച്ചതായുള്ള വിവരം വെബ്സൈറ്റിലും ഫയലിലും ലഭ്യമല്ല. കേസ് ഹിയറിംഗിന് വിളിച്ചത് സംബന്ധിച്ച അറിയിപ്പോ കേസ് ഹിയറിംഗിന് ഹാജരായതിന്റെ വിവരങ്ങളോ കേസ് ഫയലിലും സ്യൂട്ട് രജിസ്റ്ററിലും ലഭ്യമല്ല.

5) 08-07-2016 ലെ കോടതിയുടെ സ്റ്റേ എക്സ്റ്റന്റ് ചെയ്ത വിധിയ്ക്ക് ശേഷം 31-01-2023 തീയതിയിൽ തയ്യാറാക്കിയ കൗണ്ടർ അഫിഡവിറ്റ് മാത്രമാണ് ഹൈക്കോടതിയിൽ 03-02-2023 ന് ഫയൽ ചെയ്തതായി കാണുന്നുള്ളൂ. 03-02-2023ന് കൗണ്ടർ അഫിഡവിറ്റ് കോടതിയിൽ സമർപ്പിച്ചെങ്കിലും ഓഡിറ്റ്

പിരീഡ് വരെയും കോടതി ഇത് പരിഗണനയ്ക്ക് എടുത്തിട്ടില്ല.

6) സംസ്ഥാന സർക്കാർ ഒന്നാം കക്ഷിയായി ഫയൽ ചെയ്ത് സ്റ്റേ ആയ ഈ കേസിൽ സർക്കാരിന്റെ ഭാഗത്തു നിന്നും കൗണ്ടർ അഫിഡവിറ്റോ സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനായി കൗണ്ടർ പെറ്റീഷനോ നാളിതുവരെ ഫയൽ ചെയ്തതായി കാണുന്നില്ല.

7) കേസിലെ സ്റ്റേ വെക്കേറ്റ് ചെയ്ത് കിട്ടുന്നതുമായി ബന്ധപ്പെട്ട മേൽ നടപടികൾ സ്വീകരിക്കുന്നതിനായി മുനിസിപ്പാലിറ്റി മേലധികാരികൾക്ക് അയച്ച കത്തുകളുടെ വിവരം ഫയലിൽ നിന്നും ലഭ്യമായത് ചുവടെ കൊടുക്കുന്നു.

8) 2008 ലെ കേരള മുനിസിപ്പാലിറ്റി (കേസുകളുടെ നടത്തിപ്പും കൗൺസിലുകൾ ഏർപ്പെടുത്തുന്ന നിയമോപദേഷ്ടാക്കൾക്ക് ഫീസ് നൽകലും) ചട്ടങ്ങളിലെ ചട്ടം 4(1) പ്രകാരം " ഏതെങ്കിലും കോടതിയിലോ ചട്ടം 3(1) ൽ പറയുന്ന മറ്റ് അധികാര സ്ഥാനങ്ങളിലോ മുനിസിപ്പാലിറ്റി ഫയൽ ചെയ്ത കേസിലോ, മുനിസിപ്പാലിറ്റിയ്ക്ക് എതിരായി ഫയൽ ചെയ്യപ്പെട്ട കേസിലോ, മുനിസിപ്പാലിറ്റിയ്ക്ക് അനുകൂലമല്ലാത്ത വിധിയുണ്ടായാൽ, ആ വിധിക്കെതിരെ മേൽകോടതിയിൽ മുനിസിപ്പാലിറ്റി അപ്പീൽ ഫയൽ ചെയ്യുന്നതിന് മുൻപ്, കീഴ് കോടതിയിൽ മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടി കേസ് നടത്തിയ അഭിഭാഷകന്റേയും ജില്ലാ ഗവ.പ്ലീഡറുടേയും നിയമോപദേശം ആരായേണ്ടതാണെന്ന് പറയുന്നു". എന്നാൽ ഈ കേസിൽ ജില്ലാ ഗവ.പ്ലീഡറുടെ നിയമോപദേശം മുനിസിപ്പാലിറ്റി ആരാഞ്ഞിട്ടില്ല

| | കത്ത് തീയതി |
|---|---|
| നഗരകാര്യ ഡയറക്ടർ, നഗരകാര്യ വകുപ്പ് | 27-04-2018, 04-09-2019, 17-01-2020, 17-12-2022 |
| പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് | 17-01-2020, 30-07-2022 |
| പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ (RC) വകുപ്പ് | 17-01-2020 |
| തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി | 13-12-2022 |

ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ (RC) വകുപ്പ് ബഹു.അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ നിന്നും 11-03-2023 തീയതിയിലെ തസ്വഭവ.ആർ.സി 2/284/2022-തസ്വഭവ നമ്പർ കത്ത് മുഖാന്തിരം ഈ കേസിന്റെ ഖണ്ഡിക തിരിച്ചുള്ള സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് അടിയന്തിരമായി സർക്കാരിൽ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് പിരീഡ് വരെയും (29-03-2023) 'സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് ' സർക്കാരിലേക്ക് സമർപ്പിച്ചിട്ടില്ല.

9) രാമനാട്ടുകര മുനിസിപ്പാലിറ്റി വസ്തുനികുതി പരിഷ്കരണ നടപടികൾ ഓൺലൈനാക്കുന്നതിന്റെ ഭാഗമായി ഡാറ്റാ എൻട്രി ചെയ്യുന്ന സമയത്ത് എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ ഇല്ലാതെ അനധികൃത കെട്ടിടങ്ങൾ അസസ്സ്മെന്റ് രജിസ്റ്ററിൽ ചേർത്ത് ഫ്രണ്ട് ഓഫീസിൽ ടാക്സ് അടപ്പിച്ച് സഞ്ചയയിൽ എൻട്രി വരുത്തി കൃത്രിമം നടത്തിയത് കണ്ടെത്തിയതിനെ തുടർന്ന് ക്ലാർക്കായ ശ്രീ. സജ്ജു സി.എച്ച് നെ 06-07-2022 തീയതി മുതൽ വേലവിലക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം അനധികൃത കെട്ടിട നമ്പറുകൾ കണ്ടെത്തുന്നതിനായി പരിശോധന നടത്തുന്നതിന് സെക്രട്ടറി ഉത്തരവിട്ടത് പ്രകാരം (11-11-2022 ലെ G1(A4) 4664/2019) സൂപ്രണ്ടും അസിസ്റ്റന്റ് എഞ്ചിനീയറും സംയുക്ത പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിലും കെട്ടിട ഉടമകളെ ഹിയറിംഗ് നടത്തിയതിന്റെ അടിസ്ഥാനത്തിലും അനധികൃതമായി നൽകിയ 80 കെട്ടിട നമ്പറുകൾ മുനിസിപ്പാലിറ്റി ക്യാൻസൽ ചെയ്തിട്ടുണ്ട്. ഈ ക്യാൻസൽ ചെയ്ത കെട്ടിട നമ്പറുകളിൽ 3/139 Q എന്ന നമ്പർ കെട്ടിടത്തിന്റെ ഉടമ മുനിസിപ്പാലിറ്റിയുടെ വസ്തുനികുതി പരിഷ്കരണ നടപടികൾ നിർത്തി വയ്ക്കുന്നതിനായി Wp(c)14642/2016 നമ്പർ കേസ് നൽകിയവരിൽ ഒരാളായ ശ്രീ. സുരേന്ദ്രൻ.എം.എം,കാർത്തിക നിവാസ്, പരുത്തിപ്പാറ, ഫാറൂഖ് കോളേജ് (പി.ഒ) എന്നവരുടെ ഉടമസ്ഥതയിലുള്ളതാണ്.

കൂടാതെ സെക്രട്ടറിയുടെ ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ച് സഞ്ചയയിൽ ക്രമക്കേട് നടത്തിയതായി കണ്ടെത്തിയതിനെ തുടർന്ന് ഈ കാലയളവിൽ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഡാറ്റാ എൻട്രി ചെയ്ത 8000 ഡാറ്റകൾ, നിലവിലെ അസസ്സ്മെന്റ് രജിസ്റ്റർ, ഒക്യുപ്പൻസി/ബിൽഡിംഗ് രജിസ്റ്റർ, ന്യൂ ബിൽഡിംഗ് രജിസ്റ്റർ എന്നിവയിലെ ഡാറ്റകൾ താരതമ്യം ചെയ്ത് ഈ രജിസ്റ്ററുകളിലൊന്നും യഥാവിധി പരാമർശിച്ചിട്ടില്ലാത്തതും സഞ്ചയയിൽ ചേർത്തതുമായ കെട്ടിട നമ്പറുകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിന് ജീവനക്കാരെ 10-10-2022 ലെ ജി1(A4)-2743/2019 നമ്പർ ഉത്തരവ് പ്രകാരം സെക്രട്ടറി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആകെ 473 കെട്ടിട നമ്പറുകൾ/ഡിമാന്റുകൾ ഇപ്രകാരം യഥാവിധി ചേർക്കപ്പെട്ടവയല്ല എന്ന് കണ്ടെത്തിയിട്ടുണ്ട് (ഫയൽ നം G1(A4) 2743/19 Dtd 10-10-2022 ലെ ഓഫീസ് നോട്ട്).

മേൽ പരാമർശിച്ച ശ്രീ. സുരേന്ദ്രൻ.എം.എം എന്നവരുടേത് ഉൾപ്പെടെ മുനിസിപ്പാലിറ്റി വസ്തുനികുതി പരിഷ്കരണം തടയുന്നതിനായി ഹൈക്കോടതിയിൽ കേസ് നൽകിയവരുടെയോ അവരുടെ വേണ്ടപ്പെട്ടവരുടെയോ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ അനധികൃതമായി സഞ്ചയയിൽ രേഖപ്പെടുത്തിയതായി കണ്ടെത്തിയ 473 കെട്ടിടങ്ങളിലുണ്ടോ എന്ന് പരിശോധിക്കുകയോ ഈ വിവരങ്ങൾ Wp(c) 14642/2016 നമ്പർ കേസ് വാദത്തിന് തയ്യാറാക്കിയ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഈ വിവരങ്ങൾ കേസ് വാദത്തിന് ഉപകാരപ്പെടുമോ എന്ന് സ്റ്റാന്റിംഗ് കൗൺസിലിനോട് നിയമോപദേശം തേടാവുന്നതും ഇത് സംബന്ധിച്ച ഒരു വസ്തുതാ വിവരണം സർക്കാരിലേയ്ക്കും സ്റ്റാന്റിംഗ് കൗൺസലിനും ഇതുമായി ബന്ധപ്പെട്ട് ഫറോക്ക് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 370/22 നമ്പർ കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥർക്കും നൽകാവുന്നതുമാണ്.

മേൽ പരാമർശങ്ങളിൽ നിന്നും രാമനാട്ടുകര നഗരസഭയും നഗരസഭാ സ്റ്റാന്റിംഗ് കൗൺസലും കേസ് നടത്തിപ്പിൽ ഗുരുതരമായ കൃത്യ വിലോപം സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. 08-07-2016 ൽ വന്ന കോടതി ഉത്തരവിന് 6 വർഷം കഴിഞ്ഞ് 03-02-2023ന് മാത്രമാണ് സ്റ്റാന്റിംഗ് കൗൺസൽ കൗണ്ടർ അഫിഡവിറ്റ് കോടതിയിൽ സമർപ്പിച്ചത്. 2016 ൽ സ്റ്റേ വന്നതിന് ശേഷം മൂന്ന് വർഷം കഴിഞ്ഞ്

മാത്രമാണ് മുനിസിപ്പാലിറ്റി 29-02-2020 ൽ സ്റ്റാന്റിംഗ് കൗൺസിലിന് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് തയ്യാറാക്കി നൽകിയത്. എന്നാൽ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് നൽകിയിട്ടും സ്റ്റാന്റിംഗ് കൗൺസിലായ അഡ്വ.ശശിധരൻ കൗണ്ടർ അഫിഡവിറ്റോ പെറ്റീഷനോ ഫയൽ ചെയ്തിട്ടില്ല. നിലവിലെ സ്റ്റാന്റിംഗ് കൗൺസലായ അഡ്വ. മുഹമ്മദ് ഷാ യ്ക്ക് 07-05-2022 ന് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് നൽകിയെങ്കിലും 8 മാസം കഴിഞ്ഞ് 03-02-2023 ന് മാത്രമാണ് കൗണ്ടർ അഫിഡവിറ്റ് സമർപ്പിച്ചിരിക്കുന്നത്. സ്റ്റേ നീക്കി കിട്ടുന്നതിനായി അർജന്റ് പെറ്റീഷനുകളൊന്നും ആറ് വർഷത്തിലധികമായിട്ടും രണ്ട് സ്റ്റാന്റിംഗ് കൗൺസലും ഫയൽ ചെയ്തിട്ടില്ല. മുനിസിപ്പാലിറ്റിയ്ക്ക് കോടികളുടെ വരുമാന ചോർച്ച ഓരോ വർഷവും ഉണ്ടായിക്കൊണ്ടിരുന്നിട്ടും സ്റ്റേ വെക്കേറ്റ് ചെയ്യാൻ കൗണ്ടർ അഫിഡവിറ്റോ കൗണ്ടർ പെറ്റീഷനോ അർജന്റ് പെറ്റീഷനോ തയ്യാറാക്കി ഫയൽ ചെയ്യാത്ത സ്റ്റാന്റിംഗ് കൗൺസിലിന്റെ നടപടി ഗൗരവമായി കണ്ട് വിശദീകരണം ചോദിക്കുകയോ സ്റ്റാന്റിംഗ് കൗൺസിലിനെ മാറ്റുകയോ ചെയ്യാതെ കേസ് അനന്തമായി നീട്ടിക്കൊണ്ട് പോവുന്ന നടപടിയാണ് മുനിസിപ്പാലിറ്റി സ്വീകരിച്ചുവരുന്നത്. മുനിസിപ്പാലിറ്റിയുടെയും സ്റ്റാന്റിംഗ് കൗൺസലിന്റെയും ഈ നിരുത്തരവാദപരമായ സമീപനം മൂലം വരുമാന വർദ്ധനവിലൂടെ മുനിസിപ്പാലിറ്റിയിലെ ജനങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന കോടികളുടെ വികസന ക്ഷേമ പ്രവർത്തനങ്ങൾ വർഷങ്ങളായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. അടിയന്തിരമായി കേസിന് അർജന്റ് പെറ്റീഷൻ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തദ്ദേശ സ്വയംഭരണ (RC) വകുപ്പ് ബഹു.അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ നിന്നും ആവശ്യപ്പെട്ട സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് തയ്യാറാക്കി ഉടൻ സർക്കാരിലേക്ക് സമർപ്പിച്ച് വസ്തുനികുതി പരിഷ്കരണത്തിനുള്ള സ്റ്റേ നീക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്. ഈ വിഷയത്തിലുണ്ടായ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-12 യഥാർത്ഥ വസ്തുത മറച്ചു വച്ച് ഒക്യുപ്പൻസി വാങ്ങിയ കെട്ടിടത്തിന് ഡീംഡ് ഒക്യുപ്പൻസി നൽകാനുള്ള ട്രിബ്യൂണൽ വിധിയ്ക്കെതിരെ നഗരസഭ അപ്പീൽ പോവാതെ ഒക്യുപ്പൻസി അനുവദിച്ചു.

ശ്രീ.ജയരാജൻ, ശ്രീമതി ശോഭന വൈലശ്ശേരി, ഫാറൂഖ് കോളേജ് (പി.ഒ) എന്നിവരുടെ ഉടമസ്ഥതയിലുള്ള 612.06m2 ഉള്ള റസിഡൻഷ്യൽ കെട്ടിടത്തിന് 08-12-2016 ലെ BL-218/2016-17 പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച് 04-12-2019 ന് കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചു. എന്നാൽ അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലിച്ച് നിർമ്മിച്ചതിനാൽ KMBR 1999 ലെ റൂൾ 24(4) പാലിക്കുന്നില്ല എന്ന് കാണിച്ച് കെട്ടിട ഉടമയ്ക്ക് മുനിസിപ്പാലിറ്റി നോട്ടീസ് നൽകി. എന്നാൽ പു:ന സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ നഗരസഭ സമയബന്ധിതമായി പരിശോധന നടത്തി നടപടികൾ സ്വീകരിക്കാത്തതിനാൽ കെട്ടിട ഉടമ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണലിൽ അപ്പീൽ (302/21) നൽകുകയും 30-09-2021 ന് കെട്ടിടത്തിന് ഒക്യുപ്പൻസിയും കെട്ടിട നമ്പറും നൽകുന്നതിന് (ഡീംഡ് ഒക്യുപ്പൻസി) വിധിയാവുകയും ചെയ്തു. ഭരണ സമിതിയുടെ 12-11-2021 ലെ തീരുമാന നം. 18 പ്രകാരം കെട്ടിടത്തിന് ഒക്യുപ്പൻസിയും നമ്പറും (2/173A1 To A5) അനുവദിച്ചു. ഈ കെട്ടിടത്തിന്റെ തൊട്ട് പുറകിലായുള്ള കെട്ടിട ഉടമയായ ശ്രീ.കിരൺ, വൈലശ്ശേരി എന്നവർ മേൽ ട്രിബ്യൂണൽ വിധിയ്ക്കെതിരെ ഹൈക്കോടതിയിൽ WP(c) 26594/21 നമ്പറായി ഒരു കേസ് ഫയൽ ചെയ്തു. ഇതിന് മുനിസിപ്പാലിറ്റിയുടെ സ്റ്റാന്റിംഗ് കൗൺസലായ അഡ്വ.മുഹമ്മദ് ഷാ, ഈ കേസിന് ഹൈക്കോടതി സ്റ്റേ ഒന്നും പരാമർശിക്കാത്തതിനാൽ ട്രൈബ്യൂണൽ വിധി പാലിക്കാനാണ് 20-12-2021 ൽ നിയമോപദേശം നൽകിയത്. കെട്ടിടത്തെ സംബന്ധിച്ച് ഒരു പരാതി ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ക്ക് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അവർ പരിശോധന നടത്തി റിപ്പോർട്ട് (18-07-2022ലെ CTPVIG-1072/21 നമ്പർ റിപ്പോർട്ട്) തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കിയതിന്റെ വിവരം അറിയിക്കുന്നതിന് തദ്ദേശ സ്വയംഭരണ (ആർ.ബി) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുനിസിപ്പാലിറ്റിയ്ക്ക് കത്ത് (ആർ.ബി3/224/2022 തസ്വഭവ Dtd 20-09-2022)

നൽകിയിട്ടുണ്ടെങ്കിലും ഈ കത്തിന് ഓഡിറ്റ് പിരീഡ് വരെ മറുപടി നലികിയിട്ടില്ല.

പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ് ഫയൽ, ഒക്യുപ്പൻസി അപേക്ഷ, കേസ് ഫയൽ എന്നിവ പരിശോധിച്ചതിൽ ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) 1999 ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ, ചട്ടം 12 (V) പ്രകാരം കെട്ടിട നിർമ്മാണത്തിനും പുനർ നിർമ്മാണത്തിനുമുള്ള അനുമതി അല്ലെങ്കിൽ സൈറ്റിന്റെ അംഗീകാരം നിരസിക്കാവുന്ന കാരണങ്ങൾ എന്നതിൽ (V) ആയി പറയുന്നത് "കെട്ടിട നിർമ്മാണത്തിനായി ഉദ്ദേശിച്ചിട്ടുള്ള സൈറ്റിലെ ഭൂമിയോ അതിന്റെ ഭാഗമോ ഭാഗങ്ങളോ ഉപയോഗിക്കുമ്പോഴോ അല്ലെങ്കിൽ പണയത്തിന് കൊടുക്കുമ്പോഴോ അല്ലെങ്കിൽ മറ്റ് തരത്തിൽ കൈ ഒഴിയുമ്പോഴോ , ഭൂ ഉടമ നിലവിലുള്ള പൊതുവായതോ, സ്വകാര്യമായതോ ആയ തെരുവുമായി ബന്ധമുള്ള സൈറ്റിലേക്കോ സൈറ്റുകളിലേക്കോ പ്രവേശനം അനുവദിക്കുന്ന തരത്തിൽ തെരുവോ, റോഡോ, റോഡുകളോ ഒരുക്കുകയോ, രേഖപ്പെടുത്തുകയോ, ചെയ്തില്ലെങ്കിൽ" പെർമിറ്റ് അപേക്ഷ നിരസിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കെട്ടിട നിർമ്മാണ പെർമിറ്റിന് അപേക്ഷിക്കുന്നതിന് മുൻപ് 2015 ൽ തന്നെ ഇപ്രകാരം കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ ഒരു ഭാഗം കെട്ടിട ഉടമ വിൽക്കുകയും വിറ്റ സ്ഥലത്തേയ്ക്ക് 8 അടി വീതിയിൽ വഴി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണ അപേക്ഷയിൽ ഈ വിവരങ്ങൾ കാണിയ്ക്കാതെ നഗരസഭയെ തെറ്റിദ്ധരിപ്പിച്ചാണ് പെർമിറ്റ് കരസ്ഥമാക്കിയത് എന്ന് ഒക്യുപ്പൻസി അനുവദിക്കുന്നതിന് മുൻപ് വ്യക്തമാവുകയും ചെയ്തിട്ടുണ്ട്. ഡീംഡ് ഒക്യുപ്പൻസി നൽകിയ ട്രൈബ്യൂണൽ വിധിയ്ക്കെതിരെ അപ്പീൽ പോകാവുന്നതാണ് എന്ന് ഈ കേസിലെ മുനിസിപ്പാലിറ്റിയുടെ അഡ്വക്കേറ്റായ അഡ്വ.ജി.സി.പ്രശാന്ത് കുമാർ 21-10-2021 ൽ മുനിസിപ്പാലിറ്റിയ്ക്ക് നിയമോപദേശം നൽകിയിട്ടുണ്ട്. കൂടാതെ കെട്ടിടത്തിന് ഒക്യുപ്പൻസിയും നമ്പറും നൽകുന്നതിന് നഗരസഭാ സെക്രട്ടറിയും ടൗൺ പ്ലാനിംഗ് അസിസ്റ്റന്റ്എഞ്ചിനീയറും വിയോജനം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ അഡ്വക്കേറ്റിന്റെ നിയമോപദേശവും സെക്രട്ടറിയുടെയും അസിസ്റ്റന്റ് എഞ്ചിനീയറുടെയും വിയോജനകുറിപ്പും പരിഗണിയ്ക്കാതെ കെട്ടിടത്തിന് ഒക്യുപ്പെൻസി നൽകാൻ നഗരസഭാ ഭരണസമിതി തീരുമാനിച്ചു.

2) കോഴിക്കോട് അർബൻ ഏരിയയ്ക്ക് വേണ്ടി തയ്യാറാക്കി പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനിൽ (Master Plan For Kozhikode Urben Area 2035 Published Wide Order No. 87/2016/LSGD Dtd 23/07/2016) പരാമർശിച്ച കെട്ടിടം നിൽക്കുന്ന സ്ഥലത്തോട് ചേർന്നുള്ള ഫറൂഖ് കോളേജ് പരുത്തിപ്പാറ റോഡ് വീതി 12 മീറ്ററായി വർദ്ധിപ്പിക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. 1999 ലെ കേരള മുനിസിപ്പാലിറ്റി ചട്ടം Chapter II ൽ, 3A പ്രകാരം നഗരാസൂത്രണ പദ്ധതിയിലെ വ്യവസ്ഥകൾ കെട്ടിടങ്ങൾക്ക് ബാധകമാവുന്നതാണ്. കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ നൽകുന്നതിന് മുൻപ് ഈ ഉത്തരവ് ഇറങ്ങിയിട്ടുണ്ടെങ്കിലും മാസ്റ്റർ പ്ലാനിലെ ശുപാർശകൾ രേഖപ്പെടുത്താതെയാണ് എൽ.ബി.എസ് പ്ലാൻ തയ്യാറാക്കി സമർപ്പിച്ചത്. ഇത് പരിശോധിയ്ക്കാൻ ചുമതലപ്പെട്ട നഗരസഭാ ടൗൺ പ്ലാനിംഗ് വിഭാഗം ഇത് പരിശോധിയ്ക്കാതെയാണ് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിരിക്കുന്നത്. മാസ്റ്റർ പ്ലാൻ പ്രകാരം റോഡ് വീതി 12 മീറ്ററാവുമ്പോൾ കെട്ടിടത്തിന് റോഡിൽനിന്നും യഥാർത്ഥത്തിൽ 5 മീറ്റർ വിടേണ്ടതായിരുന്നു. എന്നാൽ പ്ലാൻ പ്രകാരം ഇവിടെ ആകെ ലഭ്യമായത് 3.75mtr ആണ്.

3) കെട്ടിടത്തിന് പുറകിലായി ശ്രീ.കിരൺ എന്ന വ്യക്തിയ്ക്ക് വിറ്റ സ്ഥലത്തേക്ക് നൽകിയ 8 അടി വഴി തന്നെയാണ് പരാമർശിത കെട്ടിടത്തിന്റെ പാർക്കിഗ് ഏരിയയിലേയ്ക്ക് കാണിച്ചിരിക്കുന്ന വഴിയും. കൂടാതെ ഇതേ വശമാണ് കെട്ടിടത്തിന്റെ ഫ്രണ്ട് യാർഡായി കാണിച്ചിരിക്കുന്നതും. കെട്ടിടത്തിന്റെ ഒന്നാം നിലയിൽ 1 മീറ്റർ വീതിയിൽ വരാന്ത നൽകിയിട്ടുണ്ട്. ഇതും വഴിയും കഴിച്ച് ബാക്കിയുള്ള സ്ഥലം മാത്രമാണ് ഫ്രണ്ട് ഓപ്പൺ യാർഡ് ആയി ലഭിക്കുകയുള്ളൂ. 9.45mtr ഉയരമുള്ള ഈ കെട്ടിടത്തിന് 3 മീറ്റർ കുറഞ്ഞ ഫ്രണ്ട് യാർഡ് ആവശ്യമാണ്. മേൽ പറഞ്ഞത് പ്രകാരം കെട്ടിടത്തിന് 0.10 Mtr ഫ്രണ്ട് യാർഡ് മാത്രമാണ് ലഭിക്കുക. കെട്ടിടത്തിന്റെ പാർക്കിംഗിലേയ്ക്ക് ഉള്ള ഡ്രൈവ് വേ കാണിച്ചിരിക്കുന്ന കെട്ടിടത്തിന്റെ ഫ്രണ്ട് യാർഡ് തന്നെയാണ്. അതായത് കെട്ടിട നിർമ്മാണ ചട്ട പ്രകാരം കെട്ടിടത്തിന് ആവശ്യമായ ഫ്രണ്ടേജും ഡ്രൈവ് വേയും കെട്ടിട ഉടമയുടെ പൂർണ്ണ അവകാശമില്ലാത്ത വസ്തു കാണിച്ച്

മുനിസിപ്പാലിറ്റിയെ തെറ്റിദ്ധരിപ്പിച്ചാണ് പെർമിറ്റ് കരസ്ഥമാക്കിയത് എന്ന് ഇതിൽ വ്യക്തമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (14/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച പ്രകാരം മാസ്റ്റർ പ്ലാനിന് വിരുദ്ധമായും, പൂർണ്ണ അവകാശമില്ലാത്ത സ്ഥലം, കെട്ടിടത്തിന്റെ ഫ്രണ്ട് യാർഡ് ആയും ഡ്രൈവ് വേ ആയും കാണിച്ച് മുനിസിപ്പാലിറ്റിയെ തെറ്റിദ്ധരിപ്പിച്ച് പെർമിറ്റ് പ്ലാനും കംപ്ലീഷൻ പ്ലാനും തയ്യാറാക്കി നൽകിയ എൽ.ബി.എസിൽ നിന്നും വിശദീകരണം വാങ്ങേണ്ടതും പെർമിറ്റ് അനുവദിക്കാനായി പരിശോധന നടത്തിയ ടൗൺ പ്ലാനിങ്ങിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും, വിശദീകരണം ആവശ്യപ്പെടേണ്ടതും തുടർ നടപടികൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ മുനിസിപ്പാലിറ്റിയെ തെറ്റിദ്ധരിപ്പിച്ച് കെട്ടിട നിർമ്മാണ പെർമിറ്റ് കരസ്ഥമാക്കിയതായി ബോധ്യപ്പെട്ടിട്ടും കേസിന് പോവാനുള്ളതായ സ്റ്റാന്റിംഗ് കൗൺസിലിന്റെ നിയമോപദേശത്തിനും സെക്രട്ടറിയുടെയും അസിസ്റ്റന്റ് എഞ്ചിനീയറുടെയും വിയോജനക്കുറിപ്പിനും വിരുദ്ധമായി ട്രൈബ്യൂണലിന്റെ ഡീംഡ് ഒക്യുപൻസി നൽകാനുള്ള വിധിയ്ക്കെതിരെ അപ്പീൽ പോവാതെ കെട്ടിടത്തിന് ഒക്യുപൻസിയും കെട്ടിട നമ്പറും നൽകാൻ ഭരണസമിതി തീരുമാനിക്കാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതുമാണ്. അനധികൃത നിർമ്മാണങ്ങൾ തടയേണ്ട ഉത്തരവാദിത്തമുള്ള നഗരസഭ തന്നെ ഇത്തരത്തിൽ ചെയ്യുന്നത് പൊതുജനങ്ങളിൽ തെറ്റായ സന്ദേശമാണ് നൽകുകയെന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 വെറ്റ് ലാന്റിൽപ്പെട്ട റസിഡൻഷ്യൽ കെട്ടിടത്തിന്റെ ഒക്യുപൻസി വാണിജ്യകെട്ടിടമാക്കി മാറ്റി നൽകി

ശ്രീ.ഷറഫുദ്ദീൻ മുതൽ പേർ സമർപ്പിച്ച അപേക്ഷ (R2/11196/21 Dtd 06-11-2021) പ്രകാരം 8/95 നമ്പർ (Old No. 3/42, Demand No-1339) അടിസ്ഥാനപ്പെടുത്തി റസിഡൻഷ്യൽ കെട്ടിടത്തിന്റെ ഒക്യുപൻസി മാറ്റി ഒരു റസിഡൻഷ്യൽ മുറിയും, മൂന്ന് വാണിജ്യകെട്ടിടവുമാക്കി മാറ്റി 8/95,8/95A,8/95A1,8/95A2 എന്നിങ്ങനെ കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) അപേക്ഷ തന്നത് ശ്രീ.ഷറഫുദ്ദീൻ മുതൽ പേർ ആണെങ്കിലും, 8/95നമ്പർ കെട്ടിടം അരീപ്പറമ്പിൽ ഇമ്പിച്ചി കോയക്കുട്ടി ഹാജി, അലി മൻസിൽ, രാമനാട്ടുകര എന്നവരുടെ പേരിലാണ് എന്നാണ് സെക്ഷൻ ക്ലാർക്ക് നോട്ട് ഫയലിൽ എഴുതിയിട്ടുള്ളത്. എന്നാൽ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 28/10/2021 ന് ഷറഫുദ്ദീൻ മുതൽ പേരിലേക്ക് മാറ്റിയതായി കാണുന്നു. ഈ ഉടമസ്ഥാവകാശം മാറ്റി നൽകിയ ഫയൽ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) ഒക്യുപൻസി മാറ്റാനായി 06-11-2021 തീയതിയിൽ ഷറഫുദ്ദീൻ തന്ന അപേക്ഷയിൽ ഷറഫുദ്ദീന്റെ പേരിലേക്ക് കെട്ടിടം മാറ്റിയ ആധാരമല്ല ഹാജരാക്കിയത്. കെട്ടിടത്തിന്റെ ആദ്യ ഉടമയായ ബാലഗംഗാധരൻ, മൂലത്തിക്കാട്ടിൽ എന്നവരുടെ പേരിൽ നിന്നും ഇമ്പിച്ചി കോയക്കുട്ടി ഹാജി എന്നവരുടെ പേരിലേക്ക് ഉടമസ്ഥാവകാശം മാറ്റിയ ആധാരമാണ് ടിയാൻ ഹാജരാക്കിയത്.

3) കെട്ടിടം അസസ്സ്മെന്റ് രജിസ്റ്ററിൽ വീടായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇതിന്റെ വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടില്ല.

4) നിലവിലുള്ള ലൈൻ മുറിയുടെ മുൻഭാഗത്തുള്ള റസിഡൻഷ്യൽ കെട്ടിടം മൂന്ന് വാണിജ്യ കെട്ടിടവും ഒരു റസിഡൻഷ്യൽ കെട്ടിടവുമാക്കാനാണ് അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ അപേക്ഷയോടൊപ്പം സമർപ്പിച്ച സെക്ഷൻ പ്ലാനിൽ അപേക്ഷയിൽ പരാമർശിച്ച ലൈൻ മുറികൾ ഉൾപ്പെട്ടിട്ടില്ല. ആകെ സമർപ്പിച്ചത് ഒക്യുപൻസി മാറ്റേണ്ട കെട്ടിട ഭാഗത്തിന്റെ മാത്രമുള്ള സെക്ഷൻ പ്ലാനാണ്. മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ പെർമിറ്റ്/ക്രമവൽക്കരണ പ്ലാൻ സമർപ്പിക്കുമ്പോൾ ലഭ്യമാക്കേണ്ട സൈറ്റ് പ്ലാൻ, എലിവേഷൻ പ്ലാൻ, പാർക്കിംഗ് പ്ലാൻ തുടങ്ങിയ പ്ലാനുകളും രേഖകളും ഒന്നും ലഭ്യമാക്കാതെയാണ് അപേക്ഷ സമർപ്പിച്ചതും റവന്യൂ ഇൻസ്പെക്ടർ ഒക്യുപൻസി മാറ്റി നൽകിയതും.

5) അപേക്ഷയിൽ ലഭ്യമാക്കിയ സെക്ഷൻ പ്ലാനിൽ ഒരു റസിഡൻഷ്യൽ മുറിയുണ്ടായിരുന്നിട്ടും

കെട്ടിടത്തിൽ ഒരു ടോയ്‌ലറ്റ് നൽകിയിട്ടില്ല.

6) അപേക്ഷയിൽ ലഭ്യമാക്കിയത് കൈവശ സർട്ടിഫിക്കറ്റിന്റെ ഫോട്ടോകോപ്പി മാത്രമാണ്. ഇതിൽ ഭൂമിയുടെ തരം “Wet Land” എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൈവശ സർട്ടിഫിക്കറ്റിൽ (സർട്ടിഫിക്കറ്റ് നം. 4917/2019 Dtd 28/10/2021) ഭൂമിയുടെ ഉടമസ്ഥാവകാശം 'ഇമ്പിച്ചി കോയക്കുട്ടി ഹാജി'യുടെ പേരിലാണുള്ളത്. ഈ കൈവശ സർട്ടിഫിക്കറ്റിലെ ഫയൽ നമ്പറിലും, സർട്ടിഫിക്കറ്റ് ആവശ്യം എന്തിനാണ് എന്നതിലും, സ്ഥല ഉടമയുടെ പേര് രേഖപ്പെടുത്തിയതിലും തിരുത്ത് വരുത്തിയതായി കാണുന്നു. എന്നാൽ ഈ തിരുത്ത് വരുത്തിയ ഭാഗങ്ങളിൽ വില്ലേജ് ഓഫീസർ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

7) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം 40m2 വരെയുള്ള വാണിജ്യ കെട്ടിടത്തിനാണ് മുനിസിപ്പാലിറ്റി പരിധിയിൽ അനുമതി നൽകാൻ കഴിയുകയുള്ളൂ. എന്നാൽ വെറ്റ് ലാന്റിൽ ഉൾപ്പെട്ട ഈ റസിഡൻഷ്യൽ കെട്ടിടം 54.55m2 വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടമാക്കി ഒക്യുപ്പൻസി മാറ്റാനുള്ള ഫയൽ ടൗൺ പ്ലാനിംഗിന് സ്ഥല പരിശോധനയ്ക്ക് കൊടുക്കാതെ റവന്യൂ ഇൻസ്പെക്ടർ സ്വമേധയാ ഒക്യുപ്പൻസി മാറ്റി നൽകുകയാണ് ചെയ്തിരിക്കുന്നത്.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടവും കേരള നെൽവയൽ തണ്ണീർത്തട നിയമവും പാലിയ്ക്കാത്ത കെട്ടിടത്തിന്റെ ഒക്യുപ്പൻസി മാറ്റാനുള്ള അപേക്ഷ മുനിസിപ്പാലിറ്റി സാങ്കേതിക വിഭാഗത്തിന് പരിശോധനയ്ക്ക് കൈമാറാതെ ഈ കാലയളവിൽ സൂപ്രണ്ടിന്റെ ചുമതല ഉണ്ടായിരുന്ന റവന്യൂ ഇൻസ്പെക്ടർ "ശ്രീ.അജിത്ത് കുമാർ.എൻ" ആവശ്യമായ രേഖകളില്ലാത്ത അപേക്ഷയിൽ സ്വമേധയാ ഒക്യുപ്പൻസി മാറ്റി നൽകിയത് ചട്ട വിരുദ്ധവും ക്രമക്കേടുമാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മേൽ പരാമർശിച്ച അപാകതകൾക്ക് സാങ്കേതിക വിഭാഗത്തിന്റെ സ്ഥല പരിശോധന നടത്തിയ വിശദമായ മറുപടി ലഭ്യമാക്കേണ്ടതും റവന്യൂ ഇൻസ്പെക്ടറിൽ നിന്ന് വിശദീകരണം ലഭ്യമാക്കി ഉചിതമായ തുടർനടപടികൾ(ശിക്ഷാ നടപടികൾ) സ്വീകരിച്ച് വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-14 മത്സ്യ മാർക്കറ്റ് ഫീ പിരിക്കുന്നില്ല

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള മത്സ്യമാർക്കറ്റിൽ നിന്നും 12-08-2022 വരെ മാത്രമാണ് ഫീസ് പിരിച്ചിട്ടുള്ളത്. പെട്ടിയ്ക്ക് 25 രൂപ നിരക്കിൽ മുനിസിപ്പാലിറ്റി നേരിട്ടായിരുന്നു പിരിവ് നടത്തിയിരുന്നത്. ഫീസ് പിരിവ് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ മത്സ്യമാർക്കറ്റ് ഫീസ് പിരിക്കാനായി ചുമതലപ്പെടുത്തിയ ഓഫീസ് അറ്റന്റമാർ ഫീ പിരിക്കാനായി പോയപ്പോൾ മത്സ്യമാർക്കറ്റിന് പുറത്ത് മത്സ്യം വിൽക്കുന്നത് നിരോധിക്കാത്തതിനാൽ ഫീസ് തരില്ല എന്ന് കച്ചവടക്കാർ പറഞ്ഞതായി നോട്ട് ഫയലിൽ എഴുതിയതായി കാണുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇവരുമായി ചർച്ച ചെയ്യാനായി FSC യ്ക്കും ചെയർപേഴ്സനും ഫയൽ വെയ്ക്കാൻ സെക്രട്ടറി 03-10-2022 ൽ നോട്ട് എഴുതുകയും 11-10-2022 ൽ അടിയന്തിര മീറ്റിംഗ് വിളിക്കുന്നതിന് നോട്ട് എഴുതുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് സമയം വരെ ഇതിൽ മുനിസിപ്പാലിറ്റി നടപടിയെടുത്തിട്ടില്ല. 12-08-2022 മുതൽ മത്സ്യമാർക്കറ്റിൽ കച്ചവടം ചെയ്യുന്നവരിൽ നിന്നും ഫീ ഈടാക്കുകയോ ഇവരെ ഒഴിപ്പിക്കുകയോ ചെയ്യാനുള്ള യാതൊരു നടപടിയും മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഇത് മുനിസിപ്പാലിറ്റിയുടെ വരുമാന ചോർച്ചയ്ക്ക് ഇടയാക്കുന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഗൗരവമായി പരിഗണിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (39/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഒരു ഫീയും അടയ്ക്കാതെ ഏഴ് മാസത്തിലധികമായി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള മത്സ്യമാർക്കറ്റിൽ കച്ചവടം ചെയ്യുന്നവരിൽ നിന്നും നാളിതുവരെയുള്ള കുടിശ്ശിക ഈടാക്കേണ്ടതും ഫീ അടവാക്കാത്തവരെ ഒഴിപ്പിക്കാനുള്ള നിയമപരമായ നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ഈ വിഷയത്തിലുണ്ടായ പരാതി പരിഹരിക്കുന്നതിന് നഗരസഭയുടെ

ഭാഗത്തുനിന്നുണ്ടായ അലംഭാവം ഗൗരവമുള്ളതായി വിലയിരുത്തുന്നു. ഈ വിഷയത്തിൽ കൗൺസിലിന്റെ അടിയന്തര ശ്രദ്ധയുണ്ടാകേണ്ടതും നഗരസഭയുടെ വരുമാന ചോർച്ച ഒഴിവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 മുനിസിപ്പാലിറ്റി ടൗൺ പ്ലാനിങ്ങിന്റെ സ്ഥല പരിശോധനയില്ലാതെ കെട്ടിട മുറി സ്പ്ളിറ്റ് ചെയ്ത് നമ്പറുകൾ നൽകി

ശ്രീ.വിജയൻ.പി.മേനോൻ, ഉഷസ്സ്, രാമനാട്ടുകര എന്നവരുടെ ഉടമസ്ഥതയിലുള്ളതും BL-394/2017-18 Dtd 17-01-2018 നമ്പർ കെട്ടിട നിർമ്മാണ പെർമിറ്റ് പ്രകാരം നിർമ്മിച്ചതുമായ 382.65m2 ഉള്ള കെട്ടിടത്തിന് 11/469 B1 മുതൽ B9 വരെ കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. കെട്ടിടത്തിലെ 11/469 B1 (29/69m2) നമ്പർ മുറി രണ്ട് മുറിയാക്കി മാറ്റി രണ്ട് കെട്ടിട നമ്പറുകൾ ലഭിക്കാനായി തന്ന അപേക്ഷ (R2/13482/21 Dtd 31-12-21) മുനിസിപ്പാലിറ്റി ടൗൺ പ്ലാനിങ്ങിന് സ്ഥല പരിശോധനയ്ക്കായി നൽകാതെ റവന്യൂ ഇൻസ്പെക്ടർ 10-01-2022 ന് കെട്ടിട നമ്പർ അനുവദിക്കാനായി നോട്ട് എഴുതുകയും ഇതിന് സൂപ്രണ്ട് 11-01-2022 ന് അംഗീകാരം നൽകി നമ്പർ അനുവദിക്കുകയും ചെയ്തു ( 11/469 B1,B15എന്നിങ്ങനെ).

പ്രസ്തുത കെട്ടിടത്തിൽ കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ച് അനധികൃത നിർമ്മാണം നടക്കുന്നതായി നഗരസഭാ ഡെപ്യൂട്ടി ചെയർമാൻ 09-12-2021ൽ നൽകിയ പരാതിയെ തുടർന്ന് 03-01-2022 ൽ കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. പരാതി ലഭിച്ചതിന് ശേഷമാണ് കെട്ടിടമുറി പാർട്ടീഷ്യൻ ചെയ്യാനായി കെട്ടിട ഉടമ അപേക്ഷ നൽകിയിരിക്കുന്നത്. അനധികൃത നിർമ്മാണത്തിനെതിരെ നോട്ടീസ് നൽകിയതിന് ശേഷമാണ് പാർട്ടീഷ്യൻ അനുവദിക്കാൻ റവന്യൂ ഇൻസ്പെക്ടർ നോട്ട് എഴുതിയതും സൂപ്രണ്ട് നമ്പർ അനുവദിച്ചതും . അനധികൃത നിർമ്മാണത്തിനെതിരായി മുനിസിപ്പാലിറ്റി ഡെപ്യൂട്ടി ചെയർമാൻ തന്ന പരാതിയുടെ അടിസ്ഥാനത്തിൽ നോട്ടീസ് നൽകിയ കെട്ടിടത്തിന് സ്ഥല പരിശോധന നടത്താതെ കെട്ടിട നമ്പർ അനുവദിച്ചത് ഗുരുതരമായ കൃത്യ വിലോപമാണ്.

നിലവിൽ അനധികൃത നിർമ്മാണം പൊളിച്ചുകളയാനായി 22-04-2022 ന് സെക്രട്ടറി നൽകിയ നോട്ടീസിനെതിരെ കെട്ടിട ഉടമ ട്രിബ്യൂണലിൽ നിന്നും സ്റ്റേ ഓർഡർ വാങ്ങിയിട്ടുണ്ട് (18-07-22ൽ). അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

നിലവിലുള്ള കെട്ടിടത്തിൽ ഘടനാപരമമായി മാറ്റം വരുത്തി പുതിയ കെട്ടിട നമ്പർ അനുവദിക്കാനായി വന്ന അപേക്ഷ സ്ഥല പരിശോധന നടത്തി കെട്ടിട നിർമ്മാണ ചട്ട ലംഘനമുണ്ടോ എന്ന് പരിശോധിക്കാൻ ചുമതലപ്പെട്ട മുനിസിപ്പാലിറ്റി ടൗൺ പ്ലാനിംഗ് വിഭാഗത്തിന് ഫയൽ കൈമാറാതെ പാർട്ടീഷ്യൻ അനുവദിച്ച് കെട്ടിട നമ്പർ നൽകാനായി നോട്ട് എഴുതിയ റവന്യൂ ഇൻസ്പെക്ടറിൽ നിന്നും ഇതിന് അംഗീകാരം നൽകിയ സൂപ്രണ്ടിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. നിരുത്തരവാദപരമായി ഫയൽ കൈകാര്യം ചെയ്തത് ഗുരുതരമായി കാണേണ്ടതും, ഈ വിഷയത്തിൽ അനാരോഗ്യപരമായ ഇടപെടലുകൾ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ടെങ്കിൽ തക്കതായ ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം -ലേലനടപടികളിലെ വീഴ്ച കാരണം പ്രവർത്തനം നിർത്തി വച്ചു

ഗ്രാമപഞ്ചായത്തിലെ ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം 2020-21 വർഷത്തിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 5.7.21 ലെ 5-ാം നമ്പർ തീരുമാന പ്രകാരം കെട്ടിടം താൽക്കാലികമായി നേരിട്ട് നടത്താൻ തീരുമാനിച്ചെങ്കിലും ആയത് നടപ്പിലായില്ല. ഗവൺമെന്റ് വിഭാവനം ചെയ്ത രീതിയിൽ കുടുംബശ്രീയെ പ്രവർത്തനം ഏൽപ്പിക്കാതെ ടെണ്ടർ മുഖേന നടത്തിപ്പുകാരെ കണ്ടെത്തുന്നതിനായി തീരുമാനിക്കുകയും ( 11.8.21 ലെ ഒന്നാം നമ്പർ തീരുമാനം) 7.9.21 ന നടന്ന ടെണ്ടറിൽ 14 പേർ

പങ്കെടുക്കുകയും പ്രതിമാസം 41111 രൂപ നിരക്കിൽ ക്വോട്ട് ചെയ്ത ശ്രീ.അബ്ദുൾ നാസർ.കെ.ടി യ്ക്ക് ടേക്ക് എ ബ്രേക്ക് നടത്താൻ അനുവാദം നൽകുകയും കരാറിലേർപ്പെടുകയും ചെയ്തു എന്നാൽ ഈ കരാറുകാരൻ കൃത്യമായി ലേല തുക അടവാക്കുന്നതിൽ വീഴ്ച വരുത്തുകയും നഗരസഭയുടെ അനുവാദമില്ലാതെ പല നിർമ്മാണ പ്രവൃത്തികളും കെട്ടിടത്തിൽ നടത്തുകയും ചെയ്തു. കെട്ടിടത്തിൽ അനധികൃതനിർമ്മാണങ്ങൾ നടത്തുന്നതായി ലഭിച്ച പരാതിയിൽ എഞ്ചിനീയറിംഗ് വിഭാഗം നടത്തിയ അന്വേഷണത്തിൽ ചുമർ കട്ട് ചെയ്തതായും കെട്ടിടത്തിന്റെ രണ്ട് സൈഡിലും മുകൾഭാഗം ഷീറ്റിട്ടതായും റിപ്പോർട്ട് ചെയ്തിരുന്നു. നഗരസഭ സ്റ്റോപ്പ് മെമ്മോ നൽകിയതിനെ തുടർന്ന് എല്ലാ അനധികൃത നിർമ്മാണങ്ങളും പൊളിച്ചുമാറ്റിയതായി ലൈസൻസി അറിയിച്ചു. ആയതിന്റെ നിജസ്ഥിതി എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

ലൈസൻസിക്ക് നോട്ടീസ് നൽകിയ സാഹചര്യത്തിൽ ഇവ പൂർവ്വ സ്ഥിതിയിലാക്കുകയും വാടക അടക്കുകയും ചെയ്തിരുന്നു. 6.1.22 ലെ സൂപ്രണ്ടിന്റെ ഓഫീസ് കുറിപ്പിൽ ടിയാനെ അടുത്ത ലേലത്തിൽ നിന്ന് ഒഴിവാക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. 10.2.22 ൽ ലേല തുക അടവാക്കുന്നതിൽ കുടിശ്ശിക വരുത്തുന്ന ടിയാനെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. കച്ചവട ലൈസൻസുമായി ബന്ധപ്പെട്ട വിഷയത്തിൽ നഗരസഭയ്ക്കെതിരെ ടിയാൻ ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തിരുന്നു. (WPC6196/20-21) ഇതിനെതിരെ നഗരസഭ സ്റ്റാന്റിങ്ങ് കൌൺസിൽ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടില്ല. കേസിൽ 24.2.22 ന് ടിയാന് ലൈസൻസ് നൽകുന്നതിന് വിധി ആകുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷത്തേക്ക് ഈ കെട്ടിടം പുതുതായി ലേലം ചെയ്ത് നൽകാൻ നടപടി സ്വീകരി ക്കാതെ മേൽ കരാറുകാരനു തന്നെ വാടക വർദ്ധനവോടെ നൽകുകയാണുണ്ടായത്. ഇപ്രകാരം ഈ കരാറുകാരന് ലേലം തുടർന്നും അനുവദിക്കുന്നതിനെതിരെ സെക്രട്ടറിയും 13 കൗൺസിലർമാരും വിയോജനകുറിപ്പ് രേഖപ്പെടുത്തിയിട്ടും അയാൾക്ക് തന്നെ ലൈസൻസ് അനുവദിക്കുകയാണ് ഉണ്ടായത്. 2022-23 വർഷത്തിലും ടിയാൻ ലേലത്തുക അടവാക്കിയിട്ടില്ല. നഗരസഭയ്ക്കെതിരെ നിലപാടെടുത്ത കരാറുകാരന് തന്നെ 22.3.22 ന് നിലവിലുള്ള വാടകയുടെ 20% വർദ്ധിപ്പിച്ച് ടേക്ക് എ ബ്രേക്ക് നടത്താൻ 22-23 വർഷത്തിൽ അനുവാദം നൽകിയത് നഗരസഭയുടെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. നഗരസഭയുടെ ടേക്ക് എ ബ്രേക്ക് സംവിധാനം തകർക്കാനായി കരാർ ഏറ്റെടുത്ത് കുടിശ്ശിക വരുത്തിയ കരാറുകാരനെതിരെ നാളിതുവരെ ആർ ആർ നടപടികൾ ആരംഭിച്ചിട്ടില്ല. 1.2.23 ന് കെട്ടിടം ആർ ഐ പൂട്ടി ഏറ്റെടുത്തിട്ടുണ്ട്. ടേക്ക് എ ബ്രേക്കിന്റെ പ്രവർത്തന നടത്തിപ്പ് കുടുംബശ്രീ പ്രവർത്തകരെ/അയ്യങ്കാളി പ്രവർത്തകരെ ഏൽപ്പിക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 31/21-22 തീയതി 28.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കുടിശ്ശികത്തുക പിഴ സഹിതം കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്. ടേക്ക് എ ബ്രേക്ക് പ്രവർത്തനം പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിക്കേണ്ടതും, ഈ വിഷയത്തിലുണ്ടായ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 തൊഴിൽ നികുതി- അപാകതകൾ

തൊഴിൽനികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കണ്ടു.

1. തൊഴിൽനികുതി ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്ററിലെ മുഴുവൻ സ്ഥാപനങ്ങളെയും ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

സ്ഥാപനം പരിശോധനയ്ക്ക് ലഭ്യമാക്കിയ ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്ററിൽ 2021-22 രണ്ടാം അർദ്ധ വർഷത്തിൽ 278 സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ 186 സ്ഥാപനങ്ങളെ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

2. സ്ഥാപനത്തിൽ തയ്യാറാക്കി സൂക്ഷിച്ച വരുന്ന ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്ററിലെ ക്രമത്തിലല്ല ഡിമാന്റ്

രജിസ്റ്റർ തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽ തന്നെ ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്ററിലുള്ള ഓരോ സ്ഥാപനങ്ങളെയും ഡിമാന്റ് രജിസ്റ്ററിൽ കണ്ടെത്തുക എന്നത് ഏറെ ശ്രമകരമാണ്.

3. ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ പിരിച്ചെടുത്തിട്ടില്ല.

2021-22 വർഷത്തിലെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ 186 സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ 2021-22 ലെ രണ്ട് അർദ്ധ വർഷങ്ങളിലായി അൻപതിലധികം സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ പിരിച്ചെടുത്തതായി കാണുന്നില്ല.

4. സ്വയം തൊഴിൽ ചെയ്യുന്ന സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, അഭിഭാഷകർ, റേഷൻ ഷോപ്പ് ഉടമകൾ, സഹകരണം സംഘം ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾ, നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് കോൺട്രാക്ടേഴ്സ്, ബാങ്കർമാർ തുടങ്ങിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുകയോ ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടില്ല.

5. ട്രേഡേഴ്സ് തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6. വ്യക്തികൾ/സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ (ഫോറം IV) ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് ക്രമനമ്പർ നൽകി സൂക്ഷിച്ചിട്ടില്ല.

7. തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ സാമ്പത്തിക വർഷത്തെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവയുടെ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

8. ഡിമാന്റ് രജിസ്റ്റർ സെക്രട്ടറിയോ, ചുമതലപ്പെട്ട മറ്റ് ഉദ്യോഗസ്ഥരോ പരിശോധിച്ചതായി കാണുന്നില്ല.

അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-18 IFTE&OS ലൈസൻസ്- അപാകതകൾ

രാമനാട്ടുകര നഗരസഭയുടെ 2021-22 വർഷത്തെ IFTE&OS ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കണ്ടു.

1. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

നഗരസഭയിൽ 19 റവന്യൂ ഡിവിഷനുകളുടെ/വാർഡുകളുടെ അടിസ്ഥാനത്തിലാണ് ലൈസൻസ് നൽകി വരുന്നത്. എന്നാൽ സ്ഥാപനത്തിൽ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലഭിക്കുന്ന അപേക്ഷകൾക്ക് മാത്രം ലൈസൻസ് നൽകി വരുന്ന പ്രവണതയാണ് നഗരസഭയിൽ കണ്ടുവരുന്നത്. നഗരസഭയിൽ 31.3.2022 വരെ നമ്പർ നൽകിയ വാണിജ്യ/വ്യവസായാവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ട ആകെ കെട്ടിടങ്ങളുടെ എണ്ണം, വേക്കൻസി റമിഷൻ അനുവദിക്കപ്പെട്ട വാണിജ്യ/ വ്യവസായ കെട്ടിടങ്ങളുടെ എണ്ണം, നികുതി ഒഴിവാക്കപ്പെട്ട / നികുതി എഴുതി തള്ളിയ വാണിജ്യ, വ്യവസായ കെട്ടിടങ്ങളുടെ എണ്ണം, ആകെ അനുവദിക്കപ്പെട്ട IFTE&OS ലൈസൻസുകളുടെ എണ്ണം, ആകെ അനുവദിക്കപ്പെട്ട IFTE&OS ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം, വാർഡ് (റവന്യൂ ഡിവിഷൻ ) 14, 15, 16, 17 എന്നിവയിൽ മുൻവർഷങ്ങളിലുൾപ്പെടെ 31.03.2022 തീയതി വരെ വാണിജ്യ/വ്യവസായാവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ട ആകെ കെട്ടിടങ്ങളുടെ എണ്ണം എന്നീ വിവരങ്ങൾ ലഭ്യമാക്കാൻ അന്വേഷണക്കുറിപ്പ് (നം. 1/2021-22) നൽകിയിരുന്നെങ്കിലും ആയതിന്റെ വിവരങ്ങൾ ഒന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം ഏകദേശം 1339 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതായി കാണാമെങ്കിലും, രജിസ്റ്ററിൽ ക്രമനമ്പർ എഴുതിയതിൽ തിരുത്തലുകൾ വരുത്തിയതിനാലും, നമ്പറുകൾ പെൻസിൽ കൊണ്ട് എഴുതിയതിനാലും, ക്രമനമ്പറുകൾക്കിടയിൽ സ്ഥാപനങ്ങളെ നമ്പർ നൽകാതെ എഴുതിച്ചേർത്തതിനാലും 2021-22 വർഷത്തിൽ ലൈസൻസ് നൽകിയ കച്ചവട സ്ഥാപനങ്ങളുടെ എണ്ണത്തിന്റെ കൃത്യത രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. പൂർണ്ണമായും നഗരവത്കരിക്കപ്പെട്ട പ്രദേശങ്ങൾ ഉൾപ്പെട്ട നഗരസഭയിൽ, താഴെ ചേർത്ത റവന്യൂ ഡിവിഷനുകളിലെ/വാർഡുകളിലെ, ലൈസൻസ് നൽകിയ വാണിജ്യ/ വ്യവസായ കെട്ടിടങ്ങളുടെ

എണ്ണത്തിലെ കുറവ് , ലൈസൻസ് എടുക്കാതെ നഗരസഭാ പ്രദേശത്ത് കച്ചവടസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി മനസ്സിലാക്കാൻ സാധിക്കുന്നു.

| റവന്യൂ ഡിവിഷൻ/ വാർഡ് നമ്പർ | ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് നൽകിയ കച്ചവട സ്ഥാപനങ്ങളുടെ ആകെ എണ്ണം |
|---|---|
| 14 | 13 |
| 15 | 3 |
| 16 | 8 |
| 17 | 12 |

മേൽ ചേർത്ത വാർഡുകളിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന കച്ചവടസ്ഥാപനങ്ങളുണ്ടോ എന്ന് കണ്ടെത്താൻ നഗരസഭാ പ്രാദേശിക പരിശോധന നടത്തുകയോ മറ്റെന്തെങ്കിലും നടപടികൾ സ്വീകരിക്കുകയോ ചെയ്തതായി കാണുന്നില്ല.

2. ലൈസൻസ് രജിസ്റ്ററിൽ സാമ്പത്തിക വർഷത്തെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവയുടെ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ലൈസൻസില്ലാതെ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന രീതി അനുവദിക്കാതെ എല്ലാവരും ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-19 ഷോപ്പിങ്ങ് കോംപ്ലക്സ് കെട്ടിടം പൊളിച്ചുമാറ്റാനുള്ള തീരുമാനത്തിൽ തുടർനടപടികൾ സ്വീകരിക്കാത്തതിനാൽ വാടകയിനത്തിൽ വൻ നഷ്ടം

നഗരസഭയുടെ ഉടമസ്ഥതയിൽ ഉള്ള ഷോപ്പിങ്ങ് കോംപ്ലക്സിൽ ആകെ 50 കട മുറികൾ ഉണ്ട്. വർഷങ്ങൾക്കുമുൻപ് ഈ കെട്ടിടം പൊളിച്ചുമാറ്റി പുതിയത് നിർമ്മിക്കണം എന്ന് തീരുമാനം എടുത്തിട്ടുണ്ടെങ്കിലും തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഇതിനായി പദ്ധതി തയ്യാറാക്കുകയോ ഫണ്ട് വകയിരുത്തുകയോ ചെയ്തിട്ടില്ല. കെട്ടിടം പൊളിക്കണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാടക നൽകിക്കൊണ്ടിരിക്കുന്ന കെട്ടിടങ്ങൾക്ക് കരാർ പുതുക്കി നൽകിയിട്ടില്ല. എന്നാൽ എല്ലാ വാടകക്കാരും നിലവിലും പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. കരാർ പുതുക്കി നൽകാത്തതിനാൽ വാടകക്കാരിൽ പലരും വാടക നഗരസഭയിൽ അടയ്ക്കുന്നില്ല. വാടക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതുമൂലവും പിഴപ്പലിശ ഒഴിവാക്കുകയും ചെയ്യുന്നതു മൂലവും വാടകയിനത്തിൽ ലഭിക്കേണ്ട വരുമാനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അപാകതകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)കെട്ടിടം പൊളിച്ചുമാറ്റുന്നതിന് തീരുമാനം എടുത്തത് വ്യക്തമായ കാരണം ഇല്ലാതെ.

18.12.19 ലെ 15-ാം നമ്പർ തീരുമാന പ്രകാരമാണ് നഗരസഭയുടെ ഉടമസ്ഥതയിൽ ഉള്ള മാർക്കറ്റ് കം ഷോപ്പിങ്ങ് കോംപ്ലക്സ് കെട്ടിടത്തിന്റെ സ്ഥിതി ജീർണ്ണാവസ്ഥയിൽ ആണെന്നതിനാൽ പൊളിച്ചുമാറ്റി പുതിയത് നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചത് അസിസ്റ്റന്റ് എഞ്ചിനീയറുടെ

പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് എന്ന് തീരുമാനത്തിൽ വിശദീകരിക്കുന്നുണ്ടെങ്കിലും ഇതിന് ആധാരമായ പരിശോധനാ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആകെ ഉള്ളത് 5/96 നമ്പറിലുള്ള രണ്ട് മുറികളിലായി പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ കെട്ടിടം സീലിങ്ങ് പൊളിഞ്ഞത് റിപ്പയർ ചെയ്യുന്നതിന് അവർ സമർപ്പിച്ച അപേക്ഷയും 2/21 ൽ അസിസ്റ്റന്റ് എഞ്ചിനീയർ കെട്ടിടം പൊളിച്ചുമാറ്റാൻ തീരുമാനം ഉള്ളതിനാൽ മെയിന്റനൻസ് വർക്ക് എടുക്കാൻ സാധിക്കില്ല എന്നെഴുതിയ റിപ്പോർട്ടുമാണ്. ബി.എസ്.എൻ.എൽ ഓഫീസ് 2019 ജൂലൈ മുതൽ വാടക നൽകാതെ നിലവിലും ഈ മുറികളിൽ പ്രവർത്തിച്ചു വരുന്നു.

4.3.21 ലെ 8-ാം നമ്പർ തീരുമാന പ്രകാരം കടയുടമകളുടെ യോഗം വിളിക്കുന്നതിനും കട ഒഴിപ്പിക്കാനും നോട്ടീസ് നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. നിലവിലും കടകളെല്ലാം പ്രവർത്തിക്കുന്നുണ്ട്. 5/317,5/378 എന്നീ കടകളുടെ ലൈസൻസികളായ ശ്രീ.പി.ടി വാസുദേവൻ, ശ്രീ. പി.ടി ചന്ദ്രൻ എന്നിവർ നഗരസഭയ്ക്ക് അയച്ച കത്തിൽ കെട്ടിടം ജീർണ്ണാവസ്ഥയിലും അപകടാവസ്ഥയിലും ആണെന്നത് വസ്തുതാപരമായി ശരിയല്ലെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മുറിയോ കെട്ടിടമോ പരിശോധന നടത്തിയിട്ടില്ല എന്നും വിശദീകരിക്കുന്നുണ്ട്.

2)കരാർ പുതുക്കേണ്ട എന്ന തീരുമാനവും പിഴപ്പലിശ ഒഴിവാക്കിയതും വാടക ലഭിക്കുന്നതിന് തടസ്സമായി

20.4.21 ലെ 11-ാം നമ്പർ തീരുമാന പ്രകാരം നഗരസഭ വാടകക്കരാർ പുതുക്കി നൽകേണ്ട എന്നും കെട്ടിടം പൊളിച്ചു നീക്കുന്ന പ്രവൃത്തി തുടങ്ങുന്നത് വരെ പിഴപ്പലിശ ഒഴിവാക്കുന്നതിനും തീരുമാനിച്ചു. ഇക്കാരണത്താൽ കൃത്യമായി വാടക അടച്ചു പോന്നിരുന്ന വാടകക്കാർ പോലും വാടക അടയ്ക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. പദ്ധതി തയ്യാറാക്കി കെട്ടിടം പൊളിക്കൽ ആരംഭിക്കുന്ന ഘട്ടം വരെ എഗ്രിമെന്റും വാടക വ്യവസ്ഥകളും തുടരേണ്ടതായിരുന്നു. കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് യാതൊരു നടപടിയും ആരംഭിക്കാതെ വാടകക്കാർക്ക് ഇളവ് അനുവദിക്കുക വഴി നഗരസഭയ്ക്ക് വൻനഷ്ടം വരുത്തി വച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3)വാടക വ്യവസ്ഥകൾ സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടില്ല.

വർഷങ്ങളായി ഓഡിറ്റ് നിർദ്ദേശമുണ്ടായിട്ടും വാടക സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വാടക ഈടാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചും മറ്റ് അപാകതകൾ പരിഹരിച്ചും വിവരം അറിയിക്കേണ്ടതുമാണ്.

1-20 ഷോപ്പിങ്ങ് കോംപ്ലക്സ് വാടകയിനത്തിൽ വൻ കുടിശ്ശിക

നഗരസഭയുടെ ഉടമസ്ഥതയിൽ ഉള്ള ഷോപ്പിങ്ങ് കോംപ്ലക്സ്, പുല്ലുംകുന്ന് വ്യവസായ എസ്റ്റേറ്റ് എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുന്ന വാടക നഗരസഭയുടെ ഒരു പ്രധാന തനത് വരുമാന മാർഗ്ഗമാണ്. എന്നാൽ ലൈസൻസികളിൽ നിന്ന് വാടക ഈടാക്കുന്നതിൽ നഗരസഭ വലിയ വീഴ്ച വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഈടാക്കാത്ത വാടകയുടെ വിവരം |
|---|---|---|
| മാർക്കറ്റ് ഷോപ്പിങ്ങ് കോംപ്ലക്സ് കെട്ടിടം | | |
| 1 | 5/355<br>ശ്രീ.പി അബൂട്ടി | 12/2020 വരെയാണ് വാടക അടച്ചത്<br>20-21-3571x3 |

| | | |
|---|---|---|
| | | 21-22-3750x12<br>22-23-3938x12<br>+ പിഴ പലിശ |
| 2 | 5/359<br>ശ്രീ.സെയ്തലവിക്കോയ | 12/2020 വരെയാണ് വാടക അടച്ചത്<br>20-21-3394x3<br>21-22-3564x12<br>22-23-3742x12<br>+ പിഴ പലിശ |
| 3 | 5/364<br>ശ്രീ.മുജീബ് റഹ്മാൻ | 4/2020 വരെയാണ് വാടക അടച്ചത്<br>20-21-6985x11<br>21-22-7334x12<br>22-23-7701x12<br>+ പിഴ പലിശ |
| 4 | 5/365<br>ശ്രീ.ഫൈസൽ.വി | 4/2020 വരെയാണ് വാടക അടച്ചത്<br>20-21-5977x11<br>21-22-6276x12<br>22-23-6590x12<br>+ പിഴ പലിശ |
| 5 | 5/366<br>ശ്രീ.കെ.ടി ഷഫീഖ് | 6/2021 വരെയാണ് വാടക അടച്ചത്<br>21-22-1677x9<br>22-23-1761x12<br>+ പിഴ പലിശ |
| 6 | 5/367<br>ശ്രീ.കെ.ടി ഷഫീഖ് | 6/2021 വരെയാണ് വാടക അടച്ചത്<br>21-22-1823x9<br>22-23-1914x12<br>+ പിഴ പലിശ |
| 7 | 5/370<br>ശ്രീ.സെയ്തലവി | 11/2020വരെയാണ് വാടക അടച്ചത്<br>20-21- 1106x4<br>21-22-1161x12<br>22-23-1219x12<br>+ പിഴ പലിശ |
| 8 | 5/371<br>ശ്രീ.എസ്സി കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 3/2021വരെയാണ് വാടക അടച്ചത്<br>21-22-797x12<br>22-23-837x12<br>+ പിഴ പലിശ |
| 9 | 5/372<br>ശ്രീ.കെ.മൂസക്കോയ | 1/2021 വരെയാണ് വാടക അടച്ചതാ<br>20-21 - 6545x2<br>21-22- 6872x12 |

| | | |
|---|---|---|
| | | 22-23-7216x12<br>+ പിഴ പലിശ |
| 10 | 5/377<br>ശ്രീ.പി.ടി വാസുദേവൻ | 12/2021 വരെയാണ് വാടക അടച്ചത്<br>20-21 -2561x3<br>21-22-2659x12<br>22-23-2823x12<br>+ പിഴ പലിശ |
| 11 | 5/379<br>ശ്രീ.മുജീബ് റഹ്മാൻ | 8/2021 വരെയാണ് വാടക അടച്ചത്<br>21-22-8814x7<br>22-23-9255x12<br>+ പിഴ പലിശ |
| 12 | 5/381<br>ശ്രീ.മുഹമ്മദ് ഷാഫി | 3/2021വരെയാണ് വാടക അടച്ചത്<br>21-22-5027x12<br>22-23-5278x12<br>+ പിഴ പലിശ |
| 13 | 5/382<br>ശ്രീ.ടി .ജയപ്രകാശ് | 10/2020വരെയാണ് വാടക അടച്ചത്<br>20-21 -4070x5<br>21-22-4273x12<br>22-23-4486x12<br>+ പിഴ പലിശ |
| 14 | 5/384<br>ശ്രീ.പി കൊറ്റിക്കുട്ടി | 1/2020 വരെയാണ് വാടക അടച്ചത്<br>19-20-2912x2<br>20-21-3058x12<br>21-22-3253x12<br>22-23-3416x12<br>+ പിഴ പലിശ |
| 15 | 5/393<br>ശ്രീ.കെ. സി . കുഞ്ഞോയി | 12/2021 വരെയാണ് വാടക അടച്ചത്<br>21-22-3656x3<br>22-23-3839x12<br>+ പിഴ പലിശ |
| 16 | 5/396 ബിഎസ്എൻഎൽ ടെലഫോൺ എക്സ്ചേഞ്ച് | 7/2019 വരെയാണ് വാടക അടച്ചത്<br>19-20-15600x3<br>20-21-16380x12<br>21-22-17199x12<br>22-23-18059x12<br>+ പിഴ പലിശ |
| 17 | 5/396 ബി.എസ്.എൻ.എൽ ടവർ | 7/2019 വരെയാണ് വാടക അടച്ചത്<br>19-20-1029x3<br>20-21-1081x12 |

| | | |
|---|---|---|
| | | 21-22-1135x12<br>22-23-1191x12<br>+ പിഴ പലിശ |
| പുല്ലംകുന്ന് വ്യവസായ എസ്റ്റേറ്റ് കെട്ടിടം | | |
| 18 | 1/317A<br>ശ്രീ.മുഹമ്മദ് സിയാസ് | 6/2022 വരെയാണ് വാടക അടച്ചത്<br>22-23-4657x9<br>+ പിഴ പലിശ |
| 19 | 1/317A1<br>ശ്രീ.മുഹമ്മദ് സിയാസ് | 11/2021 വരെയാണ് വാടക അടച്ചത്<br>21-22-4435x4<br>22-23-4657x12<br>+ പിഴ പലിശ |
| 20 | 1/317 A3,A4<br>ശ്രീ.പി.രവീന്ദ്രൻ | 6/21 വരെയാണ് വാടക അടച്ചത്<br>21-22-4890x9<br>22-23-5135x12<br>+ പിഴ പലിശ |
| 21 | 1/317A5,A6ശ്രീജിത്ത്.പി | 2018-19 മുതൽ അടവാക്കിയിട്ടില്ല<br>18-19-3831x12<br>19-20-4023x12<br>20-21-4224x12<br>21-22-4435x12<br>22-23-4656x12 |
| 22 | 1/317.A7 -ടി.പിഷീന | 2019-20 മുതൽ അടവാക്കിയിട്ടില്ല<br>19-20-2330x12<br>20-21-2446x12<br>21-22-2568x12<br>22-23-2696x12 |
| 23 | 1/317.A11എലഗെന്റ് ഫുഡ് | 2021-22 മുതൽ അടവാക്കിയിട്ടില്ല<br>21-22-2447x12<br>22-23-2569x12 |

മേൽ കാണിച്ച കണക്കുകളിൽ നിന്ന് നഗരസഭ വാടക പിരിയ്ക്കുന്നതിൽ വരുത്തിയിട്ടുള്ള അലംഭാവം വ്യക്തമാകുന്നതാണ്. ആകെ രണ്ട് വ്യക്തികളിൽ നിന്ന് മാത്രമേ റവന്യൂറിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ളൂ. ആയവയിൽ തന്നെ തുക ഈടാക്കാൻ സാധിച്ചിട്ടില്ല. പല കേസുകളിലും റവന്യൂ റിക്കവറി നടത്തുന്നതിനായി കുറിപ്പുകൾ തയ്യാറാക്കുന്നുണ്ടെങ്കിലും നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നില്ല. വാടക രജിസ്റ്റർ പൂർണമായി രേഖപ്പെടുത്തിയിട്ടില്ല. കുടിശ്ശിക വരവ് സംബന്ധിച്ച വിവരങ്ങളും രജിസ്റ്ററിൽ അപൂർണമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി (Stability) സംബന്ധിച്ച് അടിയന്തിരമായി പരിശോധന നടത്തി, കെട്ടിടം പൊളിച്ച് മാറ്റേണ്ടതുണ്ടോയെന്നതു സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതും, പൊളിച്ച് നീക്കുന്നില്ലെങ്കിൽ നിലവിൽ പ്രവർത്തിക്കുന്ന വാടകക്കാരുമായി നിയമാനുസൃത കരാറിൽ ഏർപ്പെട്ട്, നാളിതുവരെയുള്ള കുടിശ്ശിക വാടക ഈടാക്കേണ്ടതുമാണ്. ഈ വിഷയത്തിന്റെ തുടർ നടപടികൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-21 പരുത്തിപ്പാറ വായന ശാല കെട്ടിടത്തിലെ വാടക നഷ്ടപ്പെടുത്തുന്നു

പരുത്തിപ്പാറ വായനശാല കെട്ടിട (നമ്പർ 10/161(i)) ത്തിന്റെ താഴെ നിലയിലുള്ള മുറി ശ്രീ. ഇഫ്ര റഹ്മാൻ എന്ന വ്യക്തിയ്ക്ക് 2020-21 വരെ വാടകയ്ക്ക് നൽകിക്കൊണ്ടിരിക്കുകയായിരുന്നു. 20-21 വർഷത്തിൽ നഗരസഭ വായനശാലയ്ക്ക് വേണ്ടി ഈ മുറി ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ ഈ മുറി നാളിതുവരെ വായനശാലയ്ക്ക് വേണ്ടി ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല. കെട്ടിടം വായനശാലയ്ക്ക് ഉപയോഗിക്കാതെ വാടക നഷ്ടം വരുത്തിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(ഓഡിറ്റ് എൻക്വയറി നമ്പർ 29/21-22 തീയതി 28.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വായനശാലാ പ്രവർത്തനം ആരംഭിക്കുന്നില്ലെങ്കിൽ മുൻ വർഷങ്ങളിൽ നൽകിയ പോലെ വാടകയ്ക്ക് നൽകാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-22 ഇ-ടെണ്ടർ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ, നഗരസഭ അക്കൗണ്ടിലേക്ക് ലഭ്യമാകുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കുന്ന പദ്ധതികളിൽ ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീസ് ഇനത്തിലുള്ള വരവ് നഗര സഭയുടെ അക്കൗ ണ്ടിൽ വരവ് വരുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികളിൽ ടെണ്ടർ ഫീസ് ആയി കരാറുകാർ അടക്കുന്ന തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-67254810804)ക്രെഡിറ്റ് ആകുന്നില്ല . ഈ അക്കൗണ്ടിൽ 13.2.23 ൽ 2837 രൂപയാണ് നീക്കിയിരിപ്പുള്ളത്. തുകകൾ എവിടെ ക്രഡിറ്റാക്കുന്നുവെന്ന കാര്യത്തിൽ വ്യക്തത നൽകേണ്ടതാണ്. ടെണ്ടർ ഫീസ് ഇനത്തിൽ ലഭ്യമായ തുക നഗര സഭ ഫണ്ടിലേയ്ക്ക് അടയ്ക്കുകയോ വരവ് വാർഷികകണക്കിൽ ഉൾപ്പെടുത്തുകയോ ചെയ്യിട്ടില്ല. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റീരിയൽ സപ്ലെ ചെയ്യുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചാണ് കരാറുകാരെ കണ്ടെത്തിയിട്ടുള്ളത്. വിവിധ വാർഡുകളിലെ പ്രവൃത്തികൾക്കായുള്ള മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനുള്ള ടെണ്ടർ ഫീ, എന്നീയിനത്തിൽ കരാറുകാർ ഓൺലൈനായി അടവാക്കുന്ന തുക നഗരസഭ ഫണ്ടിൽ വരവ് വന്നിട്ടില്ല. കരാറുകാർ ഇ-ടെണ്ടർ ഫീ തുക ഏത് അക്കൗണ്ടിലേക്കാണ് അടവാക്കിയിരിക്കുന്നത് എന്നതിന്റെയും, ആയത് നഗര സഭയിൽ ലഭിച്ചതിന്റെയും വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഫറോക്ക് സബ് ട്രഷറിയിൽ രാമനാട്ടുകര അസി.എഞ്ചിനീയറുടെ പേരിൽ 799011400004518 എന്ന നമ്പറിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൌണ്ട് നിലനിൽക്കുന്നു. ഓഡിറ്റ് സമയം പ്രസ്തുത അക്കൌണ്ടിന്റെ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയപ്പോൾ 25.3.23 ൽ ഈ അക്കൊണ്ടിൽ 28236/- രൂപ നീക്കിയിരിപ്പുമുണ്ട്. തനതു ഫണ്ട് വിനിയോഗിച്ചുള്ള ചില പൊതുമരാമത്ത് പ്രവർത്തികളുടെ ബിൽ നല്കുമ്പോൾ നഗരസഭ സെക്രട്ടറി അസി.എഞ്ചിനീയറുടെ പേരിൽ ട്രഷറി ചെക്ക് നൽകുകയും, ഈ തുക അസിസ്റ്റന്റ് എഞ്ചിനീയർ ചെക്ക് മുഖേന ബന്ധപ്പെട്ട കരാറുകാർക്ക് നൽകുകയുമാണ് ചെയ്യുന്നത്. മേൽ രീതിയിൽ വിവരിച്ച അക്കൗണ്ട് തുടങ്ങുവാനുണ്ടായ സാഹചര്യവും, തനതുഫണ്ട് ചെലവുകൾ നടത്തുമ്പോൾ ആയത് കരാറുകാരന് നേരിട്ട് ട്രാൻസ്ഫർ ചെയ്യാതെ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നടത്തുന്നതിനുള്ള കാരണവും വിശദീകരിക്കേണ്ടതാണ്.

1-23 ഓഡിറ്റ് നിർദ്ദേശം നൽകിയിട്ടും നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നഗരസഭാ ഫണ്ടിലേക്കുള്ള വരവിനമായ വർക്കേഴ്സ് വെൽഫെയർ ഫണ്ട് കളക്ഷൻ ചാർജ് ഈടാക്കാതെ തുക പൂർണ്ണമായും ബോർഡിലേക്ക് അടവാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനും ചട്ടപ്രകാരമുള്ള കളക്ഷൻ ചാർജ് ഈടാക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. 1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് ആക്ട്

സെക്ഷൻ 3-3 പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ 1% ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ 1% ഇതിന്റെ കളക്ഷൻ ചാർജ്ജ് ഇനത്തിൽ അതാത് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. നിലവിലും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിടിച്ച ക്ഷേമനിധി വിഹിതത്തിന് കളക്ഷൻ ചാർജ് ഈടാക്കാതെ ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തുകയാണ് ചെയ്യുന്നത്.
അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

## 1-24 പെൻഷൻ ഫണ്ട് വിഹിതം അടക്കുന്നതിൽ വീഴ്ച

മുനിസിപ്പാലിറ്റിയുടെ തനത്ഫണ്ട് വൗച്ചർ, ഫയലുകൾ 21-22 ലെ വാർഷിക കണക്ക് എന്നിവ പരിശോധിച്ചതിൽ 1.4. 2013 നശേഷം ജോലിയിൽ പ്രവേശിച്ച 16 ജിവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം അടവാക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. 21-22 ലെ ബി 4 സ്റ്റേറ്റ്മെന്റ് പ്രകാരം 350110601 , 350200129, ഹെഡിനങ്ങളിൽ യഥാക്രമം 1200064, 1132818, തുകകൾ പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതത്തിൽ ബാലൻസുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

07.01.2013 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 20/2013 ധന സർക്കാർ ഉത്തരവ് പ്രകാരം കേരള സർവ്വീസ് റൂൾസ് പാർട്ട് III ബാധകമാക്കുന്ന തസ്തികകളിലേക്കുള്ള നിയമനങ്ങളിൽ 01.04.2013 മുതൽ നാഷണൽ പെൻഷൻ സിസ്റ്റം ബാധകമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ അടിസ്ഥാന ശമ്പളവും ക്ഷാമ ബത്തയും ചേർന്ന തുകയുടെ 10% വിഹിതം പ്രതിമാസ ശമ്പളത്തിൽനിന്നും റിക്കവറി നടത്തേണ്ടതും നാഷണൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതുമാണ്.

നഗരസഭ ജീവനക്കാരുടെ 2021-22 വർഷത്തെ ശമ്പള ബില്ലുകൾ, ഫയൽ നം എ 4/ 2959/17 ,എന്നിവ പ്രകാരം വിവിധ ജീവനക്കാരുടെ 2018 മെയ് മുതൽ നവംബർ 21 വരെ എൻ.പി.എസ് വിഹിതത്തിലുള്ള അരിയർ തുകയായി 20,93,980 രൂപ അടക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് പിരീഡ് വരെ പ്രസ്തുത തുക അടച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. അക്കൗണ്ട്സ് പ്രകാരമുള്ള ബാലൻസ് തുക കൂടി കണക്കാക്കി എൻ.പി.എസ് വിഹിതത്തിലുള്ള തുക അടവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. എൻ.പി, എസ് വിഹിതം അടവാക്കുന്നതിലെ വീഴ്ചയെ പറ്റി 2018-19 ലെ ഓഡിറ്റ് റിപ്പോർട്ടിലും സൂചിപ്പിച്ചിരുന്നെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. മേൽ അപാകതകൾ സൂചിപ്പിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-25 ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 30(1) ഒന്നാം പട്ടിക പ്രകാരം ചെറുകിട വ്യവസായ മേഖലയിൽ കുടിൽ ഗ്രാമീണ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക , കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കുക, ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക തുടങ്ങി വ്യവസായ മേഖലയിൽ 8 അനിവാര്യ ചുമതലകൾ മുനിസിപ്പാലിറ്റി നിർവ്വഹിക്കേണ്ടതുണ്ട്. 2021-22 വർഷം ഈ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടില്ല. 2022-23 വർഷത്തിലും ഈ മേഖലയിൽ പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടില്ല. മേൽ വീഴ്ചകൾ ചെറുകിട വ്യവസായ മേഖലയിലെ വികസനത്തിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കാത്തതിനുള്ള കാരണം വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (40//28-3-23) മറുപടി നൽകിയിട്ടില്ല. തുടർ വർഷങ്ങളിൽ ഈ മേഖലയിൽ പ്രോജക്ടുകൾ രൂപീകരിച്ച് നിർവ്വഹണം നടത്തി അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-26 സർക്കാർ അനുമതി നൽകിയ ലിസ്റ്റിലില്ലാത്ത ഫർണ്ണിച്ചറുകൾ പൊതുമേഖലാ സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങി

പ്രൊജക്റ്റ് നം -52/22

പേര് - 8,9 ക്ലാസ് വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ

നിർവ്വഹണം - എസ്.സി.ഡി.ഒ

ചെലവ് തുക – 209986(വികസന ഫണ്ട് എസ്.സി.പി)

ബിൽ നം - 29/23-3-22

മേൽ പ്രൊജക്റ്റ് പ്രകാരം പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുന്നതിന് കാഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് മേശയും കസേരയും വാങ്ങിയിട്ടുണ്ട്. തദ്ദേശസ്വയം സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ കാഡ്കോയിൽ നിന്നും നേരിട്ട് വാങ്ങാൻ അനുമതിയുള്ള സ്റ്റീൽ, മര ഫർണ്ണിച്ചറുകളുടെ ഉത്തരവുകളും അനുബന്ധ ലിസ്റ്റും ഓരോ വർഷവും സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ് പുതുക്കി നൽകിയിട്ടുണ്ട്. അപ്രകാരം പുതുക്കി നൽകിയ ഉത്തരവുകളിൽ (സ.ഉ.(ആർ.ടി)നം.20/2021/SPD തീ-28-9-2021, സ.ഉ.(ആർ.ടി) നം.21/2021/SPD തീ-28-9-2021) പറഞ്ഞിട്ടുള്ള അനുബന്ധ ലിസ്റ്റിൽ ഉൾപ്പെടാത്ത ഫർണ്ണിച്ചറുകൾക്കാണ് പദ്ധതിയിൽ തുക വകയിരുത്തി ചെലവഴിച്ചിട്ടുള്ളത്. വാങ്ങിയ സാധനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇനം | എണ്ണം | ആകെ വില |
|---|---|---|
| Steel Table<br>Size 3'x2' With One Drawer And Cupboard 18 Mm Novopan Top- 20 Guage | 42 | 99634 |
| Hard Wood Chair<br>Armed – Plank Seat And Reaper Back | 42 | 78330 |
| Sgst And Cgst(18%) | | 32031.72 |
| Round Off | | .28 |
| ആകെ | | 209986 |

സർക്കാർ അനുമതി നൽകിയ ലിസ്റ്റിലുള്ള സാധനങ്ങളല്ലാത്തപക്ഷം ക്വട്ടേഷൻ/ടെണ്ടർ തുടങ്ങി സ്റ്റോർ പർച്ചേസ് മാന്വലിൽ നിർദ്ദേശിക്കുന്ന മറ്റ് വാങ്ങൽ നടപടികൾ സ്വീകരിച്ച് സാധനങ്ങൾ

വാങ്ങാവുന്നതും അപ്രകാരമുള്ള ക്വട്ടേഷൻ/ടെണ്ടറിൽ കാഡ്കോയ്ക്കും പങ്കെടുക്കാവുന്നതുമാണ്. കാഡ്കോയിൽ നിന്നും ഫർണ്ണീച്ചറുകൾ വാങ്ങുമ്പോൾ അവർ സ്വന്തം നിലയിൽ നിർമ്മിക്കുന്ന സ്റ്റീൽ,വുഡൻ ഫർണ്ണിച്ചറുകൾ മാത്രമേ ക്വട്ടേഷൻ/ടെണ്ടർ നടപടികളില്ലാതെ നേരിട്ട് വാങ്ങുവാൻ പാടുള്ളൂ എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. വിതരണം ചെയ്യുന്ന എല്ലാ സാധനങ്ങളും നേരിട്ട് നിർമ്മിച്ചതാണെന്നും പുറത്തുനിന്നും വാങ്ങിയതല്ലെന്നും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് കാഡ്കോ മാനേജിംഗ് ഡയറക്ടറിൽനിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്. അത്തരം സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിച്ചതായും കാണുന്നില്ല.

സർക്കാർ അനുമതി നൽകിയ ലിസ്റ്റിലില്ലാത്ത സാധനങ്ങൾ പൊതുമേഖലാ സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(5/27-3-23) മറുപടി നൽകിയിട്ടില്ല. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നൽകുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു .

1-27 പ്രോജക്ടുകൾ ലക്ഷ്യം കൈവരിച്ചില്ല.

എസ്.സി.ഡി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ താഴെ കൊടുത്തിരിക്കുന്ന പ്രൊജക്ടുകൾ പ്രകാരം വിവിധ ഗുണഭോക്താക്കളുടെ പഠന മുറി , വീട് റിപ്പയർ എന്നിവ പൂർത്തീകരിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 179/22(സ്പിൽ ഓവർ) എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി | 525000 | 300000 |
| 2 | 73/22എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി | 1025000 | 525000 |
| 3 | 54/22 ഭവന പുനരുദ്ധാരണം എസ്.സി | 1000000 | 950000 |
| 4 | 126/22 എസ്.സി ഭവന പുനരുദ്ധാരണം (വനിത) | 2300000 | 2008245 |

ക്രമ നം.1 പ്രോജക്ട് പ്രകാരം എഗ്രിമെന്റ് വച്ച 10 പേരിൽ താഴെ കൊടുത്തിരിക്കുന്ന 3 ഗുണഭോക്താക്കൾ ഇതുവരെയും പഠനമുറി പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | എഗ്രിമെന്റ് വച്ച തീയ്യതി | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | പ്രസീത.പി ബംഗ്ലാവ് പറമ്പ് രാമനാട്ടുകര | 11-11-2019 | 125000 |
| 2 | രാജൻ.കെ കരളങ്ങോട്ട് | 26-11-2020 | 125000 |

| | | | |
|---|---|---|---|
| | പരുത്തിപ്പാറ | | |
| 3 | സുബ്രഹ്മണ്യൻ പുളിമലത്ത് രാമനാട്ടുകര | 29-10-2020 | 125000 |

ക്രമ നം.2 പ്രോജക്റ്റ് പ്രകാരം എഗ്രിമെന്റ് വച്ച 7 പേരിൽ താഴെ കൊടുത്തിരിക്കുന്ന 2 ഗുണഭോക്താക്കൾ ഇതുവരെയും പഠനമുറി പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | എഗ്രിമെന്റ് വച്ച തീയ്യതി | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ശിവദാസൻ.പി പട്ടായിക്കൽ വൈദ്യരങ്ങാടി | 8-2-22 | 50000 |
| 2 | വിജയലക്ഷ്മി പ്രപഞ്ചിക രാമനാട്ടുകര | 5-2-22 | 50000 |

ക്രമ നം.3 പ്രോജക്റ്റ് പ്രകാരം എഗ്രിമെന്റ് വച്ച 10 പേരിൽ പ്രദീപ്.സി, ചാത്തം പറമ്പ്,ഫറൂഖ് കോളേജ് എന്ന ഗുണഭോക്താവ് ഒന്നാം ഗഡുവായ 50000 രൂപ 21-2-22 ന് കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ പണി പൂർത്തിയാക്കി അവസാന ഗഡുവായ 50000കൈപ്പറ്റിയിട്ടില്ല.

ക്രമ നം.4 പ്രകാരം എഗ്രിമെന്റ് വച്ച എസ്.സി.ഭവന പുനരുദ്ധാരണം എന്ന പ്രോജക്ടിലെ 2 ഗുണഭോക്താക്കൾ ഇതുവരെയും ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയ തീയ്യതി |
|---|---|---|---|
| 1 | ബേബി സുമതി മേലേ വെഴത്തോടത്ത് ചുള്ളി പറമ്പ് | 58245 | 12-11-22 |

| | | | |
|---|---|---|---|
| 2 | മാധവി.കെ<br>കൊഴിഞ്ഞപ്പൊറ്റ<br>തുമ്പപ്പാടം | 75000 | 21-1-22 |

മേൽ ഗുണഭോക്താക്കളുടെ പദ്ധതി പൂർത്തീകരണത്തിനായി കൈക്കൊണ്ട നടപടികൾ വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(5/27-3-23) മറുപടി നൽകിയിട്ടില്ല. മേൽ ഗുണഭോക്താക്കളുടെ പഠനമുറി/ ഭവന പുനരുദ്ധാരണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് പ്രോജക്ട് പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-28 വരൾച്ചാ ദുരിതാശ്വാസ കുടിവെള്ള വിതരണം- നിർവ്വഹണത്തിലെ അപാകതകൾ

നഗരസഭാ പരിധിയിൽ 2021 ഏപ്രിൽ, മെയ് മാസങ്ങളിൽ കരാറടിസ്ഥാനത്തിൽ 1000 ലിറ്ററിന് 160 രൂപ നിരക്കിൽ ശ്രീ വരുൺ.എം.കെ എന്ന കരാറുകാരൻ കുടിവെള്ള വിതരണം നടത്തിയിട്ടുണ്ട്. 24-4-21 മുതൽ 30-5-21 വരെയുള്ള കാലയളവിൽ വരൾച്ച ബാധിച്ച വിവിധ വാർഡുകളിലായി കുടിവെള്ളം വിതരണം ചെയ്തതിന് ലിറ്ററടിസ്ഥാനത്തിൽ നഗരസഭയ്ക്ക് 76800 രൂപ തൻവർഷം തനതു ഫണ്ടിൽ നിന്നും 26/22 പ്രോജക്ട് മുഖേന ചെലവായിട്ടുണ്ട്. (ബിൽ സാങ്ഷൻ നം. 56/30-9-21 – 76800) .കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1.ജലവിതരണത്തിനുള്ള നിരക്ക് നിശ്ചയിച്ചത് സർക്കാർ നിർദ്ദേശ പ്രകാരമല്ല

ദുരന്ത നിവാരണ വകുപ്പിന്റെ 23.02.2017 ലെ 787/2017/ഡി.എ.ഡി നമ്പർ ഉത്തരവ് ഖണ്ഡിക.4(g) പ്രകാരം ജല വിതരണത്തിന് കിലോമീറ്റർ അടിസ്ഥാനത്തിലാണ് റേറ്റ് നിർണ്ണയിക്കേണ്ടതെന്നും ജില്ലാ കലക്ടർ നിർണ്ണയിക്കുന്ന നിരക്കിനേക്കാളും കുറഞ്ഞ നിരക്കിൽ ആണ് നഗരസഭകൾ ജലവിതരണം നടത്തേണ്ടത് എന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ വിതരണം ചെയ്ത വെള്ളത്തിന്റെ ലിറ്റർ അടിസ്ഥാനത്തിലാണ് കരാറുകാർക്ക് തുക നൽകിയത്.

2.ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ള വിതരണം നടത്ത യിട്ടും ജിപി.എസ്. ട്രിപ്പ് റിപ്പോർട്ടും വാഹനത്തിന്റെ ട്രിപ്പ് ഷീറ്റും പരിശോധിക്കാതെ തുക നൽകി .

ജില്ലാതല റവന്യൂ അധികാരികൾക്ക് കുടിവെള്ള വിതരണം സംബന്ധിച്ച് മോണിറ്ററിങ്ങ് നടത്തുന്നതിന് GPS ട്രാക്കിംഗിനുള്ള സംവിധാനം നിർബന്ധമായും തദ്ദേശ മേധാവികൾ ഏർപ്പെടുത്തണം . GPS ട്രിപ്പ് റിപ്പോർട്ടും വാഹനത്തിന്റെ ട്രിപ്പ് റിപ്പോർട്ടും പരിശോധന നടത്തി സുതാര്യത ഉറപ്പുവരുത്തിയാണ് തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ തുക വിനിയോഗിക്കേണ്ടത്. കുടിവെള്ള വിതരണം നടത്തിയ ടാങ്കർ ലോറിയിൽ (KL 58/4881) ജി.പി.എസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഫയലിൽ ലഭ്യമാക്കിയ GPS ട്രിപ്പ് റിപ്പോർട്ട് 24-4-21 മുതൽ 29-4-21 വരെ, 2-5-21 മുതൽ 14-5-21 വരെ, 21-5-21 മുതൽ 27-5-21 വരെ എന്നിങ്ങനെയുള്ള കാലയളവുകളിലേക്കുള്ളതാണ്. വിതരണം ചെയ്ത മുഴുവൻ കാലയളവുകളിലേക്കുമുള്ള GPS ട്രിപ്പ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഫയലിൽ ലഭ്യമാക്കിയ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് 22-5-20 മുതൽ 2-6-20 വരെയുള്ള കാലയളവുകളിലുള്ളതാണ്. 21-22 കാലയളവിലെ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല. 1000 ലിറ്റർ വെള്ളത്തിന് 160 രൂപ എന്ന നിരക്കിൽ 480000 ലിറ്റർ വെള്ളം വിതരണം ചെയ്തതിനാണ് 76800 രൂപ നൽകിയിരിക്കുന്നത്. GPS ട്രിപ്പ് ഷീറ്റ് വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് എന്നിവ തമ്മിൽ താരതമ്യം ചെയ്ത് ലിറ്ററിന്റെ അളവ് കണക്കാക്കി ചെലവ് തുകയുടെ കൃത്യത ഉറപ്പാക്കാതെയാണ് കരാറുകാർക്ക് തുക അനുവദിച്ചിരിക്കുന്നത്.

3. വിതരണം നടത്തിയ കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണമേൻമയും ഉറപ്പാക്കിയില്ല.

3-4-2021 ൽ കരാറുകാരനുമായി വച്ച എഗ്രിമെന്റിലെ 3-ാം നമ്പർ വ്യവസ്ഥ പ്രകാരം കുടിവെള്ള പരിശോധനാ റിപ്പോർട്ട് വാഹനങ്ങളിൽ സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ട അധികാരികളോ പൊതുജനങ്ങളോ ആവശ്യപ്പെട്ടാൽ കാണിക്കേണ്ടതുമാണ്. 24-4-21 മുതൽ 30-5-21 വരെയുള്ള കാലയളവിൽ വരൾച്ച ബാധിച്ച വിവിധ വാർഡുകളിലായി കരാറുകാരൻ കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ട്. കരാറുകാരൻ എവിടെ നിന്നുമാണ് കുടിവെള്ളം ശേഖരിച്ച് വിതരണം ചെയ്തത് എന്നതിന്റെ വിശദാംശമോ കുടിവെള്ളത്തിന്റെ ഗുണനിലവാരം സംബന്ധിച്ച സാക്ഷ്യപത്രം, ആരോഗ്യ വിഭാഗത്തിന്റെ സാക്ഷ്യപത്രം എന്നിവയോ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. മേൽ കാലയളവിൽ ഇവയെല്ലാം പരിശോധിച്ച് നഗരസഭയുടെ അനുമതിയോടെയാണ് കുടിവെള്ള വിതരണം നടത്തിയതെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4. കുടിവെള്ള വിതരണം സംബന്ധിച്ച വ്യവസ്ഥകൾ ചേർത്ത മുദ്ര പത്രത്തിൽ കരാർ വെച്ചില്ല.

കരാറുകാരൻ മാത്രം ഒപ്പിട്ട 200 രൂപ മുദ്രപത്രത്തിലുള്ള പ്രാഥമിക കരാർ മാത്രമാണ് ഫയലിൽ ലഭ്യമായത്. ടെണ്ടർ ഉറപ്പിച്ച ശേഷം കുടിവെള്ള വിതരണം സംബന്ധിച്ച വ്യവസ്ഥകൾ ചേർത്ത് വച്ച എഗ്രിമെന്റ് ഫയലിൽ ലഭ്യമല്ല. കുടിവെള്ള വിതരണം പോലുള്ള സുപ്രധാനമായ ഒരു പ്രോജക്റ്റിന് കരാർ വെക്കാത്തത് തെറ്റായ നടപടിയാണ്.

5.ഫുഡ് & സേഫ്റ്റി നിയമപ്രകാരമുള്ള വ്യവസ്ഥകൾ ഉറപ്പുവരുത്താതെ കുടിവെള്ള വിതരണം നടത്തി .

2006 ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം വകുപ്പ് 3 (ജെ) പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നതാണ്. ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ നിയമം 2011 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എടുക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത് കുടിവള്ളം വിതരണം /വിൽപ്പന നടത്താൻ പാടുള്ളൂ. കുടിവള്ള വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ
വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ഈ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകളെ ലൈസൻസിൽ രേഖപ്പെടുത്തി പ്രത്യേകം ലൈസൻസ് എടുത്തിരിക്കണം. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പർ രേഖപ്പെടുത്തണം.

എന്നാൽ കുടിവള്ളം വിതരണം നടത്തിയ വാഹനത്തിന് എഫ്.ബി.ഒ. ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ കരാറുകാരൻ ഹാജരാക്കിയിട്ടില്ല. കുടിവെള്ളം വിതരണം ചെയ്യുന്ന ഉപകരണങ്ങൾ ഹെൽത്ത് ഇൻസ്പെക്ടറെ കൊണ്ട് പരിശോധന നടത്തിച്ച് റിപ്പോർട്ട് വാങ്ങേണ്ടതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തി കരാർ ചമച്ചില്ല. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം പ്രകാരം കുടിവള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിങ്ങോ മറ്റ് അനുവദനീയ കോട്ടിങ്ങോ ഉള്ളവയായിരിക്കണം. ആയത് സംബന്ധിച്ച പരിശാധന റിപ്പോർട്ടുകൾ ഫയലിൽ ലഭ്യമാക്കിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3 /2020-21 തീയതി 27--3-23) മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് രേഖകൾ സഹിതം വ്യക്തമായ മറുപടി നൽകി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-29 കേരള വാട്ടർ അതോറിറ്റിയുടെ കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ധനസഹായം അനുവദിച്ചു.

| പ്രൊജക്റ്റ് നം/പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ സാങ്ഷൻ നം /തീയ്യതി |
|---|---|---|---|
| 78/22 | 600000(വി.ഫണ്ട്.എസ്.സി.പി) | 120000 | 162/22-1-22 |

| | | | |
|---|---|---|---|
| എസ്.സി കുടുംബങ്ങൾക്ക് KWA കണക്ഷൻ | | 148000<br>48000<br>24000<br>72000<br>48000<br>90000<br>60000 | 181/1-2-22<br>214/10-2-22<br>185/3-2-22<br>238/24-2-22<br>248/26-2-22<br>275/8-3-22<br>335/22-3-22 |
| | ആകെ | 600000 | |

എസ്.സി.ഡി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് മുഖേന 100 ഗുണഭോക്താക്കൾക്ക് വാട്ടർ അതോറിറ്റിയിൽ നിന്നും കുടിവെള്ള കണക്ഷൻ എടുക്കുന്നതിന് ധനസഹായമായി ഒരാൾക്ക് 6000 രൂപ നിരക്കിൽ 600000 രൂപ ചെലവഴിച്ചിട്ടുണ്ട്. കണക്ഷൻ ലഭിച്ചതിന് തെളിവായി ലൈസൻസ്ഡ് പ്ലംബർമാരിൽ നിന്നും വാങ്ങിയ ക്വട്ടേഷനും ബില്ലുകളുമാണ് ഗുണഭോക്താക്കളിൽ നിന്നും വാങ്ങി വച്ചിരിക്കുന്നത്. സ.ഉ.കൈ.നം.22/2018/ ത.സ്വ.ഭ.വ, തീയ്യതി : 14-2-2018 പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖ.6.6 പ്രകാരം കുടിവെള്ള കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്കാണ് സബ്സിഡി നൽകേണ്ടത്.

കുടിവെള്ള കണക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ ധനസഹായം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(7/27-3-23) മറുപടി നൽകിയിട്ടില്ല. ചെലവ് തുക 600000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-30 സമീപ പഞ്ചായത്തിലെ ഗുണഭോക്താവിന് മത്സ്യകൃഷിക്ക് ധനസഹായം നൽകി

| പ്രൊജക്റ്റ് നം/പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ സാങ്ഷൻ നം |
|---|---|---|---|
| 178/22 സുഭിക്ഷ കേരളം ബയോഫ്ലോക്ക് മത്സ്യകൃഷി (സ്പിൽ ഓവർ) | 276000(36800-സംസ്ഥാനാവിഷ്കൃതം+73600-തനത് ഫണ്ട്+165600-ഗുണഭോക്തൃ വിഹിതം) | 72180 (തനത് ഫണ്ട്) | 55/25-9-21 |

2020-21 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 180/21 സുഭിക്ഷ കേരളം ബയോഫ്ലോക്ക് മത്സ്യകൃഷി എന്ന പേരിൽ 738000 രൂപ (98400-സംസ്ഥാനാവിഷ്കൃതം+196800-തനത്ഫണ്ട്+442800-ഗുണഭോക്തൃവിഹിതം) വകയിരുത്തി പദ്ധതി വച്ചെങ്കിലും തുകയൊന്നും ചെലവാക്കിയില്ല. തുടർന്ന് പ്രോജക്ട് സ്പിൽ ഓവറായി വച്ച് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ മുഖേന 21-22 വർഷം 2 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. അതിൽ ഒരാളായ ശ്രീ മുഹമ്മദ് ഹസീം(പീടികക്കണ്ടിയിൽ,ഒളവട്ടൂർ,കൊണ്ടോട്ടി,മലപ്പുറം-ജില്ല) എന്ന ഗുണഭോക്താവിന് മത്സ്യകൃഷിക്ക് ധനസഹായമായി 36800 രൂപ ലഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പുളിക്കൽ പഞ്ചായത്തിലെ താമസക്കാരനായ മുഹമ്മദ് ഹസീം 2020-21 വർഷത്തെ മുനിസിപ്പാലിറ്റിയുടെ ഗുണഭോക്തൃ ലിസ്റ്റിലും ഇടം പിടിച്ചിട്ടുണ്ട്. ടിയാന്റെ ഉമ്മയായ ഫാത്തിമാബി , പീടികക്കണ്ടിയിൽ , രാമനാട്ടുകര എന്നവർ രാമനാട്ടുകര മുനിസിപ്പാലിറ്റിയിലുള്ള തന്റെ 2 സെന്റ് സ്ഥലത്ത് മകന് 3 വർഷം മത്സ്യ കൃഷി നടത്താനുള്ള സമ്മതപത്രം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ധന സഹായം അനുവദിക്കുന്നതിന് മുൻപ് ടിയാന് മലപ്പുറം

ജില്ലയിലെ പുളിക്കൽ പഞ്ചായത്തിൽ നിന്ന് തൻവർഷം മത്സ്യകൃഷിക്ക് ധനസഹായം ലഭിച്ചിട്ടില്ലെന്ന് ഉറപ്പാക്കിയില്ല. തുടർന്നുള്ള വർഷങ്ങളിൽ ടിയാൻ മത്സ്യകൃഷി പ്രസ്തുത സ്ഥലത്ത് തുടർന്നിട്ടില്ലെന്നാണ് പ്രൊമോട്ടർ അറിയിച്ചത്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പുളിക്കൽ പഞ്ചായത്തിൽ നിന്ന് തൻവർഷം മത്സ്യകൃഷിക്ക് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (6/27-3-23) മറുപടി നൽകിയിട്ടില്ല. പുളിക്കൽ പഞ്ചായത്തിലെ ഗുണഭോക്താവായ വ്യക്തിക്ക് മുനിസിപ്പാലിറ്റിയിലെ ഒരു ഗുണഭോക്താവിന് ലഭിക്കേണ്ട ധനസഹായം നൽകിയത് അംഗീകരിക്കാനാവില്ല. ടിയാനിൽ നിന്നും തുക ഈടാക്കി അറിയിക്കേണ്ടതാണ്. ചെലവ് തുക 36800 രൂപ തടസ്സത്തിൽ വെക്കുന്നു.

1-31 ചുമതലയിൽപ്പെടാത്ത എയ്ഡഡ് സ്കൂളുകൾക്കും ധനസഹായം നൽകി

തൻവർഷം ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾ പ്രകാരം സർക്കാർ സ്കൂളുകൾക്ക് പുറമെ എയ്ഡഡ് സ്കൂളുകൾക്കും വിദ്യാഭ്യാസ പ്രോജക്ട് മുഖേന ധനസഹായം നൽകിയതായി കണ്ടു.

| ക്രമ നം | പ്രൊജക്ട് നം/പേര് | വകയിരുത്തിയ തുക | ചെലവ് തുക | ബിൽ സാങ്ഷൻ നമ്പർ/തീയ്യതി |
|---|---|---|---|---|
| 1 | 63/22 വിവിധ വിദ്യാലയങ്ങളിലേക്ക് ലാബ് ഉപകരണങ്ങൾ വാങ്ങൽ | 200000(തനത് ഫണ്ട്) | 200000 | 339/23-3-22 |
| 2 | 277/22 കഥ കേട്ട് വളരാം ബാലസാഹിത്യ പുസ്തകങ്ങൾ ലഭ്യമാക്കൽ | 100000 (തനത് ഫണ്ട്) | 100000 | വൗച്ചർ നം-22101049/30-3-22 |

ക്രമ നം .1 പ്രൊജക്ട് പ്രകാരം 26 ഇനങ്ങളിലായി ലാബ്കോ സയന്റിഫിക്ക് ഈങ്ങാപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ 481 ലാബ് ഉപകരണങ്ങളിൽ 108 എണ്ണവും, (അതായത് വാങ്ങിയ ഉപകരണങ്ങളിൽ 22 ശതമാനവും) 5 എയ്ഡഡ് സ്കൂളുകൾക്കായാണ് വിതരണം ചെയ്തിരിക്കുന്നത്. ക്രമ നം.2 പ്രൊജക്ട് പ്രകാരം കറന്റ് ബുക്സ് കോഴിക്കോട് നിന്നും 100000 രൂപ ചെലവഴിച്ച് വാങ്ങിയ 53 ഇനങ്ങളിലെ 545 ബാലസാഹിത്യ പുസ്തകങ്ങളിൽ 3 ഗവൺമെന്റ് സ്കൂളുകൾക്ക് 260 പുസ്തകങ്ങളും 5 എയ്ഡഡ് സ്കൂളുകൾക്ക് 285 പുസ്തകങ്ങളുമാണ് വിതരണം ചെയ്തിരിക്കുന്നത്. അതായത് വാങ്ങിയ പുസ്തകങ്ങളിൽ 50 ശതമാനത്തിലധികവും എയ്ഡഡ് സ്കൂളുകൾക്കാണ് നൽകിയിരിക്കുന്നത്.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ ഒന്നാം പട്ടിക പ്രകാരം സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളുടെയും പ്രൈമറി സ്കൂളുകളുടെയും ഹൈസ്കൂളുകളുടെയും നടത്തിപ്പ് ചുമതല മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമാണ്. എയ്ഡഡ് സ്കൂളുകളുടെ നടത്തിപ്പ് മുനിസിപ്പാലിറ്റിയുടെ ചുമതലയല്ല. ചുമതലയിൽപ്പെടാത്ത എയ്ഡഡ് സ്കൂളുകൾക്ക് പ്രൊജക്ട് വെച്ച് ധനസഹായം നൽകിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (2/27-3-23) ഹെഡ്മാസ്റ്റർ സമർപ്പിച്ച മറുപടിയിൽ കുട്ടികളുടെ പഠന പുരോഗതി മാത്രം ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതികൾ തയ്യാറാക്കിയതെന്നും ഭാവിയിൽ പദ്ധതികൾ രൂപകൽപ്പന ചെയ്യുമ്പോൾ തന്നെ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. ഭാവിയിൽ പ്രൊജക്ട് രൂപീകരണ വേളയിൽ തന്നെ പ്രസ്തുത അപാകത പരിഹരിച്ച് പ്രൊജക്ടുകൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-32 വിവിധ റോഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ - വിനിയോഗ വിവരം ലഭ്യമല്ല.

സെക്രട്ടറി നടപ്പിലാക്കിയ താഴെ കൊടുത്തിരിക്കുന്ന പ്രൊജക്റ്റ് മുഖേന വിവിധ റോഡുകളിൽ ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് രാമനാട്ടുകര, ഫറോക്ക് കെ.എസ്.ഇ.ബി സെക്ഷനുകളിലായി 313479 രൂപ നിക്ഷേപിച്ചിട്ടുണ്ട്.

| പ്രൊജക്റ്റ് നം/പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ സാങ്ഷൻ നം | റിമാർക്സ് |
|---|---|---|---|---|
| 91/22വിവിധ റോഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 400000 (തനതു ഫണ്ട്) | 100973<br>27607<br>168925<br>15974 | 127/1-1-22<br>156/19-1-22<br>194/7-2-22<br>222/16-2-22 | |
| | ആകെ | 313479 | | |

കെ.എസ്.ഇ.ബി നൽകിയ എസ്റ്റിമേറ്റ് പ്രകാരം 313479 രൂപ ഇതിനായി ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് . ഇതിൽ 100973 രൂപ വിനിയോഗിച്ച് പോസ്റ്റുകൾ മാറ്റിയതിന്റെ വിവരം രാമനാട്ടുകര കെ.എസ്.ഇ.ബി സെക്ഷൻ ഹാജരാക്കി. 212506 രൂപയുടെ വിനിയോഗ വിവരം KSEB അറിയിച്ചിട്ടില്ല. 212506 രൂപ ഉപയോഗിച്ച് പോസ്റ്റുകൾ മാറ്റിയതായി നഗരസഭാ എഞ്ചിനീയറിങ് ജീവനക്കാർ പരിശോധിച്ച് ഉറപ്പ് വരുത്തുകയോ, വാർഡ് കൗൺസിലർമാർ പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചതായി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഈ പദ്ധതിയുടെ നിലവിലെ അവസ്ഥ ഓഡിറ്റിന് റിപ്പോർട്ട് ചെയ്യണമെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(4/27-3-23) മറുപടി നൽകിയിട്ടില്ല. ചെലവ് തുക 313479 രൂപ തടസ്സത്തിൽ വെക്കുന്നു. മുകളിൽ പരാമർശിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-33 ഇന്റലിജന്റ് മുനിസിപ്പാലിറ്റി ജി.ഐ.എസ് മാപ്പിംഗ് സർവ്വേ - ഐ.കെ.എം സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിച്ചില്ല.

രാമനാട്ടുകര നഗരസഭയിലെ ആസ്തികളുടേയും അസസ്മെന്റ് പ്രകാരമുള്ള മറ്റ് കെട്ടിടങ്ങളുടേയും ഡാറ്റാ ബേസ് ഉപഗ്രഹ സഹായത്തോടെ തയ്യാറാക്കൽ ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണിത്. കൗൺസിലിന്റെ 5-3-22 ലെ 4 നമ്പർ തീരുമാനപ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് കൗൺസിൽ അംഗീകാരം നൽകി. ഒരു കെട്ടിടത്തിന് 110 രൂപ നിരക്കിൽ 2500 കെട്ടിടം മാപ്പിംഗ് ചെയ്യുന്നതിനും ച. കി. മീറ്ററിന് 7000 രൂപ നിരക്കിൽ 17 യൂണിറ്റ് ബേസ് മാപ്പ് ചെയ്യുന്നതിനും ഡാറ്റ ഇന്റഗ്രേഷൻ, റിപ്പോർട്ട് മാപ്പിംഗ് ആന്റ് ജനറേഷനുമാണ് ഒന്നാം ഘട്ടത്തിൽ ചെയ്യാനുദ്ദേശിച്ചത്. നഗരസഭയുടെ ULCC സമർപ്പിച്ച IPMS (Intelligent Property Management System) റിപ്പോർട്ട് പ്രകാരം Phase I Implementation ന് 1054920 രൂപയാണ് ആകെ ചെലവായി കാണിച്ചിരിക്കുന്നത്. 19-3-22 ന് ULCC യുമായി കരാറിൽ ഏർപ്പെടുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തു. കരാർ പ്രകാരം കരാറിലേർപ്പെട്ട് 6 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. 2021-22, 22-23 വർഷങ്ങളിലായി ULCC സമർപ്പിച്ച ബില്ലുകൾ പ്രകാരം താഴെ കൊടുത്തിരിക്കും വിധം 1011225 രൂപ ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ടിന്റെ പേര്/നമ്പർ | വകയിരുത്തിയ തുക/ഫണ്ടിനം | ചെലവ് തുക | ബിൽ സാങ്ഷൻ/തീയ്യതി |
|---|---|---|---|
| 285/22 ഇന്റലിജന്റ് | 447000 (ധനകാര്യ | 447000 | 346/24-3-22 |

| | | | |
|---|---|---|---|
| മുനിസിപ്പാലിറ്റി ജി.ഐ.എസ് മാപ്പിംഗ് സർവ്വേ | കമ്മീഷൻ ഗ്രാന്റ് ) | | |
| 129/23 ഇന്റലിജന്റ് മുനിസിപ്പാലിറ്റി ജി.ഐ.എസ് മാപ്പിംഗ് സർവ്വേ | 2600000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )+ 400000 (തനത് ഫണ്ട) = 3000000 | 564225 | 193/23-2-2023 |
| | | 1011225 | |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1. പദ്ധതിനിർവഹണത്തിൽ ഐ. കെ. എം. സൂപ്പർവിഷൻ ലഭ്യമാക്കിയില്ല.

24.10.19 ലെ ജി.ഓ (സാധാ) 2556 /18/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജി.ഐ.എസ് മാപ്പിംഗ് നടത്തുന്നതിന് അക്രഡിറ്റഡ് ഏജൻസിയായി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് രാമനാട്ടുകര നഗരസഭയിലെ സമഗ്ര വിവരശേഖരണത്തിനായി ULCC യെ തെരഞ്ഞെടുത്തത്. ഉത്തരവ് പ്രകാരം ജി.ഐ.എസ് മാപ്പിംഗ് ഐ.കെ.എം. സൂപ്പർവിഷനിൽ നടത്തണമെന്ന് അനുശാസിക്കുന്നുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പിൽ ഐ.കെ.എം ഇടപെടൽ ഉണ്ടായതായി കാണുന്നില്ല. പ്രവൃത്തി തുടങ്ങുന്നതിനു മുൻപോ പ്രവൃത്തിയുടെ ഏതെങ്കിലും ഘട്ടത്തിലോ ഐ.കെ.എം – ന്റെ സൂപ്പർവിഷൻ ഉറപ്പാക്കുന്നതിന് നഗരസഭ ആവശ്യപ്പെട്ടതായുള്ള വിവരം ഫയൽ പ്രകാരം ലഭ്യമല്ല. ഉത്തരവ് പ്രകാരം യു.എൽ.സി.സിയുടെ പ്രവൃത്തികൾ സർക്കാർ മാനദണ്ഡ പ്രകാരം ആണോ എന്ന് ഐ.കെ.എം സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ അപ്രകാരം ചെയ്തതായി കാണുന്നില്ല.

2. കെട്ടിടം മാപ്പ് ചെയ്തപ്പോൾ വസ്തു നികുതി നിർണ്ണയത്തെ സഹായിക്കുന്ന വിവരങ്ങൾ ശേഖരിച്ച് ലഭ്യമാക്കിയില്ല .

ULCC നഗരസഭയുടെ വിവരശേഖരണം ഉൾപ്പെടുത്തി തയ്യാറാക്കിയ ദൃഷ്ടി വെബ്സൈറ്റിൽ ലോഗിൻ ചെയ്തപ്പോൾ നഗരസഭയുടെ വസ്തുനികുതി നിരക്ക് നിശ്ചയിക്കുന്നതിനാധാരമായ താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ലഭ്യമായിട്ടില്ലെന്ന് കാണുന്നു.

തറ നിർമ്മിതിയുടെ ഇനം, സെൻട്രലൈസ്ഡ് എ.സി ആണോ അല്ലയോ , റോഡിന്റെ കൃത്യമായ വീതി, മേൽക്കൂരയുടെ ഇനം, കെട്ടിടത്തിന്റെ നില തിരിച്ചുള്ള വിസ്തീർണ്ണം, കെട്ടിടം ഉൾപ്പെടുന്ന മേഖല , കെട്ടിടത്തിന്റെ ഡിമാന്റ് നമ്പർ എന്നിവ ഇതിനായുള്ള ദൃഷ്ടി വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടില്ല. കെട്ടിടം മാപ്പ് ചെയ്യുമ്പോൾ ലഭ്യമാക്കേണ്ട ഡാറ്റ സംബന്ധിച്ച് നഗരസഭ യു.എൽ.സി.സി യുമായി കൃത്യമായ കരാരലേർപ്പെടാത്തതാണ് അപാകതയ്ക്ക് കാരണമായത്.

3. ഐ.കെ.എം സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിച്ച് പ്രവൃത്തി നടത്തിയിട്ടില്ല.

ഉത്തരവ് പ്രകാരം ഐ.കെ.എം. ഉണ്ടാക്കി വിന്യസിച്ചിട്ടുള്ള ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിച്ച് വേണം ജി.ഐ.എസ് മാപ്പിംഗ് നടത്താൻ. എഗ്രിമെന്റ് പ്രകാരം ഡാറ്റാ ഇന്റഗ്രേഷനു കൂടിയുള്ള പണമാണ് ULCCക്ക് നൽകിയിരിക്കുന്നത്. എന്നാൽ വസ്തുനികുതിയുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റാ എൻട്രി ഇതുവരെയും പൂർത്തിയായിട്ടില്ല. നിലവിൽ 31 വാർഡുകൾ ഉണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് വാർഡ് വിഭജനത്തിന് മുൻപുള്ള സമയത്തുള്ള 11 വാർഡുകളുടെ അസസ്മെന്റ് രജിസ്റ്റർ തന്നെയാണ് ഇപ്പോഴും സൂക്ഷിക്കുന്നത്. പഞ്ചായത്ത് വാർഡ്

വിഭജനത്തിന് ശേഷം 19 വാർഡായിട്ടുണ്ട്. ആയതിനാൽത്തന്നെ 31 വാർഡിലുള്ള കെട്ടിടങ്ങൾക്കും ഇപ്പോഴും 19 വാർഡ് അടിസ്ഥാനത്തിലുള്ള നമ്പരുകളാണ് നൽകുന്നത്. എ.ആർ പ്രകാരമുള്ള മുഴുവൻ ബേസ് ഡാറ്റയും സഞ്ചയയിൽ ഡാറ്റാ എൻട്രി ചെയ്തിട്ടില്ല. അതിനാൽ തന്നെ വസ്തുനികുതിയുമായി ബന്ധപ്പെട്ട് ഡാറ്റയുടെ ഇന്റഗ്രേഷൻ സാധ്യമല്ല. കൂടാതെ നഗരസഭയിലെ ആസ്തികളുടെ ഡാറ്റാബേസ് എത്രത്തോളം കൃത്യതയുണ്ട് എന്ന് പരിശോധിക്കുന്നതിനായി ലഭ്യമാക്കിയ ഡാറ്റ നിലവിലെ ആസ്തി രജിസ്റ്ററുമായി സംയോജിപ്പിച്ച് കൃത്യമായ വിവരം ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം ഐ.കെ.എം. സോഫ്റ്റ്‌വെയറുകളുമായി പൂർണ്ണമായും സംയോജിപ്പിക്കാൻ കഴിയില്ല എന്നറിഞ്ഞിട്ടും സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിക്കുകയാണ് ചെയ്തിരിക്കുന്നത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് (12/28-3-23) മറുപടി നൽകിയിട്ടില്ല.

അപാകതയ്ക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. നിലവിൽ ഒന്നാം ഘട്ടത്തിൽ 2500 ലധികം വീടുകളുടെ ഡാറ്റ എൻട്രി മാത്രമാണ് പൂർത്തിയാക്കിയിരിക്കുന്നത്. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റാ എൻട്രികൾ പൂർത്തിയാക്കിയാൽ മാത്രമേ ULCC ലഭ്യമാക്കുന്ന ഡാറ്റ സഞ്ചയയുമായി ഇന്റഗ്രേഷൻ നടത്തി നികുതി പരിഷ്കരണം കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ രണ്ടാംഘട്ടം നടപ്പിലാക്കുമ്പോൾ ആയതിനു മുന്നോടിയായി സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റാ എൻട്രികൾ പൂർത്തിയാക്കിയതിനു ശേഷം യു.എൽ.സി.സി യുമായി ബന്ധപ്പെട്ട് അവർ തയ്യാറാക്കിയ IPMS റിപ്പോർട്ട് ഐ.കെ.എം. സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിക്കാൻ നിർദ്ദേശിക്കേണ്ടതും പ്രസ്തുത ഡാറ്റ നഗരസഭ ഉപയോഗപ്പെടുത്തി അറിയിക്കേണ്ടതുമാണ്. അതുവരെ 2021-22 വർഷത്തെ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

1-34 വനിതാ ഘടകപദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ

വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി 21-22 വർഷത്തിൽ താഴെ പറയുന്ന നിർവഹണ ഉദ്യോഗസ്ഥർ ചുവടെ ചേർത്ത പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ: പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | പ്രോജക്ട് നമ്പർ : 12/22.വനിതകൾക്ക് പെണ്ണാട് വളർത്തൽ വിതരണം (വനിത) നിർവഹണം,വെറ്ററിനറിസർജൻ | 744000/- (വികസനഫണ്ട് ജനറൽ 372000.ഗു.വി 372000 | 294000 (വികസനഫണ്ട് ജനറൽ) ഗുണഭോക്തൃ വിഹിതം 372000 |
| 2 | പ്രോജക്ട് നമ്പർ6/22.ഇടവിളക്കിറ്റ് വിതരണം. (വനിത) നിർവഹണം, കൃഷി ഓഫീസർ | 173000 (വികസനഫണ്ട് ജനറൽ | 173000 (വികസന ഫണ്ട് ജനറൽ |

| | | | |
|---|---|---|---|
| 3 | പ്രോജക്ട് നമ്പർ 250/22. ചട്ടിയിൽ പച്ചക്കറികൃഷി (വനിത)നിർവഹണം, കൃഷി ഓഫീസർ | 371250 (വികസനഫണ്ട് ജനറൽ) മറ്റുള്ളവ 123750 | 371250 (വികസനഫണ്ട് ജനറൽ) മറ്റുള്ളവ 123750 |
| 4. | പ്രോജക്ട് നമ്പർ 60/22.പാലിന് സബ്സിഡി ഡെപ്യൂട്ടിഡയറക്ടർ , ക്ഷീര വികസനം | 315000 (വികസനഫണ്ട് ജനറൽ) മറ്റുള്ളവ 202584 | 315000 (വികസനഫണ്ട് ജനറൽ) മറ്റുള്ളവ 202584 |

പദ്ധതി രൂപീകരണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു. സ.ഉ (കൈ)നം.11/2018 /തസ്വഭവ.തീ.29.1.2018 ഖണ്ഡിക 6.3 പ്രകാരം സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാ ഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. ഉത്പാദനാധിഷ്ഠിതവും സേവനാധിഷ്ഠിതവുമായ നൂതന സംരംഭങ്ങൾ കുടുംബശ്രീയുടെ സഹായത്തോടെ ആരംഭിക്കാനുള്ള പ്രൊജക്ടുകൾക്ക് രൂപം നൽകാവുന്നതാണ്. സ്ത്രീകളുടെ തൊഴിൽ, വരുമാന വർദ്ധനവിനായി സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പുറമെ സ്ത്രീകളുടെ ലേബർബാങ്ക്, സ്വയം തൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങളുടെ വിപണനത്തിന് വിപണന കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കാവുന്നതാണ്. മുകളിൽ സൂചിപ്പിച്ച പദ്ധതികൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല.

2020-21 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖ.1-34 ആയി പ്രസ്തുത അപാകത ഉൾപ്പെടുത്തിയെങ്കിലും 2021-22 ലും അപാകത ആവർത്തിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ നിർവ്വഹണം നടത്തിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. അപാകതയ്ക്ക് വ്യക്തമായ മറുപടി നൽകേണ്ടതും ഭാവിയിൽ പ്രോജക്ട് രൂപീകരണവേളയിൽ തന്നെ പ്രസ്തുത അപാകത പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-35 മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

പ്രോജക്ട്നം : 32/21-22 ,

അടങ്കൽ : 300000/-മെയിന്റനൻസ് ഫണ്ട്(നോൺറോഡ്)

ചെലവ് : 300000/-

ബിൽനം : 179 /29.1.23

മേൽ സൂചിപ്പിച്ച പ്രോജക്ട് പ്രകാരം രാമനാട്ടുകര ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി മരുന്ന് വാങ്ങുന്നതിനായി ഹോംകോയിലേയ്ക്ക് 300000/- രൂപ കൈമാറിയിട്ടുണ്ട്. ഇതിൽ 186442/ രൂപയുടെ മരുന്നുകൾ മാത്രമാണ് ഓഡിറ്റ് തിയ്യതിവരെ ലഭ്യമായത്. (ഇൻവോയിസ് നം.എൽ.എഫ്. 1093/23.11.23,എൽ.എഫ്. 1093/17.2.23 ) 17-4-21 ന് അപ്രൂവൽ ലഭിച്ച പ്രോജക്ടിന്റെ ഇൻവോയിസ് തയ്യാറാക്കി നിർവഹണ ഉദ്യോഗസ്ഥ ബിൽ സമർപ്പിച്ചത് 29.1.23 നാണ്. അതുകൊണ്ട് തന്നെ ഹോംകോയുടെ പ്രയോറിറ്റി ലിസ്റ്റിൽ 1053 ആയാണ് രാമനാട്ടുകരയുടെ പേർ രേഖപ്പെടുത്തിയിരിക്കുന്നത്. ബാക്കിയുള്ള മരുന്ന് ലഭ്യമാക്കാൻ വേണ്ടി

നിർവഹണ ഉദ്യോഗസ്ഥ 11.3.23 ന് ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. 113558/- രൂപയുടെ മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്. അതുവരെ 113558/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-36 ചെലവ് തുക മുഴുവൻ കരാറുകാർക്ക് അനുവദിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ തനതുഫണ്ട് അടങ്കലിൽ നിർവ്വഹണം നടത്തിയ പദ്ധതികളിലെ റിക്കവറി തുകകൾ ഉൾപ്പെടെയുള്ള ചെലവ് തുകകൾ മുഴുവനും കരാറുകാരനാണ് അനുവദിക്കുന്നത്. അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികൾക്ക് തുക ചെലവഴിക്കുമ്പോൾ തയ്യാറാക്കുന്ന സാംഖ്യ ബില്ലിൽ നിന്നുള്ള റിക്കവറി തുകകളായ ജിഎസ്.ടി, വെൽഫെയർ ഫണ്ട് , ആദായ നികുതി എന്നിവ അതാത് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതായാണ് ബില്ലിൽ കാണിച്ചിട്ടുള്ളത്. എന്നാൽ ബിൽ രജിസ്റ്റർ പരിശോധിച്ചതിൽ പ്രവൃത്തിയ്ക്കായി ചെലവാകുന്ന തുക മുഴുവൻ കരാറുകാരന്റെ അക്കൗണ്ടിലേക്ക് നൽകിയതിനു ശേഷം കരാറുകാരൻ റിക്കവറി തുകകൾ അതാത് ഹെഡിൽ അടച്ച് രശീതി ഹാജരാക്കുകയാണ് ചെയ്യുന്നത് എന്ന് കണ്ടു. ഇത് ശരിയായ രീതിയല്ല. സാംഖ്യയിൽ തയ്യാറാക്കുന്ന ബിൽ പ്രകാരമല്ലാതെ തുക മുഴുവനും കരാറുകാരന് അനുവദിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ.22/21-22 തീയതി 28.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-37 പദ്ധതി നടത്തിപ്പിന് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന് പ്രവർത്തി അനുവദിക്കാത്തത് മൂലം നഷ്ടം

പ്രവൃത്തിയുടെ പേര് - കോഞ്ഞങ്ങാട്ട് ചുള്ളി പറമ്പ് കോളനി റോഡ്
റിഫോർമേഷൻ ആന്റ് പാച്ച് വർക്ക്
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി - 204/21-22(150/19-20,252/20-21

അടങ്കൽ – 7,45,000/- (സ്പിൽ ഓവർ)
ചെലവ് തുക - 707009 ( തനത് ഫണ്ട് )

ബിൽ നമ്പർ തിയ്യതി - 169/24.1.22

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

പ്രവൃത്തി നടത്തിപ്പിനായി 28.10.19 ന് നടന്ന ടെണ്ടറിൽ കരാറുകാരനായ ആർ.എം. കോയക്കുട്ടി ക്വോട്ട് ചെയ്തത് 605881.71 രൂപയാണ് എന്നാൽ പ്രവൃത്തി അനുവദിച്ചിട്ടുള്ളത് കരാറുകാനായ ശ്രീ.എം.പി .മുഹമ്മദ് ബഷീറിനാണ്. ടിയാൻ ക്വോട്ട് ചെയ്തിട്ടുള്ളത് 651990.87 യാണ്. കൂടിയ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ച സാഹചര്യം വ്യക്തമല്ല. 28.10.19 ൽ നടന്ന ടെണ്ടറിൽ അധിക നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന് പ്രവൃത്തി അനുവദിക്കുക വഴി നഗരസഭയ്ക്ക് ഉണ്ടായ നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അനുദിച്ച തുക | ആർ.എം. കോയക്കുട്ടി ക്വോട്ട് ചെയ്ത നിരക്ക് പ്രകാരം ചെലവ് | ചെലവ് അധികം / കുറവ് |
|---|---|---|---|

| | | | |
|---|---|---|---|
| ക്വാറി മക്ക് ഫില്ലിങ്ങ് | 47.76 M3x910.59 =43489.77 | 47.76x899 =42936.24 | 553.53 അധികം |
| 4.9 WMM | 84.498M2x2798.75 =236488.77 | 84.498x2765 233636.97 | 2851.8 അധികം |
| 75.5.1.1pb MPM | 616.97x57.27 =35333.87 | 616.97x56 34550.32 | 783.55അധികം |
| 75.5.5.4.1pb MPM | 59.89x243.97 =14611.363 | 59.89x273 16349.97 | 1738.606 കുറവ് |
| 75.5.5.B.2pb MPM | 61.58x318.41 =19607.68 | 61.58x314 19336.12 | 271.56അധികം |
| 75.5.2.3pbTack Coat | 616.97x12.35 =7619.57 | 616.97x12.50 =7712.125 | 92.5 കുറവ് |
| 75.5.2.B.3pb Tackcoat | 758.2x10.93 =8287.126 | 758.2x10.50 7961.1 | 326അധികം |
| 75.5.11.12pb Mss | 1375.17x193.30 =265820.36 | 1375.17x191 262657.47 | 3162.89അധികം |
| | | ആകെ | 6118രൂപ അധികം |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 26/21-22 തീയതി 28.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധികമായി ചെലവായ 6118 രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-38 മുണ്ടങ്ങോട്ട് മഠത്തിൽ പടി റോഡ് റിഫോർമേഷൻ ആന്റ് പാച്ച് വർക്ക്- പദ്ധതി നടത്തിപ്പിൽ അധിക തുക ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി - 200/21-22(133/19-20,245/20-21

ചെലവ് തുക - 1204296 (തനത് ഫണ്ട് )

ബിൽ നമ്പർ തിയ്യതി - 226/17.2.22

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

പദ്ധതിയിൽ ഇനം 6 ആയി Modified Penetration Mecadam 75.5.5.B...പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്.

എസ്റ്റിമേറ്റ് പ്രകാരം 76.232 M2 പ്രവൃത്തിയായിരുന്ന ചെയ്യേണ്ടിയിരുന്നത്. എന്നാൽ എം ബുക്ക് 295/20 പേജ് 9,10 ൽ 393.08 എം2 പ്രവൃത്തി നടത്തി കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെയാണ് അധികം ചെയ്ത പ്രവൃത്തിയ്ക്ക് തുക അനുവദിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ 25% ത്തിലധികമായി ചെയ്ത പ്രവൃത്തിയുടെ ചെലവ് അംഗീകരിക്കാവുന്നതല്ല. അതായത് 95.29 എം2.ൽ അധികം ചെയ്തിട്ടുള്ള 297.79 എം2 ( 393.08- 95.29) പ്രവർത്തിയ്ക്കായി 89933 രൂപ ചെലവഴിച്ചിട്ടുണ്ട്. (297.79 എം2 X302 (ക്വോട്ട് ചെയ്ത തുക))

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് സ്ഥലപരിശോധന നടത്തിയിട്ടാണെന്നും എസ്റ്റിമേറ്റ് പ്രകാരമുള്ള അളവുകളിൽ പ്രവൃത്തി പൂർത്തീകരിച്ചു എന്നും ഓവർസിയറും എഞ്ചിനീയറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റിലും 5 ഇരട്ടിയിലധികം അളവിൽ പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 27/21-22 തീയതി 28.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് 89933 രൂപ 2.2.20 മുതൽ 18.3.20 വരെ പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ച എഞ്ചിനീയറിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-39 കോടിയാട്ട് ഹരിജൻ കോളനി റോഡ് റിഫോർമേഷൻ ആന്റ് പാച്ച് വർക്ക്- പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി - 187/21-22(46/19-20,170/20-21

ചെലവ് തുക - 572620 (വികസന ഫണ്ട് ജനറൽ)

ബിൽ നമ്പർ തിയ്യതി - 76/28.10.21

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) ഫണ്ട് വകമാറ്റി ചെലവഴിച്ചു

ചീക്കോട് കുടിവെള്ള പദ്ധതിയ്ക്കായി പൊളിച്ച റോഡ് റിഫോം ചെയ്യുന്നതിനായി ജല അതോറിറ്റിയിൽ നിന്ന് റെസ്റ്റൊറേഷൻ ചാർജ് ലഭ്യമാക്കിയാണ് പ്രവൃത്തി നടത്തേണ്ടത്. ഇവിടെ 19-20 ൽ പദ്ധതി രൂപീകരിച്ചത് മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ട് വകയിരുത്തിക്കൊണ്ടാണ്. എന്നാൽ 21-22 വർഷത്തിൽ പദ്ധതിയ്ക്ക് തുക ചെലവഴിച്ചിട്ടുള്ളത് വികസന ഫണ്ട് ജനറൽ വിനിയോഗിച്ചു കൊണ്ടാണ്.

2)അധിക തുക അനുവദിച്ചു

പ്രവൃത്തി ഇനം 4(4-11-2 )സബ് ഗ്രേഡ് നിർമ്മിക്കുന്നതിനുള്ളതാണ്. എം ബുക്ക് 8/19-20 പേജ് 3 പ്രകാരം ചെയ്ത പ്രവൃത്തി 51.8 എം3 ആണ്. എന്നാൽ ബിൽതുക അനുവദിച്ചപ്പോൾ എം ബുക്ക് പേജ് 14 ലേക്ക് ക്യാരി ഓവർ ചെയ്തത് 58.89 എം3 ആണ്. 7.09 എം3 ( 58.89- 51.8) പ്രവൃത്തിയ്ക്ക് അധിക തുക ചെലവഴിച്ചിട്ടുണ്ട്. (7.09x1938.11 = 13741രൂപ)

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 25/21-22 തീയതി 28.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പദ്ധതിയിൽ ബിൽ തയ്യാറാക്കി നൽകുന്നതിൽ തെറ്റു വരുത്തിയതുമൂലം നഷ്ടം വന്ന 13741 രൂപ ഉത്തരവാദിയിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-40 കരാർ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിന് കരാറുകാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ തുക ചെലവഴിച്ച പൊതുമരാമത്ത് പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ പല പ്രവൃത്തികളും കരാറുകാർ

സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ലെന്ന് കണ്ടു. കരാറുകാർ 2020, 2021 വർഷങ്ങളിൽ പ്രവൃത്തി പൂർത്തിയാക്കി പെയ്മെന്റ് നടത്തേണ്ടിയിരുന്ന പ്രവൃത്തികളിൽ പലതും തുക ചെലവഴിച്ചിട്ടുള്ളത് ഓഡിറ്റ് വർഷമാണ്. കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയാക്കാത്തതിന് കരാറുകാർക്കെതിരെ യാതൊരു നടപടിയും എടുക്കുന്നില്ല. കരാർ പ്രകാരം പ്രവൃത്തി നടത്താതിരുന്ന കരാറുകാരനെതിരെ നടപടി സ്വീകരിയ്ക്കുകയും ടിയാന്റെ നഷ്ട ഉത്തരവാദിത്തത്തിൽ പ്രവൃത്തി റീ ടെണ്ടർ ചെയ്ത് നടപ്പിലാക്കുകയും ചെയ്യണമായിരുന്നു. മാത്രമല്ല കരാർ കാലാവധി കഴിഞ്ഞ് പ്രവൃത്തി പൂർത്തിയാക്കിയ കരാറുകാരനിൽ നിന്ന് പിഴ പോലും ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകുകയാണ് ചെയ്തത്. കരാറുകാരനിൽ നിന്നും ഈടാക്കേണ്ട പിഴയുടെ വിശദാംശങ്ങളായി ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവ് | കരാറുകാരൻ, എഗ്രി. നമ്പർ, തിയ്യതി, എം. ബുക്ക് നമ്പർ | പ്രവൃത്തി പൂർത്തീകരണ കാലയളവ്, സൈറ്റ് കൈമാറിയ തിയ്യതി, പ്രവൃത്തി പൂർത്തിയാക്കിയ തിയ്യതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | 191/21-22<br>ഉമ്പപ്പാടം നെച്ചിക്കുറ്റിത്താഴം റോഡ് | 289786 തനത് ഫണ്ട്, ബിൽ നം171/ 24.1.22) | ശ്രീ. കെ.പി അബ്ദുൾ മുക്സിത്ത്<br>7/19-20 /27.9.19<br>എം. ബുക്ക് 482/19-20 | 6മാസം<br>27.9.19<br>24.3.21 | പി. എ. സി തുക223104 രൂപയുടെ ( 3%) 6693രൂപ |
| 2 | 246/22<br>കളരിക്കൽ സ്കൂൾ എൻ എച്ച് റോഡ് | 307080 തനത് ഫണ്ട്<br>ബിൽ നം. 418/ 31.3.22 | ശ്രീ. മുഹമ്മദ് റിയാസ് .എ.പി<br>206/ 20.12.19<br>എംബുക്ക് 532/20 | 6മാസം<br>20.12.19<br>26.2.21 | പി. എ. സി തുക<br>444706.71 രൂപയുടെ (3%) 13341രൂപ |
| 3 | 194/22കണ്ടംകുളങ്ങര റോഡ് | 304641 തനത് ഫണ്ട് | ശ്രീ. എം.പി മുഹമ്മദ് റിയാസ് | 6മാസം<br>20.12.19<br>7.12.20 | പി. എ. സി തുക 300462 |

| | | | | | |
|---|---|---|---|---|---|
| | | ബിൽ നമ്പർ-415/31.3.22 | 110/19-20 20.12.19 എംബുക്ക് 517/21 | | രൂപയുടെ (3%) 9014രൂപ |
| 4 | 192/22kകോക്കി വളവ് കൃഷി ഭവൻ റോഡ് | 378030 തനത് ഫണ്ട് ബിൽ നമ്പർ-414/31.3.22 | ശ്രീ. എം.പി മുഹമ്മദ് റിയാസ് 82/19-20 8.3.19 എംബുക്ക് 525/21 | 6മാസം 8.3.19 20.3.21 | പി. എ. സി തുക 388955 രൂപയുടെ (3%) 11668 രൂപ |
| 5 | 211/ചെങ്ങോട്ട് തൊടി റോഡ് | 298790 തനത് ഫണ്ട് ബിൽ നമ്പർ-317/20.3.22 | എസ്.കെ കൺസ്ട്രക്ഷൻ 141/19-20 23.12.19 എംബുക്ക് 470/20 | 6മാസം 23.12.19 11.12.20 | പി. എ. സി തുക 315000 രൂപയുടെ (3%) 9450രൂപ |

1.2.2012 തിയ്യതിയിലെ ജി.ഒ (പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്ക് ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. വളരെയധികം കാലം കഴിഞ്ഞാണ് പ്രവൃത്തി ആരംഭിയ്ക്കുന്നത്. ഇങ്ങനെ പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ യാതൊരു നടപടികളും സ്വീകരിയ്ക്കുന്നില്ല. ഇത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്നതിനും സ്പിൽഓവർ ആകുന്നതിനും ഫണ്ട് നഷ്ടമാകുന്നതിനും ഇടയാക്കിയിട്ടുണ്ട്.

സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിച്ചിട്ടില്ല.

പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും, ദീർഘീകരണം ലഭ്യമാകാതെ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 24/21-22 തീയതി 28.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പിഴ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്.

1-41 മതിയായ വിശകലനമില്ലാതെ ആദ്യ സിംഗിൾ ടെണ്ടർ നിരസിക്കുന്നത് - പഞ്ചായത്തിന് അധിക ചെലവിനു കാരണമാകുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പല പദ്ധതികളിലും ടെണ്ടറിൽ ഒരു കരാറുകാരൻ മാത്രം പങ്കെടുത്തതിനാൽ പ്രവൃത്തികൾ റീ ടെണ്ടർ ചെയ്യേണ്ടി വരികയും അത്തരം സാഹചര്യത്തിൽ ആദ്യ ടെണ്ടറിൽ ക്വോട്ടു ചെയ്തതിലും അധിക നിരക്ക് ക്വോട്ട് ചെയ്ത കരാറുകാർക്ക് പ്രവൃത്തി നൽകുകയും ചെയ്യേണ്ടി വന്നിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| പദ്ധതി | സിംഗിൾ ടെണ്ടർ | റിടെണ്ടർ |
|---|---|---|
| 267/22 കോക്കിവളനു ഉണ്ണ്യാലുങ്ങൽ ചക്കാലക്കൽ റോഡ് | 14.1.22-കലിക്കറ്റ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി- 21 .75% കുറവ് | 11.2.22-ശ്രീ നിതേഷ്- എസ്റ്റിമേറ്റ് റേറ്റ് |
| 267/22 –കോരമ്പറമ്പത്ത് പാലക്കാപുരി റോഡ് | 14.1.22-കലിക്കറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി- 17.5% കുറവ് | 11.2.22-ശ്രീ മുഹമ്മദ് അബ്ദുൾ ജമാൽ- എസ്റ്റിമേറ്റ് റേറ്റ് |
| 137/22 ചാമക്കലായി റോഡ് ഇന്റർലോക്ക് | 22.10.21-ശ്രീ.കോയ സോയ്തീൻകുട്ടി- 9% കുറവ് | 9.11.21-ശ്രീ യു.കെ ഹനീഷ്- എസ്റ്റിമേറ്റ് റേറ്റ് |
| 150/22 വേലപ്പമേനോൻ റോഡ് | 22.10.21-ശ്രീ മുജീബാ റഹാമാൻ- 5.9% കുറവ് | 9.11.21- ശ്രീ അഷ്റഫ്- എസ്റ്റിമേറ്റ് റേറ്റ് |
| 157/22 തെക്കേപ്പുറം റോഡ് ഇന്റർലോക്ക് | 22.10.21-ശ്രീ അഷ്റഫ് 5.01% കുറവ് | 9.11.21- ശ്രീ റംഷീർ . ഇ.പി- എസ്റ്റിമേറ്റ് റേറ്റ് |

സർക്കാർ ഉത്തരവ് (പി) 324/2015/Fin. തിയ്യതി 30.7.2015 ൽ പൊതുമരാമത്ത് പ്രവൃത്തികൾക്കായി ലഭിക്കുന്ന സിംഗിൾ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ച് വിശദീകരിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 4(b) പ്രകാരം ഇത്തരത്തിൽ സിംഗിൾ ടെണ്ടർ ലഭിച്ചാൽ ഒന്നുകിൽ റീടെണ്ടർ ചെയ്യുകയോ അല്ലെങ്കിൽ ടെണ്ടർ കാലയളവ് 15 ദിവസം കൂട്ടി നൽകി കൂടുതൽ ടെണ്ടർ ലഭ്യമാകാനുള്ള സാധ്യത ആരായുകയോ ചെയ്യാവുന്നതുമാണ്. റീടെണ്ടർ ചെയ്യാനാണ് തീരുമാനിക്കുന്നതെങ്കിൽ അതിനു മുമ്പായി ടെൻഡർ ക്ഷണിക്കുന്ന അതോറിറ്റി ആദ്യ ടെണ്ടറിൽ വേണ്ടത്ര ടെണ്ടർ ലഭിക്കാത്തതിന്റെ കാരണങ്ങൾ വിശകലനം ചെയ്യുകയും യഥാർത്ഥ ടെൻഡറിന്റെ നിബന്ധനകളിൽ ഏതെങ്കിലും നിയന്ത്രിത വ്യവസ്ഥകൾ ഉണ്ടായിരുന്നോയെന്ന് പരിശോധിക്കേണ്ടതുമാണ്. റീടെണ്ടറിന് വേണ്ടത്ര പബ്ലിസിറ്റി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും കരാറുകാർക്ക് ഇ-മെയിൽ മുഖേനയോ എസ്.എം.എസ് മുഖേനയോ അറിയിപ്പുകൾ നൽകാവുന്നതുമാണ്. റീടെണ്ടറിലും സിംഗിൾ ടെണ്ടർ ലഭിക്കുകയാണെങ്കിൽ ആയതിന്മേൽ ഭരണസമിതി അന്തിമ തീരുമാനം എടുക്കുന്നതിനു മുമ്പ് ന്യായമായതും മതിയായതുമായ നിരക്കിന്റെ മത്സരം ഉണ്ടായിട്ടുണ്ടെന്ന ടെണ്ടറിന്റെ അടിസ്ഥാന ലക്ഷ്യം ഉറപ്പാക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ

വിവരിക്കുന്നു.

മേൽ ഖണ്ഡികയിൽ വിവരിച്ച പ്രകാരം ആദ്യ ടെണ്ടറിൽ കുറവ് തുകയ്ക്ക് ക്വോട്ട് ചെയ്തിട്ടും ആയത് പരിഗണിക്കാതെ, അല്ലെങ്കിൽ ടെണ്ടർ സമയം നീട്ടി നൽകി കൂടുതൽ പങ്കാളിത്തത്തിന് ശ്രമിക്കാതെ റീ-ടെണ്ടറിന് തീരുമാനമെടുത്തതിന്റെ കാരണം വ്യക്തമല്ല. റീ-ടെണ്ടർ നടത്തിയാൽ ഇതിലും താഴ്ന്ന ടെണ്ടർ കുറവു ലഭിക്കുമായിരുന്നോയെന്ന വിശകലനം നടത്തിയതായി കാണുന്നില്ല. റീടെണ്ടറിൽ സിംഗിൾ ടെണ്ടറായി എസ്റ്റിമേറ്റ് നിരക്ക് ലഭിച്ചപ്പോഴും സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച വിധമുള്ള നിരക്കിന്റെ ന്യായം ഉറപ്പാക്കാതെ നിരക്ക് അംഗീകരിച്ചതെന്തുകൊണ്ടെന്നും വ്യക്തമല്ല. റീടെണ്ടർ വിവരങ്ങൾ ഭരണസമിതിയ്ക്ക് സമർപ്പിച്ചപ്പോൾ ഈ പ്രവൃത്തിയ്ക്ക് ആദ്യ ടെണ്ടറിൽ കുറവ് നിരക്ക് ലഭിച്ച കാര്യം അസിസ്റ്റന്റ് എഞ്ചിനീയർ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. റീടെണ്ടറിൽ പരമാവധി പരസ്യം ഉറപ്പാക്കിയതെങ്ങനെയെന്നും വ്യക്തമല്ല. മുകളിൽ വിവരിച്ച പ്രകാരം ആദ്യ ടെണ്ടറിൽ താരതമ്യേന കുറഞ്ഞ ഓഫർ ലഭിച്ച സാഹചര്യത്തിൽ റീടെണ്ടർ അംഗീകരിക്കുന്നതിനുമുമ്പ് നെഗോസിയേഷൻ അടക്കമുള്ള സാധ്യത പരിശോധിക്കാതിരുന്നതെന്തെന്ന് വ്യക്തമല്ല. ആദ്യ ടെണ്ടറിനു നൽകിയതിനേക്കാൾ കൂടുതൽ പരസ്യം ഉറപ്പാക്കിയിരുന്നോയെന്ന് പരിശോധിക്കുന്നതിന് ആദ്യ ടെണ്ടറും റീടെണ്ടറും ഏതൊക്കെ ദിനപത്രങ്ങളിലാണ് പരസ്യപ്പെടുത്തിയിരുന്നെന്ന വിവരം ലഭിച്ചില്ല. ഈ പ്രവൃത്തികൾ ആദ്യ കരാറുകാരനെ ഏൽപ്പിച്ചിരുന്നെങ്കിൽ അധിക ചെലവ് ഒഴിവാക്കാമായിരുന്നു. പൊതുമരാമത്ത് വർക്കിങ്ങ് ഗ്രൂപ്പ് ഇത്തരം കാര്യങ്ങളിലൊന്നും ഇടപെടൽ നടത്തുന്നില്ല. 20.2.21 ന ശേഷം യോഗം ചേരുന്നത് തന്നെ 6.5.22 നാണ്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ടെണ്ടർ നടപടികൾ നഗരസഭയ്ക്ക് ലാഭകരമായ രീതിയിൽ നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-42 റിഫോർമേഷൻ ചാർജ് ലഭ്യമായതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

കേരള ജലവിതരണ അതോറിറ്റി നടപ്പാക്കുന്ന ചീക്കോട് കുടിവെള്ള പദ്ധതിയുടെ പൈപ്പിടൽ പ്രവൃത്തിയ്ക്കായി നഗരസഭാ പരിധിയിലെ ഭൂരിഭാഗം റോഡുകളും കുഴിച്ച് പ്രവൃത്തി നടത്തിയിരുന്നു. 2018-19 വർഷം മുതലുള്ള നഗരസഭയുടെ വാർഷിക പദ്ധതികളിലെ റോഡു പ്രവൃത്തികളിൽ 90% ഉം ഇത്തരത്തിൽ പൈപ്പിടലിനായി കുഴിച്ച റോഡുകളുടെ റീഫോർമേഷനും, പാച്ച് വർക്കുമാണ്. 2021-22 ലും ഇതു തുടരുന്നുണ്ട്. എന്നാൽ റോഡുകൾ കുഴിച്ചയിനത്തിൽ, ഇവയുടെ റീഫോർമേഷനായി ജല വിതരണ അതോറിറ്റിയിൽ നിന്നും നഗരസഭയ്ക്ക് ലഭ്യമായിട്ടുള്ള ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 2020, 2021 വർഷങ്ങളിലായി പൂർത്തീകരിച്ചിട്ടുള്ള പ്രവർത്തികൾക്ക് ബിൽ തുക അനുവദിക്കുന്നതിന് കാല താമസമുണ്ടായതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.2021-22 വർഷത്തിൽ ഈയിനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് | ചെലവ് തുക | ഫണ്ട് | റിമാർക്സ് |
|---|---|---|---|
| 228/22 പാലക്കൽ പടിഞ്ഞാറേ ക്ഷേത്രം റോഡ് റീഫോർമേഷൻ & റീ ടാറിംഗ് | 264019/- | തനത് ഫണ്ട് | റീസ്റ്റോറേഷൻ ചാർജ്ജ് ലഭ്യമായതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേ |
| 189/22 വല്യതിൽ റോഡ് | 284032/- | | |
| 211/22 ചെങ്ങോട്ട്തൊടി റോഡ് | 298790/- | | |

| | | | | |
|---|---|---|---|---|
| 194/22 കണ്ടംകുളങ്ങര റോഡ് | 304641/- | | | |
| 246/22 കളരിക്കൽ സ്കൂൾ എൻ എച്ച് റോഡ് | 307080/- | | | |
| 201/22 ബൈപ്പാസ് കോട്ടക്കുറുമ്പ റോഡ് | 1074075/- | | | |
| 247/22 കൃഷിഭവൻ റോഡ് | 1149125/- | | | |
| 200/22 മുണ്ടങ്ങോട് മഠത്തിൽപ്പടി റോഡ് | 1204296/- | | | |
| 244/22 കാഞ്ഞങ്ങാട്ട് കാവ് റോഡ് | 133347/- | | | |
| 191/22 തുമ്പപ്പാടം നെച്ചിക്കുറ്റിപ്പാടം റോഡ് | 249876/- | | | |
| 196/22എളത്തിൽ റോഡ് | 236994/- | | | |
| 210/22 എൻ.എച്ച് ഹോമിയോ റോഡ് | 314389/- | | | |
| 242/22 ജി.യു.പി.എസ് പിലാക്കാട് റോഡ് | 329555/- | | | |
| 238/22 ചെട്ട്യാലത്ത് പറമ്പ് റോഡ് | 343040/- | | | |
| 188/22 മൈത്രി അങ്കണവാടി റോഡ് | 343940/- | | ണ്ടതാണ് | |
| 205/22മൃഗാശുപത്രി നീരോൽപ്പ് ചൂരക്കാട് റോഡ് | 374384/- | | | |
| 195/22 കോക്കി വളവ് കൃഷി ഭവൻ റോഡ് | 378032/- | | | |
| 241/22 പഞ്ചായത്ത് ഓഫീസ് ജി.യു.പി സ്കൂൾ റോഡ് | 385725/- | | | |
| 214/22 പി.ടി.എസ്.നെല്ലിക്കോട്ട് റോഡ് | 410012/- | | | |
| 236/22 മാരാത്ത് താഴം കോലാർക്കുന്ന് റോഡ് | 485642/- | | | |
| 235/22 മന്ദാർ കോമക്കൽ താഴം റോഡ് | 696419/- | | | |
| 204/22കോഞ്ഞങ്ങാട്ട്ചുള്ളിപറമ്പ് റോഡ് | 707009/- | | | |
| 202/22 ചുള്ളിയിൽ മുണ്ടപ്പുറം റോഡ് | 781589/- | | | |
| 209/22 കൊളത്തപ്പുറത്ത് റോഡ് | 89943/- | | | |
| 183/22കൃഷിഭവൻ കട്ടയാട്ട് പള്ളി മദ്രസ്സ റോഡ് | 371000/- | റോഡ് മെയിന്റനൻസ് | | |

| | | | |
|---|---|---|---|
| 232/22 ഇട്ടപ്പുറം ഹരിജൻ കോളനി റോഡ് | 499000/- | 400422-വികസന ഫണ്ട്<br>98578-തനത് ഫണ്ട് | |

റസ്റ്റോറേഷൻ തുക ലഭ്യമായത് പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ നിരവധി തവണ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നമ്പർ 38/21-22 തീയതി 28.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രവൃത്തികൾക്കായി ജല അതോറിറ്റിയിൽ നിന്ന് റെസ്റ്റോറേഷൻ ചാർജ് ലഭ്യമായതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

### 1-43 ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക നൽകിയതിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ കാണിച്ച പ്രകാരം രണ്ട് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക നിക്ഷേപിച്ചിട്ടുണ്ട്.

| പദ്ധതി | ചെലവ് തുക | ബിൽ | റിമാർക്ക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | | നമ്പർ തിയ്യതി | |
| 262/22 ചെത്തു പാലം കനാൽ തോട് കെട്ടി സംരക്ഷണം | 4925000 സി.എഫ്.സി ഗ്രാന്റ് | 317/20.3.22 | മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചീനീയർക്ക് തുക അനുവദിച്ചു |
| 105/22 അങ്കണവാടികൾക്ക് കുടിവെള്ളം | 310000 സി.എഫ് . സി. ഗ്രാന്റ് | 378/27.3.22 | കേരള ജല അതോറിററി എഞ്ചിനീയർക്ക് തുക അനുവദിച്ചു |
| | ആകെ | 5235000 | |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി പൂർത്തിയാക്കി ലക്ഷ്യം കൈവരിച്ചതിന്റെ വിശദാംശങ്ങൾ , യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമായിട്ടില്ല.

2) ജി.ഒ.(കൈ)11/2018/തസ്വഭവ തിയ്യതി 29.1.18ഖണ്ഡിക11-2(ഡി) നമ്പറിലുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം നിക്ഷേപ പ്രവ്യത്തികൾക്ക് മുൻകൂർ നൽകുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ പാലിച്ചിട്ടില്ല. തദ്ദേശ സ്ഥാപനം ഇത്തരത്തിൽ മുൻകൂർ നൽകുമ്പേൾ ഈ ഏജൻസികളുമായി കരാറിലേർപ്പെടണം എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

3) നഗരസഭയ്ക്ക് സ്വന്തമായി എഞ്ചീനീയറിങ്ങ് വിങ്ങ് ഉണ്ടെന്നിരിക്കെ ക്രമ നമ്പർ ഒന്നു പ്രകാരമുള്ള പ്രവ്യത്തിയ്ക്ക് തുക മറ്റൊരു ഏജൻസിയ്ക്ക് നൽയത് എന്തിനെന്ന് വ്യക്തമല്ല. കൂടാതെ ഒന്നാമത്തെ പ്രവ്യത്തിയിൽ ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്ത് നിർമ്മാണ പ്രവ്യത്തിയ്ക്ക് തുക ചെലവഴിച്ചതിന്റെ കാരണം വ്യക്തമല്ല. ഈ പ്രവ്യത്തി നഗരസഭയുടെതാണ് എന്നതിന് രേഖ (ആസ്തി രജിസ്റ്ററിന്റെ പകർപ്പ്) പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 23/21-22 തീയതി 28.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്. അതുവരെ 5235000 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-44 നഗര സഞ്ചയ ഫണ്ട് വിനിയോഗിച്ചില്ല

2021-22 മുതൽ 2025-26 വരെയുള്ള കാലയളവിൽ വിനിയോഗിക്കുന്നതിന് കോഴിക്കോട് ജില്ലയിലെ നഗരസഞ്ചയങ്ങൾക്കുള്ള 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റായി 1402 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥനായ രാമനാട്ടുകര അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമായ നഗരസഞ്ചയ ഫണ്ട് വകയിരുത്തി പദ്ധതികൾ ഒന്നും തന്നെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. രാമനാട്ടുകര നഗരസഭയ്ക്ക് ലഭ്യമായ നഗരസഞ്ചയ ഫണ്ട് സംബന്ധിച്ച് യാതൊരു വിവരവും ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

13.12.21 ൽ വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി നഗരസഭയ്ക്ക് ആവശ്യമായ പദ്ധതികളെപ്പറ്റി ചർച്ച ചെയ്തിട്ടുണ്ടെങ്കിലും പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടിയിരുന്ന ഫണ്ട് വിനിയോഗിക്കാതെ നഷ്ടപ്പെടുന്ന സാഹചര്യമാണുണ്ടായിരിക്കുന്നത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 28/21-22 തീയതി 28.3.23) മറുപടി നൽകിയിട്ടില്ല. ഫണ്ട് നഷ്ടപ്പെടാതെ പദ്ധതികൾ നടപ്പിലാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-45 എം.ബുക്ക് സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ

നഗരസഭയിൽ അളവ് പുസ്തകങ്ങളുടെ (എം. ബുക്ക്) സ്റ്റോക്ക്, വിതരണ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. സെക്രട്ടറി ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാങ്ങുന്ന എം ബുക്കുകൾ വാങ്ങുന്ന തിയ്യതിയിൽ കൃത്യമായി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്ന രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സെക്രട്ടറി ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ 2.2.2022 മുതലുള്ള സ്റ്റോക്കിന്റെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 25,50,100 പേജുകളിലുള്ള എംബുക്കിന്റെ മുൻബാക്കിയുടെ വിശദാംശങ്ങൾ ഈ രജിസ്റ്ററിൽ എഴുതിയിട്ടില്ല.

കൂടാതെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ഓഫീസിലും, എഞ്ചിനീയറുടെ ഓഫീസിലും പഞ്ചായത്ത് ഓഫീസിൽ നിന്ന് കൈപ്പറ്റുന്ന അളവു പുസ്തകങ്ങൾ സ്റ്റോക്കിലെടുത്ത് അവ ഓരോന്നും ഏതെല്ലാം പ്രവൃത്തികൾക്കാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. എഞ്ചിനീയറുടെ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ആകെ ലഭിച്ചതിന്റെയും നീക്കിയിരിപ്പിന്റെയും വിശദാംശങ്ങൾ എഴുതിയിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 189 പ്രകാരം അളവ് പുസ്തകങ്ങൾ വളരെ കൃത്യതയോടെ സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട രേഖയാണ്. ആയത് വാങ്ങി സ്റ്റോക്കിലെടുത്ത് കൃത്യതയോടെയല്ലാതെ ഇഷ്യു ചെയ്ത് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 37/21-22 തീയതി 28.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് രജിസ്റ്റർ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-46 സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി തസ്തികകൾ സൃഷ്ടിക്കുന്നു

ജി.ഒ. (എം.എസ്.)109/2016/ തസ്വഭവ തിയ്യതി 5.8.2016 നമ്പർ ഉത്തരവു പ്രകാരം 2015 ൽ പുതുതായി രൂപീകൃതമായ 27 മുനിസിപ്പാലിറ്റികളിൽ 24 റഗുലർ തസ്തികകളും 23 കണ്ടിജന്റ് തസ്തികകളും അനുവദിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റികളുടെ തനതു ഫണ്ട്/ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും മേൽ പറഞ്ഞ തസ്തികകൾക്ക് ശമ്പളവും അലവൻസുകളും അനുവദിക്കാനും നിർദ്ദേശമുണ്ട്. എന്നാൽ ഇതിൽ നിന്നും വിഭിന്നമായാണ് മുനിസിപ്പാലിറ്റിയിൽ തസ്തികകൾ ഉള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തസ്തികകളുടെ പേര് | സർക്കാർ അനുവദിച്ച എണ്ണം | മുനിസിപ്പാലിറ്റിയിലെ തസ്തികയുടെ എണ്ണം |
|---|---|---|
| മുനിസിപ്പൽ സെക്രട്ടറി | 1 | 1 |
| സൂപ്രണ്ട് | 1 | 1 |

| | | |
|---|---|---|
| ഹെഡ് ക്ലർക്ക്/ റവന്യൂ ഇൻസ്പെക്ടർ | 1 | 1 (റവന്യൂ ഇൻസ്പെക്ടർ) |
| ക്ലർക്ക്/ ബിൽക്ലർക്ക് | 5 | 5 |
| സീനിയർ ക്ലർക്ക് | 5 | 5 |
| ഡി.ടി.പി. ഓപ്പറേറ്റർ | 1 | (പകരം ടൈപിസ്റ്റ് 1) |
| ഓഫീസ് അറ്റന്റന്റ് | 4 | 4 |
| LMV ഡ്രൈവർ | 1 | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് 1) | 1 | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് 1) | 1 | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് 2) | 2 | 2 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 1 | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് 2) | ० | 1 |
| FTS | 0 | 1 |
| FTL | 0 | 1 |
| ആകെ | 24 | 27 |
| കണ്ടീജന്റ് | 23 | 5 |
| ആകെ | 47 | 32 |

സർക്കാർ അനുവദിക്കാത്ത ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് 2), ഫുൾ ടൈം സ്വീപ്പർ, ഫുൾ ടൈം ലൈബ്രേറിയൻ എന്നീ തസ്തികകൾ സൃഷ്ടിച്ച് റഗുലർ തസ്തികകളിൽ ഉൾപ്പെടുത്തി മുനിസിപ്പൽ ഫണ്ടിൽ നിന്നും ശമ്പളവും അലവൻസുകളും നൽകുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്

1-47 സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട അപാകതകൾ

മുനിസിപ്പാലിറ്റിയിലെ സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെയും

അപേക്ഷകളുടെയും പരിശോധന നടത്തിയതിൽ നിന്നും കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) 03-01-2022 മുതലുള്ള പെൻഷൻ അപേക്ഷകൾ മാത്രം രേഖപ്പെടുത്തിയ പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ മാത്രമാണ് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. 03-01-2022 ന് മുൻപ് പെൻഷൻ സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ക്ലാർക്ക് വസ്തുനികുതി അസസ്സ്മെന്റ് രജിസ്റ്ററിൽ ക്രമക്കേട് നടത്തിയതിനെ തുടർന്ന് സസ്പെൻഷനിലായിട്ടുണ്ട്. ടിയാൻ സെക്ഷൻ ചുമതലയും ഫയലുകളും കൈമാറിയിട്ടില്ല. ഇതിന് ഇദ്ദേഹത്തിനോട് മുനിസിപ്പാലിറ്റി വിശദീകരണം ചോദിച്ചിട്ടില്ല.

2) ലഭ്യമാക്കിയ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഓഡിറ്റ് കാലയളവിലും നിലവിലും പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി പരിശോധന നടത്തി പെൻഷൻ അനുവദിക്കുന്നില്ല എന്ന് കാണുന്നു.

| ഇനം | അപേക്ഷിച്ച കാലയളവ് | അപേക്ഷകളുടെ എണ്ണം | നിലവിലെ സ്ഥിതി |
|---|---|---|---|
| ഭിന്നശേഷി പെൻഷൻ | 3-9-2022മുതൽ 31-12-2022വരെ | 3 | പരിശോധന നടത്തിയിട്ടില്ല |
| വിധവാ പെൻഷൻ | 06-10-2022 മുതൽ 31-12-2022വരെ | 7 | പരിശോധന നടത്തിയിട്ടില്ല |
| വാർദ്ധക്യ പെൻഷൻ | 27-10-22 മുതൽ 31-12-2022 വരെ | 50 | പരിശോധന നടത്തിയിട്ടില്ല |

സെക്രട്ടറി ഡിജിറ്റൽ സൈൻ ചെയ്യുന്ന തീയതി മുതൽക്ക് മാത്രമേ പെൻഷൻ ലഭിക്കുകയുള്ളൂ. പട്ടികയിലെ ഉദാഹരണങ്ങളിൽ നിന്നും അർഹരായ പെൻഷൻ ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി പെൻഷൻ നൽകുന്നതിൽ മുനിസിപ്പാലിറ്റി ഗുരുതരമായ വീഴ്ച കാണിക്കുന്നതായി വ്യക്തമാവുന്നു.

3) മരണപ്പെട്ടവരുടെ പെൻഷൻ അനർഹമായി കൈപ്പറ്റുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താനായി സർക്കാർ പുറപ്പെടുവിച്ച ജി.ഒ(എം.എസ്) നം.97/2020/ധന തീ. 23-09-2020 നമ്പർ ഉത്തരവ് പ്രകാരമുള്ള ഒരു പരിശോധനാ നടപടിയും മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്നും നാളിതുവരെ ചെയ്തിട്ടില്ല.

4) മരണപ്പെട്ടവർക്ക് അധികമായി നൽകിയ പെൻഷൻ കണ്ടെത്തി ഒരാളിൽ നിന്നുപോലും തുക ഓഡിറ്റ് കാലയളവ് വരെ മുനിസിപ്പാലിറ്റി തിരികെ ഈടാക്കിയിട്ടില്ല.

5) പെൻഷൻ തുക നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാവുന്നവർ മരണപ്പെടുന്ന കേസുകളിൽ 3 പേർക്ക് അധികമായി നൽകിയ തുക തിരികെ ലഭിക്കാൻ ബാങ്കിലേയ്ക്ക് കത്ത് നൽകിയതായി ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/21-22) മുനിസിപ്പാലിറ്റി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഈ കത്തിന് തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ല.

6) നഗരസഭയിൽ മരണം രജിസ്റ്റർ ചെയ്യുന്നവരുടെ പെൻഷൻ മാത്രമാണ് നാളിതുവരെയും സസ്പെന്റ് ചെയ്തുവരുന്നത്. മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫീൽഡ്തല പരിശോധന നടത്തി ആശാവർക്കർമാർ അങ്കണവാടി ടീച്ചർമാർ എന്നിവരിൽ നിന്നും മുനിസിപ്പാലിറ്റിയ്ക്ക് പുറത്ത് മരണം രജിസ്റ്റർ ചെയ്യുന്നവരുടെ വിവരം ആവശ്യപ്പെടുകയോ നടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ല.

7) 2019 ഡിസംബർ 31 വരെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്ക് തുടർന്നും പെൻഷൻ ലഭിയ്ക്കാനായി 2023 ഫെബ്രുവരി 28 നുള്ളിൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി 415 പേർ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല എന്നും 40 പേർ സമയപരിധി കഴിഞ്ഞ് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട് എന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടുണ്ട്.

മേൽ അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ സ്വീകരിക്കേണ്ടതും വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരുടെ വിവരങ്ങൾ പരിശോധിച്ച് മരണപ്പെട്ടവരുണ്ടെങ്കിൽ മരണപ്പെട്ട കാലയളവ് മുതൽ പെൻഷൻ അനുവദിച്ച അവസാന കാലയളവ് വരെയും അനർഹമായി പെൻഷൻ തുക കൈപ്പറ്റിയ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-48 മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല

രാമനാട്ടുകര മുനിസിപ്പാലിറ്റിയുടെ 19-20, 2020-21 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട് കെ.എസ്.എ.കെ.കെ.ഡി. പി 9 1820/21 1.1.22, പ്രകാരവും പി.9/1821/21.20.1.22 പ്രകാരവും എയിംസ് മുഖേന നൽകിയിട്ടുണ്ട്. ഇത് മുൻസിപ്പാലിറ്റിയിലെ യഥാക്രമം ഫയൽനം , എ5 / 1093/22/ പ്രകാരവും, എ5/1045/22/പ്രകാരവും സെക്ഷൻ 31.1.22 കൈപ്പറ്റിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1. 19-20 ലെ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി നിർവഹണ ഉദ്യോസ്ഥർക്ക് 3.2.22 ന് കത്ത് നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

2. 2020-21 ലെ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ ക്രമക്കേടുകൾ പരിഹരിക്കാനുള്ള നടപടികൾ മുനിസിപ്പാലിറ്റി സ്വീകരിച്ചിട്ടില്ല.

നഗരസഭയുടെ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ സെക്രട്ടറി 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ, ചട്ടം 14, 15 എന്നിവ പ്രകാരം നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിലും തുടർ നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ച വരുത്തിയതായി കാണുന്നു. റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ മേൽ നടപടികളൊന്നും സ്ഥാപനം കൈക്കൊണ്ടിട്ടില്ല.

2019-20, 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന് സമയപരിധിക്കുള്ളിൽ മറുപടി സമർപ്പിച്ചിട്ടില്ല. മുനിസിപ്പാലിറ്റിയുടെ 1999-2000 മുതൽ 2020-21 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നു. ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന് പ്രവർത്തി അനുവദിക്കാത്തത് മൂലം നഷ്ടം

പ്രവൃത്തിയുടെ പേര് – കോഞ്ഞങ്ങാട്ട് ചുള്ളി പറമ്പ് കോളനി

റോഡ് റിഫോർമേഷൻ ആന്റ് പാച്ച് വർക്ക്

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി - 204/21-22(150/19-20,252/20-21

ചെലവ് തുക - 707009 ( തനത് ഫണ്ട് )

ബിൽ നമ്പർ തിയ്യതി - 169/24.1.22

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

പ്രവൃത്തി നടത്തിപ്പിനായി 28.10.19 ന് നടന്ന ടെണ്ടറിൽ കരാറുകാരനായ ആർ.എം. കോയക്കുട്ടി ക്വോട്ട് ചെയ്തത് 605881.71 രൂപയാണ്. എന്നാൽ പ്രവൃത്തി അനുവദിച്ചിട്ടുള്ളത് കരാറുകാനായ ശ്രീ.എം.പി.മുഹമ്മദ് ബഷീറിനാണ്. ടിയാൻ ക്വോട്ട് ചെയ്തിട്ടുള്ളത് 651990.87 രൂപയാണ്. കൂടിയ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ച സാഹചര്യം വ്യക്തമല്ല. 28.10.19 ൽ നടന്ന ടെണ്ടറിൽ ഇങ്ങനെ അധിക നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന് പ്രവൃത്തി അനുവദിക്കുക വഴി നഗരസഭയ്ക്ക് ഉണ്ടായ നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തി | അനുദിച്ച തുക | ആർ.എം. കോയക്കുട്ടി ക്വോട്ട് ചെയ്ത നിരക്ക് പ്രകാരം ചെലവ് | ചെലവ് അധികം / കുറവ് |
|---|---|---|---|
| ക്വോറി മക്ക് ഫില്ലിങ്ങ് | 47.76 M3x910.59 =43489.77 | 47.76x899 =42936.24 | 553.53 അധികം |
| 4.9 WMM | 84.498M2x2798.75 =236488.77 | 84.498x2765 233636.97 | 2851.8 അധികം |
| 75.5.1.1pb MPM | 616.97x57.27 =35333.87 | 616.97x56 34550.32 | 783.55അധികം |
| 75.5.5.4.1pb MPM | 59.89x243.97 =14611.363 | 59.89x273 16349.97 | 1738.606 കുറവ് |
| 75.5.5.B.2pb MPM | 61.58x318.41 =19607.68 | 61.58x314 19336.12 | 271.56അധികം |
| 75.5.2.3pbTack Coat | 616.97x12.35 =7619.57 | 616.97x12.50 =7712.125 | 92.5 കുറവ് |

| | | | |
|---|---|---|---|
| 75.5.2.B.3pb Tackcoat | 758.2x10.93 =8287.126 | 758.2x10.50 7961.1 | 326അധികം |
| 75.5.11.12pb Mss | 1375.17x193.30 =265820.36 | 1375.17x191 262657.47 | 3162.89അധികം |
| | | ആകെ | 6118രൂപ അധികം |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 26/21-22 തീയതി 28.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും 6118 രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 3-2 മുണ്ടങ്ങോട്ട് മഠത്തിൽ പടി റോഡ് റിഫോർമേഷൻ ആന്റ് പാച്ച് വർക്ക്- പദ്ധതി നടത്തിപ്പിൽ അധിക തുക ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി - 200/21-22(133/19-20,245/20-21

ചെലവ് തുക - 1204296 (തനത് ഫണ്ട് )

ബിൽ നമ്പർ തിയ്യതി - 226/17.2.22

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

പദ്ധതിയിൽ ഇനം 6 ആയി Modified Penetration Mecadam 75.5.5.B...പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം 76.232 M2 പ്രവൃത്തിയായിരുന്നു ചെയ്യേണ്ടിയിരുന്നത്. എന്നാൽ എം ബുക്ക് 295/20 പേജ് 9,10 ൽ 393.08 എം2 പ്രവൃത്തി നടത്തി കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെയാണ് അധികം ചെയ്ത പ്രവൃത്തിയ്ക്ക് തുക അനുവദിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ 25% ത്തിലധികമായി ചെയ്ത പ്രവൃത്തിയുടെ ചെലവ് അംഗീകരിക്കാവുന്നതല്ല. അതായത് 95.29 എം2. ൽ അധികം ചെയ്തിട്ടുള്ള 297.79 എം2 ( 393.08- 95.29) പ്രവൃത്തിയ്ക്കായി 89933 രൂപ ചെലവഴിച്ചിട്ടുണ്ട്. (297.79 എം2 X302 (ക്വോട്ട് ചെയ്ത തുക))

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് സ്ഥലപരിശോധന നടത്തിയിട്ടാണെന്നും എസ്റ്റിമേറ്റ് പ്രകാരമുള്ള അളവുകളിൽ പ്രവൃത്തി പൂർത്തീകരിച്ചു എന്നും ഓവർസിയറും എഞ്ചിനീയറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റിലും 5 ഇരട്ടിയിലധികം അളവിൽ പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 27/21-22 തീയതി 28.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് 89933 രൂപ 2.2.20 മുതൽ 18.3.20 വരെ പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ച എഞ്ചിനീയറിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-3 കോടിയാട്ട് ഹരിജൻ കോളനി റോഡ് റിഫോർമേഷൻ ആന്റ് പാച്ച് വർക്ക്- പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി - 187/21-22(46/19-20,170/20-21

ചെലവ് തുക - 572620 (വികസന ഫണ്ട് ജനറൽ)

ബിൽ നമ്പർ തിയ്യതി - 76/28.10.21

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) ഫണ്ട് വകമാറ്റി ചെലവഴിച്ചു

ചീക്കോട് കുടിവെള്ള പദ്ധതിയ്ക്കായി പൊളിച്ച റോഡ് റീഫോം ചെയ്യുന്നതിനായി ജല അതോറിറ്റിയിൽ നിന്ന് റെസ്റ്റൊറേഷൻ ചാർജ് ലഭ്യമാക്കിയാണ് പ്രവൃത്തി നടത്തേണ്ടത്. ഇവിടെ 19-20 ൽ പദ്ധതി രൂപീകരിച്ചത് മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ട് വകയിരുത്തിക്കൊണ്ടാണ്. എന്നാൽ 21-22 വർഷത്തിൽ പദ്ധതിയ്ക്ക് തുക ചെലവഴിച്ചിട്ടുള്ളത് വികസന ഫണ്ട് ജനറൽ വിനിയോഗിച്ചു കൊണ്ടാണ്.

2)അധിക തുക അനുവദിച്ചു

പ്രവൃത്തി ഇനം 4(4-11-2 )സബ് ഗ്രേഡ് നിർമ്മിക്കുന്നതിനുള്ളതാണ്. എം ബുക്ക് 8/19-20 പേജ് 3പ്രകാരം ചെയ്ത പ്രവൃത്തി 51.8 എം3 ആണ്. എന്നാൽ ബിൽതുക അനുവദിച്ചപ്പോൾ എം ബുക്ക് പേജ് 14 ലേക്ക് ക്യാരി ഓവർ ചെയ്തത് 58.89 എം3 ആണ്. 7.09 എം3 ( 58.89- 51.8) പ്രവൃത്തിയ്ക്ക് അധിക തുക ചെലവഴിച്ചിട്ടുണ്ട്. (7.09x1938.11 = 13741രൂപ)

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 25/21-22 തീയതി 28.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്. പദ്ധതിയിൽ ബിൽ തയ്യാറാക്കി നൽകുന്നതിൽ തെറ്റു വരുത്തിയതുമൂലം നഷ്ടം വന്ന 13741 രൂപ ഉത്തരവാദിയിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | ബിൽ സാങ്ഷൻ നം | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| KSEB | റോഡുകളിൽ വാഹന ഗതാഗത തടസ്സം വരുത്തുന്ന പോസ്റ്ററുകൾ മാറ്റി സ്ഥാപിക്കൽ | 127/1.1.22 | 100973 | 100973 | യു സി ലഭിച്ചു |
| | | 156/19.1.22 | 27607 | 27607 | യു സി ലഭിച്ചിട്ടില്ല |
| | | 194/7.2.22 | 168925s | 168925s | യു സി ലഭിച്ചിട്ടില്ല |
| | | 222/16.2.22 | 15974 | 15974 | യു സി ലഭിച്ചിട്ടില്ല |
| മൈനർ ഇറിഗേഷൻ | 262/22 ചെത്തു പാലം കനാൽ തോട് കെട്ടി സംരക്ഷണം | 317/20.3.22 | 4925000 | 4925000 | യു സി ലഭിച്ചിട്ടില്ല |
| കേരള ജല അതോറിറ്റി | 105/22 അങ്കണവാടികൾക്ക് കുടിവെള്ളം | 378/27.3.22 | 310000 | 310000 | യു സി ലഭിച്ചിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | - | - | 14280000 | 3240000 | | 11040000 |

(HUDCO)

ലോൺ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ രജിസ്റ്റർ പ്രകാരം 3240000/- രൂപ ഡവലപ്മെന്റ് ഫണ്ട് അലോട്ട്മെന്റിൽ നിന്നും സ്രോതസ്സിൽ കുറവ് വരുത്തിയിട്ടുണ്ട്. എന്നാൽ ഐ.കെ.എം സ്റ്റേറ്റ്മെന്റിൽ ജില്ലാ പ്രോജക്ട് പ്രകാരം 2160600/- രൂപ മാത്രമേ സെക്രട്ടറിയുടെ പ്രോജക്ട് പ്രകാരം ലോണടവാക്കി കാണിച്ചിട്ടുള്ളൂ.

4-6 സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6680220 |
| തൻവർഷം നിക്ഷേപിച്ച തുക | 495010 |
| ആകെ | 7175230 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7175230 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | സർട്ടിഫിക്കറ്റ് നമ്പർ | തുക |
|---|---|---|---|
| 1. | രാമനാട്ടുകര സർവ്വീസ് സഹകരണ ബാങ്ക് | 3010092150 | 1987675 |
| 2. | രാമനാട്ടുകര സർവ്വീസ് സഹകരണ ബാങ്ക് | 0201038207 | 1953607 |
| 3. | ഫറോക്ക് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്, ഫറോക്ക് | 01120010024366 | 1205738 |

| | | | |
|---|---|---|---|
| 4. | രാമനാട്ടുകര റൂറൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | 644 | 771527 |
| 5. | കെ.ഡി.സി.ബാങ്ക് കോഴിക്കോട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് | 100201807520168 | 370749 |
| 6. | കെ.ഡി.സി.ബാങ്ക് കോഴിക്കോട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് | 100201807520051 | 6992 |
| 7 | കെ.ഡി.സി.ബാങ്ക് കോഴിക്കോട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് | 100201807520045 | 868673 |
| 8 | കെ.ഡി.സി.ബാങ്ക് കോഴിക്കോട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് | 100201807520067 | 5164 |
| 9 | കെ.ഡി.സി.ബാങ്ക് കോഴിക്കോട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് | 100201807520068 | 5105 |
| | ആകെ | | 7175230 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ (30-10-2015 വരെ) മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | നിലവിലെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | സ്ഥിതി |
|---|---|---|---|---|---|
| 2000-01 | 2-11 | 2004-05 | പൊതു പരാമർശങ്ങൾ 11.1.3.14<br>116 | നികുതി പിരിവിൽ അലംഭാവം | പരാമർശം തുടരുന്നു. |
| 2002-03 | 3-4 | 2006-07 | 3.79.15(7) (112) | കേരളാ വികസന പദ്ധതി അപാകം | പരാമർശം തുടരുന്നു. |
| 2002-03 | 3-7 | 2006-07 | 3.79.12(3) (109) | കാർഷിക മേഖലയിലെ യന്ത്രവൽക്കരണം | പരാമർശം തുടരുന്നു. |
| 2002-03 | 3-17 | 2006-07 | 3.79.10(6) 108 | കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ്ജ് | പരാമർശം തുടരുന്നു. |
| 2003-04 | 3-18 | 2006-07 | 3.79.7(3) (105) | സി.എഫ്.എൽ ലാമ്പുകളുടെ അറ്റകുറ്റപ്പണി അപാകം | പരാമർശം തുടരുന്നു. |
| 2002-03 | 3-24 | 2006-07 | 3.79.6(13) (105) | റോയൽറ്റി ആർ.എം.എഫ് അടവാക്കിയ തിലെ അപാകം | പരാമർശം തുടരുന്നു. |
| 2001-02 | 1(എ,ബി,സി) | 2005-06 | 11(11) | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, വാർഷിക കണക്കുകൾ എസ്റ്റാബ്ലിഷ് മെന്റ് ചെലവ് | പരാമർശം തുടരുന്നു. |
| 2001-02 | 3-16(ബി) | | 4(6) | വീട്ടു നിർമ്മാണം | |
| 2014-16 | 2-3 | 2016-17 | അനുബന്ധം: 4/115 | തൊഴിൽനികുതി അപാകങ്ങൾ | പരാമർശം തുടരുന്നു. |
| 2016-17 | 2-3 | 2017-18 | 1-11-2-P 101-103 | വസ്തുനികുതി അപാകങ്ങൾ | പരാമർശം തുടരുന്നു. |

4-8 ഓഡിറ്റ് റിക്കവറി

ഇല്ല

4- 9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

വിവരം ലഭ്യമല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖ. നം. | ത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | വന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 36, 39, 45 | സി.രാധാകൃഷ്ണൻ സെക്രട്ടറി(റിട്ട.) | എൽ.എഫ് 4693/സ്പെ. സെൽ/എസ്. സി4/01/ 28.8.02, 6.9.02 | 12789 | തീയതി | - | - | - | - | - | - |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 148621718 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 166144908 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം /ഓഡിറ്റിൽ അംഗികരിക്കാത്ത തുക | 109792 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6955823 |

(ബി). മുനിസിപ്പാലിറ്റി ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 6118 | ദിനേഷ് കുമാർ എം, മുൻസിപ്പൽ എഞ്ചിനീയർ |
| 3-2 | - | 89933 | |
| 3-3 | - | 13741 | ഹിരൺ . ടി, മുൻസിപ്പൽ എഞ്ചിനീയർ |
| | ആകെ | 109792 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | | ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 209986 | ബിന്ദു. ടി, എസ്.സി.ഡി.ഒ |
| 1-29 | 600000 | |
| 1-30 | 36800 | ശ്രീ. സുനീർ.വി, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-32 | 313479 | ശ്രീമതി.ജെസിത.പി.ജെ , സെക്രട്ടറി |
| 1-33 | 447000 | ശ്രീമതി.ജെസിത.പി.ജെ , സെക്രട്ടറി |
| 1-35 | 113558 | ഡോക്ടർ ഹീര.എ.പി മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-43 | 5235000 | ഹിരൺ. ടി, മുൻസിപ്പൽ എഞ്ചിനീയർ |
| ആകെ | 6955823 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ദിനേഷ് കുമാർ എം, മുൻസിപ്പൽ എഞ്ചിനീയർ | വിരമിച്ചു | ഉത്രം (ഹൗസ്), ഈരേഴ വടക്ക്, ചെട്ടിക്കുളങ്ങര പി.ഒ, കണ്ണമംഗലം, ആലപ്പുഴ 690106 |
| ഹിരൺ . ടി, മുൻസിപ്പൽ എഞ്ചിനീയർ | മുൻസിപ്പൽ എഞ്ചിനീയർ, രാമനാട്ടുകര നഗരസഭ | മഹിത, ഇടക്കൽ , പുതിയങ്ങാടി, കോഴിക്കോട് |
| ബിന്ദു. ടി എസ്.സി.ഡി.ഒ | എസ്.സി.ഡി.ഒ.രാമനാട്ടുകര നഗരസഭ | ആതിര (ഹൗസ്) പടനിലം റോഡ് |

| | | |
|---|---|---|
| | | നരിക്കുനി, കോഴിക്കോട് |
| ശ്രീ. സുനീർ.വി, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | | വിനയം, തിരുവണ്ണൂർ, കോഴിക്കോട് – 29 |
| ശ്രീമതി.ജെസിത.പി.ജെ സെക്രട്ടറി | സെക്രട്ടറി, രാമനാട്ടുകര നഗരസഭ | ഗോപിക, പന്തലായിനി , കൊയിലാണ്ടി ,673305 |
| ഡോ.ഹീര.എ.പി മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ ഹോമിയോ, രാമനാട്ടുകര നഗരസഭ | മഹി. ഗോവിന്ദപുരം കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

31.10.2015 വരെയുള്ള ഗ്രാമപഞ്ചായത്ത് റിപ്പോർട്ടുകളും, 01.11.2015 മുതൽ നഗരസഭ റിപ്പോർട്ടും.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | എൽ.എഫ്.കെ.കെ.ഡി (പി2)1444/12(1) /4.11.13 | 04 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി(പി2) 1494/09(10) /4.11.13 | 01 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി (പി2)1444/12(2) /4.11.13 | 04 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി (പി2)1444/12(3) /4.11.13 | 06 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി (പി2)1444/12(4)/ 4.11.13 | 04 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി(പി2)1444/12(5)/ 4.11.13 | 07 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി(പി2)1451/08 /6.11.09 | 26 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി(പി2)1454/10/ 5.4.11 | 44 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി (പി2)1455/10 /4.3.11 | 56 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി (പി2)206/11 /3.3.11 | 39 |

| | | |
|---|---|---|
| 2009-10 | എൽ.എഫ്.കെ.കെ.ഡി (എസ്2) 470/2.4.13 | 50 |
| 2010-11 | എൽ.എഫ്.കെകെഡി (പി2)339/14 /6.5.14 | 18 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി (പി2)1638/14 /6.1.15 | 16 |
| 2012-13, 2013-14 | എൽ.എഫ്.കെ.കെ.ഡി (പി2)/329/ 15/31.03.2015 | 27 |
| 2014-15 | കെ.എസ്.എ /കെ.കെ.ഡി/ പി2/2023/15/ 28.12.2015 | 27 |
| 2015-16 (31-10-15വരെ) | കെ.എസ്.എ കെ.കെ.ഡി പി.8/117/17 / 28-1-2017 (ഗ്രാമപഞ്ചായത്ത്) | 9 |
| 2015-16 (1-11-15 മുതൽ ) | കെ.എസ്.എ കെ.കെ.ഡി പി.14/125 /16/30-1-2017 | 21 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി14/1684/2017 | 40 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി14/753/ 2019/20.5.19 | 24 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി14/299/20 തീ.23.06.20 | 31 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി9/1820/21 തി.06.05.22 | 16 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി9/1821/21 തി. 20/01/2022 | 45 |

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്